# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 1, 2014 പുസ്തകം 1 ലക്കം 3

November1, 2014 Volume1 Issue 3

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റർ
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


മുഖക്കുറിപ്പ്

# മൊഴിമാറ്റങ്ങളിലെ മലയാളം

കൊടുക്കൽ വാങ്ങലുകളിലൂടെയാണ് എല്ലാ ഭാഷകളും വളരുന്നത്. ഭാഷാവളർച്ച സംസ്കാരത്തിന്റെ രൂപകമായിത്തീർന്ന കാലമാണിത്. ലോകത്ത് നിരന്തരമായി ഭാഷകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ നാം നമ്മുടെ ഭാഷയുടെ ചൈതന്യം നിലനിർത്തുന്നതിനും വ്യാപനം സാധ്യമാക്കുന്നതിനും നിതാന്ത ജാഗ്രത പുലർത്തണം. വലിയൊരു പ്രവാസി സമൂഹം ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന നമ്മുടേതുപോലുള്ള നാടിന്റെ ഭാഷയ്ക്ക് ലോകവ്യാപകമായ അംഗീകാരം നേടാൻ കഴിയേണ്ടതാണ്. നിരന്തര പ്രയോഗത്തിലൂടെ ഭാഷയെ ആഗോളഭാഷാവ്യവഹാരത്തിൽ പങ്കാളിയാക്കാൻ നമുക്ക് കഴിയണം. നിർഭാഗ്യവശാൽ മാതൃഭാഷയോടുള്ള സമീപനം പലപ്പോഴും നിഷേധാത്മകമായിരുന്നു. ഈ പ്രവണതക്ക് ഇന്റർനെറ്റിന്റെ ഈ കാലത്ത് ക്രിയാത്മകമായ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു. ഭാഷയോടും സാഹിത്യത്തോടും നമുക്കുള്ള അടങ്ങാത്ത അഭിനിവേശം ഭാഷയെ സമ്പന്നമാക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നു ഇപ്പോൾ. പുതിയ കാലത്തിനും സാമൂഹികക്രമത്തിനും അനുയോജ്യമായ രീതിയിൽ ഭാഷയെ സജ്ജമാക്കുന്നതിൽ പ്രവാസി സമൂഹം വലിയ പങ്കുവഹിക്കുന്നു. ഇന്റർനെറ്റിന് അനുയോജ്യമായ രീതിയിൽ ഭാഷയെ പരിവർത്തിപ്പിക്കുവാൻ പ്രവാസി സമൂഹം വഹിച്ച പങ്ക് വളരെ വലുതാണ്. ഇന്ന് വളരെ വ്യാപകമായി മലയാളം ലോകമെമ്പാടുമുള്ള മലയാളികൾ വിവരവിനിമയത്തിന് സർഗാത്മകമായി ഉപയോഗിക്കുന്നുണ്ട്.

ലോകസാഹിത്യത്തിലെ പ്രധാന കൃതികളെല്ലാം തന്നെ വിവർത്തനത്തിലൂടെ നമുക്ക് പരിചയപ്പെടുവാൻ കഴിയുന്നു. വിവർത്തനത്തിലൂടെ സംഭവിക്കുന്നത് കഥയുടെ ഭാഷാമാറ്റം മാത്രമല്ല, അത് നാടിന്റെ സംസ്കാരവും ജീവിതരീതികളും വിശ്വാസങ്ങളും ആചാരങ്ങളും മനുഷ്യബന്ധങ്ങളിലെ സവിശേഷതകളുമാണ് വിവർത്തനം ചെയ്യപ്പെടുന്നത്. നിരന്തരമായി മറ്റു ഭാഷകളിലെ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുണ്ടെങ്കിലും തിരിച്ച് നമ്മുടെ കൃതികൾ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുണ്ടോ? ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസം കൊടുക്കൽ വാങ്ങലുകളിലൂടെയാണെങ്കിലും സ്വീകരിക്കുന്നതിൽ കാണിക്കുന്ന ജാഗ്രത തിരികെ നൽകുന്നതിൽ നാം കാണിക്കുന്നില്ല. ഭാഷാനയം പോലെതന്നെ ഒരു വിവർത്തന നയവും ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ ഭാഷയിലെ ദീപസ്തംഭങ്ങളായ സാഹിത്യകൃതികൾ മറ്റു ഭാഷാസംസ്കൃതികളിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോഴാണ് ഭാഷയെന്ന നിലയിലും സംസ്കാരമെന്ന നിലയിലും നാം കൂടുതൽ അംഗീകരിക്കപ്പെടുന്നത്. സജീവമായ വിവർത്തന സംവിധാനം ഭാഷാപരിപോഷണത്തിന് അനിവാര്യമാണ്. മറ്റു ഭാഷകളിൽനിന്ന് വാക്കുകൾ, പ്രയോഗങ്ങൾ എന്നിവ കടമെടുക്കുന്നതുപോലെ നമ്മുടെ സമ്പന്നമായ ഭാഷാപ്രയോഗങ്ങൾ ലോകത്തിന് പരിചയപ്പെടുത്താൻ നമുക്കാവണം. അപ്പോൾ മാത്രമെ ഒരു ഭാഷയെന്ന നിലയിൽ ചലനാത്മകമായി മുന്നോട്ടു വളരാൻ കഴിയൂ. മലയാളഭാഷയെയും സംസ്കാരത്തെയും ഊർജസ്വലമാക്കുന്നതിൽ വിവർത്തനങ്ങൾ വഹിച്ച പങ്കും അതിന്റെ ചരിത്രപഥങ്ങളും അന്വേഷിക്കുകയാണ് ഈ ലക്കത്തിൽ ■

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# സമകാലിക ജനപഥം

നവംബർ 1, 2014








41
**സർഗാത്മകഗദ്യത്തിന്റെ പിതാവ്**
ഡോ. കെ.എസ്. രവികുമാർ

44 ജാലകം

46 ജില്ലകളിലൂടെ

52 പദപാഠം

54 കാലത്തിനൊപ്പം



**മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രപാതയിൽ മൊഴിമാറ്റങ്ങൾ അല്ലെങ്കിൽ പരിഭാഷകൾ ചെലുത്തിയ സ്വാധീനം ഏറെ വലുതാണ്. മലയാളിക്ക് ലോകസാഹിത്യത്തിലേക്കും സംസ്കാരത്തിലേക്കുമുള്ള ജാലകങ്ങൾ തുറന്ന മൊഴിമാറ്റങ്ങളുടെ ബഹുതലങ്ങളിലൂടെ ഒരു സഞ്ചാരം.**


6
**പരിഭാഷയും ഇന്ത്യൻ സാഹിത്യമെന്ന സങ്കൽപ്പവും**
കെ. സച്ചിദാനന്ദൻ

15
**മലയാളഭാവനയിലെ വിവർത്തന രേഖകൾ**
പി.എസ്. രാധാകൃഷ്ണൻ

20
**വിവർത്തന സാക്ഷരത മലയാളത്തിൽ**
എം. ശ്രീനാഥൻ

25
**വിവർത്തനവും സാങ്കേതിക പദാവലിയും**
ഡോ. വിളക്കുടി രാജേന്ദ്രൻ

30
**സംസ്കാരത്തിന്റെ ആവാഹനക്രിയ**
രാധിക സി. നായർ

32
**അറബ് പരിഭാഷകൾ മതവിജ്ഞാനത്തിനപ്പുറം**
ഷമീർ കെ.എസ്.

38
**ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ**
രാജേഷ് കെ. എരുമേലി


മുഖചിത്രം :
കെ.പി. വിൽഫ്രഡിന്റെ ഡ്രായിങ്
'എ റൂം വിത്ത് എ വ്യൂ' സീരിസിൽ നിന്ന്


28
**ഫോട്ടോ ഫീച്ചർ**




കെ. സച്ചിദാനന്ദൻ

# പരിഭാഷയും ഇന്ത്യൻ സാഹിത്യമെന്ന സങ്കല്പവും



ഇന്ത്യൻ സാഹിത്യമെന്ന സങ്കല്പത്തിന്റെ രൂപീകരണത്തിൽ വിവർത്തനത്തിന്റെ പങ്ക് അന്വേഷിക്കുന്നു. നേരിട്ടും സ്വതന്ത്രവുമായ വിവർത്തനങ്ങളുടെമേലാണ് മലയാളത്തിലേതുൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിൽ സാഹിത്യം പടുത്തുയർത്തപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു

ഇന്ത്യൻ സാഹിത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ എനിക്കോർമ വരിക എ.കെ.രാമാനുജൻ പുനരാഖ്യാനം ചെയ്ത ഒരു കഥയാണ്: ഒരു ദ്വാരത്തിലൂടെ വീണുപോയ രാമന്റെ മോതിരം തേടി ഹനുമാൻ പാതാളത്തിലെത്തുന്നു. യുഗങ്ങളായി ഒരു പാട് രാമൻമാർ ഉണ്ടെന്നും ഒരവതാരത്തിന്റെ അന്ത്യമടുക്കുമ്പോൾ രാമന്റെ മോതിരം താഴേക്ക് വീഴാറുണ്ടെന്നും പാതാളത്തിലെ ആത്മാക്കളുടെ രാജാവ് ഹനുമാനോട് പറയുന്നു. രാമന്റെ ആയിരക്കണക്കിന് മോതിരങ്ങൾ നിരത്തിവെച്ച ഒരു തളിക തന്നെ കാട്ടി തന്റെ രാമന്റെ മോതിരം തിരഞ്ഞെടുക്കാൻ രാജാവ് പറയുന്നു. മക്കളായ ലവനെയും കുശനെയും കിരീടം ധരിപ്പിച്ച ശേഷം തന്റെ രാമനും സരയൂ നദിയിലേക്ക് പ്രവേശിച്ച് കഴിഞ്ഞെന്നും ഭൂമിയിലെ ഈ ഭക്തനോട് രാജാവ് പറയുന്നു. ധാരാളം രാമൻമാർ എന്നതിന്റെ അർഥം, അനേകം രാമായണങ്ങളുണ്ടെന്നാണ്; വാമൊഴിയും വരമൊഴിയും വരയും കൊത്തും ആട്ടവുമായി നൂറുക്കണക്കിന് രാമായണങ്ങൾ നമുക്കുണ്ട്. സുപ്രധാനമായ ഒരിന്ത്യൻ കൃതിയുടെ കാര്യമാണ് ഇതെങ്കിൽ അനേകം ഭാഷകളിൽ പാരായണം ചെയ്യപ്പെടുന്ന, ആഖ്യാനപ്പെട്ട, എഴുതപ്പെട്ട ഇന്ത്യൻ സാഹിത്യസാകല്യത്തിന്റെ വൈവിധ്യത്തെക്കുറിച്ച് ഒരാൾ ഊഹിച്ചുനോക്കുകയേ വേണ്ടൂ. ആ സ്ഥിതിക്ക്, ഇന്ത്യൻ സാഹിത്യത്തെക്കുറിച്ചുള്ള ഏതൊരു ചർച്ചയിലും ഇന്ത്യൻ സാഹിത്യത്തെ ഏകവചനത്തിലാണോ ബഹുവചനത്തിലാണോ പറയേണ്ടത് എന്നത് അടിസ്ഥാനപരമായ ചോദ്യങ്ങളിലൊന്നായതിൽ ഒരത്ഭുതവുമില്ല. 184 മാതൃഭാഷകളും (1991 ലെ സെൻസസ് പ്രകാരം; ജോർജ് ഗ്രിയേഴ്സണിന്റെ ലിങ്ഗ്വിസ്റ്റിക് സർവേ ഓഫ് ഇന്ത്യ പ്രകാരം 179. 544 പ്രാദേശികരൂപങ്ങൾ ഉണ്ടതിന്; 1961ലെ കണക്കുപ്രകാരം 1,652) ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിലെ 22 എണ്ണവും മുഖ്യമായ 14 എണ്ണവുമുൾപ്പെടെ 25 ആലേഖന സമ്പ്രദായങ്ങളും ആയിരം വർഷമെങ്കിലും പഴക്കമുള്ള അനേകം വാമൊഴി, വരമൊഴി സാഹിത്യപാരമ്പര്യങ്ങളും ഉൾപ്പെടെയുള്ള ഇന്ത്യൻ സാഹിത്യഭൂമികയെ തുലനം ചെയ്യാൻ അതിന്റെ ഭാഷാഭൂപടത്തിന്റെ സങ്കീർണത കൊണ്ടേ ആവൂ. ഒരു പക്ഷെ, വെല്ലുവിളിയുയർത്തുന്ന ഈ സങ്കീർണതയായിരിക്കാം, നിഹാർ രഞ്ജൻ റേയെപ്പോലുള്ള ബുദ്ധിമാനായ ഒരു വിമർശകനെ, 'ഇന്ത്യൻ' എന്ന് വിളിക്കാവുന്ന ഒരു ഭാഷ ഇല്ലാത്തതിനാൽ ഇന്ത്യൻ സാഹിത്യം എന്നൊന്ന് സാധ്യമല്ലെന്ന തീർപ്പിലെത്താൻ പ്രേരിപ്പിച്ചിട്ടുണ്ടാവുക. സുജിത് മുഖർജി ബംഗാളിയിൽ നിന്ന് വിവർത്തനം ചെയ്ത അദ്ദേഹത്തിന്റെ ടുവേഴ്സ് എ ലിറ്ററി ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന പുസ്തകത്തിൽ നിന്ന് ഉദ്ധരിക്കട്ടെ: 'സാഹിത്യം എന്നത് പരമമായി ഭാഷയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു സാംസ്കാരികപ്രതിഭാസമായതിനാൽ തന്നെ ഭാഷ എന്നുള്ളത് അതിന്റെ പ്രാദേശികഭൂമികയാലും ആ പ്രാദേശികഭൂമികയിൽ കാലങ്ങളായി പ്രവർത്തിക്കുന്ന സാമൂഹികചരിത്ര ഘടകങ്ങളാലും സ്വാധീനിക്കപ്പെട്ടതാണ്. അങ്ങനെയാണെങ്കിൽ ഏതൊരു ഭാഷയ്ക്കും അതിന്റേതായ രൂപവും ശൈലിയും ബിംബങ്ങളും ചിഹ്നങ്ങളും സൂക്ഷ്മവൈവിധ്യങ്ങളും ബന്ധങ്ങളുമുണ്ടെന്ന് ഒരാൾക്ക് ന്യായമായും വാദിക്കാം.'

## സാഹിത്യചരിത്രവും ഭാഷാതിർത്തികളുടെ ഭേദനവും

ഇന്ത്യയെ മൊത്തത്തിലെടുത്തുള്ള സാംസ്കാരികമായ ഏകത്വത്തിനായി വാദിക്കുന്ന മൂല്യങ്ങളെയാണ് 'ഇന്ത്യൻ' എന്നുള്ളത് അർഥമാക്കുന്നതെന്ന് പലപ്പോഴും ശരിയാണ്. ഇന്ത്യൻ ഭാഷകളിലെ സാഹിത്യത്തെക്കുറിച്ച് എഴുതാൻ ഇംഗ്ലീഷിനെ ഉപയോഗിക്കുന്നത് അത്തരത്തിലൊരു കാഴ്ചപ്പാടിനെ ഊട്ടിയുറപ്പിക്കുന്നതായി തോന്നുന്നു. ഇ.വി. രാമകൃഷ്ണൻ തന്റെ Making It New: Modernism in Malayalam, Marathi and Hindi Poetry (IIAS,



**ഇറ്റാലിയൻ നവോത്ഥാനകാല ചിത്രകാരനായ കരവാജിയോയുടെ പെയിന്റിങ്. ബൈബിൾ പരിഭാഷപ്പെടുത്തുന്ന സെന്റ് ജെറോമാണ് ചിത്രത്തിൽ**

Shimla) എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നതു പോലെ, ചരിത്രത്തിലെ ബൃഹദാഖ്യാനങ്ങളുടെ ചട്ടക്കൂടിന് സാഹിത്യത്തിലെ നവതരംഗം ഇണക്കപ്പെടുന്നതും വിശുദ്ധമാക്കപ്പെടുന്നതും വരെ, അതിനെ ഉൾക്കൊള്ളാനാവില്ല. ചരിത്രത്തിന്റെ നിരപ്പാക്കൽ ഫലവും വിശുദ്ധമാക്കലിൽ ഉള്ളടങ്ങിയിരിക്കുന്ന ഇണക്കപ്പെടലും കൃതിയെയും കർത്താവിനെയും നമ്മുടെ വർത്തമാനത്തിന് അവരുടെ പ്രസക്തിയെക്കുറിച്ച് ഒരു സൂചനയും അവശേഷിപ്പിക്കാതെ ആത്യന്തികമായി ഫോസിലൈസ് ചെയ്യുന്നു. കോളനിയാനന്തര പദസഞ്ചികയിൽ പെടുന്ന സ്വത്വവും വിടവും, കേന്ദ്രത്വവും ബഹുസ്വരതയും പോലുള്ള വാക്കുകളാൽ ദേശീയവും പ്രാദേശികവും തമ്മിലുള്ള അകലം പോലും പ്രശ്നവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുയാണെന്നും നാം തിരിച്ചറിയണം.

താരതമ്യസാഹിത്യപണ്ഡിതരായ കെ.എം.ജോർജ്ജുംശിശിർ കുമാർ ദാസും യഥാക്രമം കംപാരേറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ, ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ എന്നീ കൃതികളിലൂടെ ഇന്ത്യൻ സാഹിത്യത്തെക്കുറിച്ചുള്ള സമഗ്രചരിത്രത്തിനായി പരിശ്രമിച്ചവരാണ്. രാവണൻകോട്ട പോലെ സങ്കീർണമായ ഒരു നാഗരികഭൂമികയിലെ മേളന ബിന്ദുക്കളെയും സമാന്തരങ്ങളെയും അടയാളപ്പെടുത്താനാണ് ശിശിർ കുമാർ ദാസ് പരിശ്രമിക്കുന്നത്. ഇന്ത്യൻ സാഹിത്യത്തിന്റെ ചരിത്രത്തെ 'ഇന്ത്യൻ ജനതയുടെ മൊത്തത്തിലുള്ള സാഹിത്യപ്രവർത്തനമായി, ചെറുതും വലുതുമായ എല്ലാ സാഹിത്യപാരമ്പര്യങ്ങളുടെയും ഒരു കണക്കെടുപ്പായി, അവയുടെ പ്രത്യാഘാതങ്ങളും പരിവർത്തനങ്ങളുമായി, അവയുടെ മാന്ദ്യവും പുനരുജ്ജീവനവും കോയ്മയും പതനവുമായയാണ്' അദ്ദേഹം നോക്കിക്കാണുന്നത്. ഒരിന്ത്യൻ ഭാഷയിൽ ഉത്പാദിപ്പിക്കപ്പെട്ട ഒരു സാഹിത്യപാഠം ഒരു നിശ്ചിത ആവശ്യകതയ്ക്കുള്ള മറുപടിയാണ്. അല്ലെങ്കിൽ ആ നിശ്ചിതഭാഷാ സമൂഹത്തിന്റെ പശ്ചാത്തലത്തിൽ നിന്നുള്ള ചരിത്രപരമായ ഒരു ദൗത്യമാണ് അത് നിർവഹിക്കുന്നത്; അതിന്റെ അർഥം ആത്യന്തികമായി അതിന്റെ ആ നിശ്ചിതത്വത്തിലാണുള്ളത്. ഇന്ത്യൻ ഭാഷയിലുള്ള ഒരു പാഠത്തെ ദേശീയ സാഹിത്യചരിത്രത്തിന്റെ മണ്ഡലത്തിലേക്ക് ചുരുക്കുമ്പോൾ പാഠത്തിന് അതിന്റെ പാശ്ചാത്തലവുമായുള്ള ഈ ബന്ധം അവ്യക്തമാക്കപ്പെടുകയോ വളച്ചൊടിക്കപ്പെടുകയോ ചെയ്യുന്നു. ഒരു കവിയോ കഥയെഴുത്തുകാരനോ സാഹിത്യശൈലിയെ തീവ്രമാക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കണമെങ്കിൽ ആ സാഹിത്യത്തിന്റെ നിശ്ചിതമായ ചരിത്രത്തെയും അത് ഉരുവം കൊള്ളുന്ന സാഹിതീയസംഘാതത്തിന്റെ സാമൂഹികപശ്ചാത്തലത്തെയും കുറിച്ച് പിടിപാടുണ്ടായിരിക്കണം. മിക്കവാറും ഇന്ത്യൻ ഭാഷകളിലുള്ള വിവിധയിനം ചായ്‌വുകൾ സംബന്ധിച്ച് പരസ്പരമൊഴുകുന്നത് സംബന്ധിച്ചുള്ള ചോദ്യങ്ങളും ഇവിടെയുയരുന്നു. ഉദാഹരണത്തിന് മലയാളത്തിൽ, പഴയ ശൈലി പിന്തുടരുന്ന കാൽപനികകവികൾ, ഉത്തരാധുനികരെന്ന് സ്വയം വിലയിരുത്തുകയും അവാന്ത് ഗാർദ് ശൈലിയിൽ പരീക്ഷണം നടത്തുകയും ചെയ്യുന്നവരുമായി മത്സരിക്കുന്നുണ്ട്. മിഖായേൽ ബക്തിൻ പറയുന്നത് പോലെ ഭാഷയിൽ ഉൾച്ചേർന്നിരിക്കുന്ന പ്രത്യയശാസ്ത്ര മൂലകങ്ങളെക്കൂടി കണക്കിലെടുക്കുമ്പോൾ ഇതൊന്നുകൂടി സങ്കീർണമാവുന്നു. ചുരുക്ക

ത്തിൽ ഭാഷാശാസ്ത്രപരവും പ്രത്യയശാസ്ത്രപരവും സംജ്ഞാശാസ്ത്രപരവുമായ പ്രശ്നങ്ങളുണ്ട്.

എങ്കിൽപോലും, ഭാഷാടിസ്ഥാനത്തിൽ മാത്രം സാഹിത്യത്തെ വിഭജിക്കുക നമുക്ക് അസാധ്യമാക്കുന്ന വിധം ഭാഷാതിർത്തികളുടെ ഭേദനം ഇന്ത്യൻ സാഹിത്യത്തിൽ പരക്കെ സംഭവിക്കുന്നുണ്ട്. പ്രഗത്ഭനായ മാർക്സിസ്റ്റ് സൈദ്ധാന്തികൻ ഐജാസ് അഹമ്മദിന്റെ വാക്കുകളിൽ ഭാഷാബഹുസ്വരതയും ബഹുഭാഷത്വവും ഇന്ത്യൻ സർഗാത്മകതയുടെ തനതായ സ്വഭാവമാണ്. പഞ്ചാബിയിലും ഹിന്ദിയുടെ വൈവിധ്യങ്ങളിലും എഴുതിയ കബീറും നാംദേവും പോലുള്ളവരും, ഗുജറാത്തിയും ബ്രജും രാജസ്ഥാനിയും സ്വന്തമെന്ന് അവകാശപ്പെടുന്ന മീരാബായിയും, പേർഷ്യനിൽ നിന്ന് കൈഫിയിലേക്കും ലാഹൂദിയിലേക്കും അനായാസം മാറിമാറിയെഴുതിയ ഗുരു നാനാക്കും, സംസ്കൃതത്തിനും മൈഥിലിക്കും അവാഹട്ടയ്ക്കും ഒരേ പോലെ അവകാശപ്പെട്ട വിദ്യാപതിയും പോലുള്ള ഇന്ത്യൻ എഴുത്തുകാർ കഴിഞ്ഞ കാലത്ത് നമുക്കുണ്ടായിട്ടുണ്ട്. ഒരു പക്ഷെ ഹിന്ദുസ്ഥാനി എന്ന് വിളിക്കാവുന്ന ഉർദു-ഹിന്ദി സംയുക്തപാരമ്പര്യത്തിന്റെ ഭാഗമായ പ്രേംചന്ദ്, ഉർദുവിലും ഗുജറാത്തി പോലുള്ള മാതൃഭാഷകളിലും എഴുതുന്ന മുഹമ്മദ് അൽവിയും ജയന്ത് പാർമറും പോലുള്ള നിരവധി എഴുത്തുകാർ ആധുനികകാലത്തും നമുക്കുണ്ട്. ഇംഗ്ലീഷിലും അതുപോലെ മാതൃഭാഷയിലും എഴുതിയ അനേകം ദ്വിഭാഷാ എഴുത്തുകാരെക്കുറിച്ച് നാം പ്രത്യേകിച്ച് പറയുന്നില്ല: എ.കെ.രാമാനുജൻ (കന്നഡ), ജയന്ത മഹാപാത്ര (ഒറിയ), ആർ. പാർഥസാരഥി (തമിൾ), അരുൺ കോലാട്കർ, ദിലീപ് ചിത്രെ, കിരൺ നഗർക്കർ (മറാത്തി) കമലാദാസ് (മലയാളം) എന്നിവരാണ് പരക്കെ അറിയപ്പെടുന്ന ഉദാഹരണങ്ങൾ.

മഹാകാവ്യം, ദോഹ, പ്രബന്ധം, പ്രഹസനം, നാടകം, വീരഗാഥ, ഗീതിക, വിലാപകാവ്യം, ഭാവഗാനം, ആഖ്യാനകവിത, ചെറുകഥ, നോവൽ തുടങ്ങിയ രൂപങ്ങളും ഗാനങ്ങളും മിക്കവാറും ഇന്ത്യൻ ഭാഷകൾ പങ്കുവെക്കുന്നു. നാലാമതായി പൗരസ്ത്യവും പാശ്ചാത്യവുമായ കാവ്യശാസ്ത്ര സങ്കൽപങ്ങൾ, രസം, ധ്വനി, അലങ്കാരം, അനുമാനം, വക്രോക്തി, ഭാവം, വിഭാവം, തുടങ്ങി മിമെസിസ്, കത്താർസിസ്, മെറ്റഫർ, മെറ്റോണിമി, സജൻ, മിത്ത്, ആർക്കിടൈപ്പ് എന്നിവയിലൂടെ വന്ന് കുറേക്കൂടി സമാകാലികമായ ഘടനാവാദം, മനോവിശ്ലേഷണം, അപനിർമാണം പോലുള്ള സംജ്ഞകളും ആശയങ്ങളും രീതികളും പങ്കുവെക്കുന്നു. അഞ്ചാമതായി പുറമേ, ഭക്തി, സ്വരാജ്, പുരോഗമനസാഹിത്യം, ആധുനികത, പിന്നീടുള്ള തരംഗങ്ങളായ ഉത്തരാധുനികത, ദേശീയവാദം, സ്ത്രീവാദം, പരിസ്ഥിതിവാദം, ദളിത്, ഗോത്രവാദം പോലുള്ള സാഹിതീയ സ്വാധീനങ്ങളും അതുപോലെ തരംഗങ്ങളും പ്രസ്ഥാനങ്ങളും പങ്കുവെക്കുന്നു. ചിന്തയിലെയും വികാരങ്ങളിലെയും പരിഗണനാവിഷയങ്ങളിലെയും അവയുടെ ആവിഷ്കാരരീതികളിലെയും പൊതു പാറ്റേണുകൾക്ക് പുറമെയാണിത്. സാഹിത്യഅക്കാദമിയാൽ ജനകീയമാക്കപ്പെട്ട, 'വിവിധഭാഷകളിൽ എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ഇന്ത്യൻ സാഹിത്യം എന്നുള്ളത് ഒന്നാണ് 'എന്ന എസ്. രാധാകൃഷ്ണന്റെ പ്രസിദ്ധമായ ഒരു പ്രസ്താവത്തെ പ്രചോദിപ്പിച്ചിട്ടുണ്ടായിരിക്കുക ഇതാണ്. ഈ രീതിയുടെ ഒരു പ്രശ്നം ലളിതവൽക്കരണമാണ്; മുഴുവൻ ഇന്ത്യയുടെ സാഹിത്യങ്ങളെയും അത് മാനകീകരിക്കാൻ ശ്രമിക്കുകയും, ഗോത്രവർഗക്കാരുടെ വാമൊഴിസാഹിത്യങ്ങളെയും വടക്കുകിഴക്കൻ സാഹിത്യങ്ങളെയും, ചരിത്രം മറ്റ് ദിശകളിൽ സഞ്ചരിക്കുകയും പാശ്ചാത്യസ്വാധീനത്തിന്റെ പ്രഭാവം ഒട്ടുമില്ലാതിരിക്കുകയും ചെയ്ത ഭാഷകളെയും നാട്ടുരൂപങ്ങളെയും അന്യവത്കരിക്കുകയും ചെയ്യുന്നു.

## നാനാത്വവും ഏകത്വവും ഇന്ത്യൻ സാഹിത്യത്തിൽ

ഈ സന്ദിഗ്ധാവസ്ഥയെ ഏറ്റവും നന്നായി അവതരിപ്പിച്ചത് ഒരിക്കൽ യു.ആർ. അനന്തമൂർത്തിയാണ്: 'ഇന്ത്യൻ സാഹിത്യത്തിലെ നാനാത്വത്തിലേക്ക് നോക്കുമ്പോൾ നിങ്ങൾ കണ്ടെത്തുക ഏകത്വമായിരിക്കും; ഏകത്വത്തിലേക്ക് നോക്കുമ്പോൾ നാനാത്വം കണ്ട് നിങ്ങൾ അമ്പരക്കുകയും ചെയ്യും. 'നിഹാർ രഞ്ജൻ റേ അല്ലെങ്കിൽ എസ്. രാധാകൃഷ്ണൻ എന്നിവർ എടുത്ത നിലപാടുകളേക്കാൾ സത്യത്തോട് ഏറെ അടുത്ത ഒരു വൈരുധ്യാത്മക പ്രസ്താവമാണിത്; കാരണം, പാൻ ഇന്ത്യൻ തരംഗങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടായിരിക്കെ തന്നെയും പ്രാദേശികമായവയും ഉണ്ടായിരുന്നു. പാൻ ഇന്ത്യൻ പ്രസ്ഥാനങ്ങളായ ഭക്തി പോലും ആവിഷ്കരിക്കപ്പെട്ടത്, വ്യത്യസ്തമായ ഇന്ത്യൻ ഭാഷകളിലെ വ്യത്യസ്തമായ ഇന്ത്യൻ രൂപങ്ങളിലാണ്. എല്ലാ പ്രസ്ഥാനങ്ങളും എല്ലാ സാഹിത്യങ്ങളെയും ഒരേ പോലെ സ്വാധീനിച്ചുവെന്നും, ഭാഷയ്ക്ക് പുറത്തുള്ള ഇന്ത്യനും വിദേശിയുമായ സ്വാധീനങ്ങൾക്ക് ഭാഷാതീതമായി സമാനമായ സ്വാധീനമാണുണ്ടായിരുന്നതെന്ന് പറയുന്നതും ശരിയല്ല. ചില ഭാഷകൾക്ക് സവിശേഷമായ ചില നിശ്ചിതരൂപങ്ങൾ കൂടിയുണ്ടായിരുന്നു; ഉദാഹരണത്തിന്: മലയാളത്തിലെ തുള്ളൽ കവിതകൾ, കഥകളിപ്പദം, കാർട്ടൂൺ കവിതകൾ, പട്ടാളക്കഥകൾ; കബീർ ഉപയോഗപ്പെടുത്തിയ പൗരാണിക ബ്രജ ഭാഷയിലെ ബിജക് അല്ലെങ്കിൽ രമയിനി; തമിഴിലെ താരാട്ടുപാട്ടുകളായ പിള്ളൈപ്പാടൽ, മറ്റൊരിനം പാട്ടുകളായ ചിന്ത്, ഈണത്തിലുള്ള കഥപറച്ചിലായ അകവൽ, സാരോപദേശ കഥകൾക്കായുള്ള വെമ്പ, പ്രണയകവിതകൾക്കും സംഘഗാനങ്ങൾക്കുമായുള്ള കലിപ്പ, ഈരടികൾക്കായുള്ള കണ്ണി, വിശദീകരണസാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന വഞ്ചിപ്പ, നർത്തകികളുടെ കുമ്മി ; മറാത്തിയിലെ അഭാംഗ്; കന്നഡയിലെ വചന; കശ്മീരിയിലെ വഖ്; ഉറുദുവിലെ റുബയ്, മസ്നവി, ഖവ്വാലി, മനാഖിബ്, നാമ, ഖസീദ എന്നിവ. കാവ്യശാസ്ത്രസങ്കൽപ്പങ്ങളുടെ കാര്യത്തിലും ഇത് ശരിയാണ്; സംസ്കൃതകാവ്യശാസ്ത്രം എല്ലാ ഭാഷകളിലേക്കും കിനിഞ്ഞിറങ്ങിയിട്ടില്ല.

ഉദാഹരണത്തിന്, തമിഴിന് സ്വന്തമായി ഭാവത്തിനും പശ്ചാത്തലത്തിനുമനുസരിച്ചുള്ള തിണൈ അല്ലെങ്കിൽ ഭൂപ്രദേശം പോലുള്ള സങ്കൽപ്പങ്ങളുണ്ട്. അവയ്ക്കോരോന്നിനും മുതൽ, ഉറി എന്നിവയും. കുറിഞ്ചി: മുതൽ, പർവതപ്രദേശം, ഉറി പുണർതൽ അല്ലെങ്കിൽ വിവാഹപൂർവപ്രണയം; മരുതം: മുതൽ, പീഠപ്രദേശം, ഉറി, ഊടൽ അല്ലെങ്കിൽ വിവാഹബാഹ്യബന്ധത്തെക്കുറിച്ചുള്ള ആവലാതി പറച്ചിൽ; നെയ്തൽ: മുതൽ കടൽത്തീരം, ഉറി, ഇരങ്കൽ അല്ലെങ്കിൽ വിരഹവേളയിലെ ഉത്കണ്ഠ; മുല്ലൈ: മുതൽവനം അല്ലെങ്കിൽ പുൽമേട്, ഉറി, ഇരുട്ടൽ അല്ലെങ്കിൽ ക്ഷമാപൂർവമുള്ള കാത്തിരിപ്പ്; പാലൈ: മുതൽ, മരുപ്രദേശം, ഉറി, പിരിതൽ അല്ലെങ്കിൽ വേർപാട്. രസങ്ങളുമായി താരതമ്യപ്പെടുത്താവുന്ന മെയ്പാടുകളെക്കുറിച്ചും തൊൽഹാപ്പിയം പറയുന്നുണ്ട്. (ഉവകൈ: ശൃംഗാരം, നകൈ: ഹാസ്യം, അഴുകൈ: കരുണ, വെകുളി: രൗദ്രം, പെരുമിട്ടം: വീരം, അക്കം: ഭയാനകം, ഇളിവരൽ: ബീഭത്സം, മറുത്കൈ: അത്ഭുതം.

ധ്വനി എന്നതുമായി സൂചനാസാമീപ്യമുള്ള ഉള്ളുറൈ പോലുള്ള സങ്കൽപങ്ങളുണ്ട്. പേർസോ-അറബി വിമർശനപാരമ്പര്യത്തിൽ നിന്നുള്ള അനേകം സങ്കൽപങ്ങൾ ഉർദു സ്വായത്തമാക്കിയിട്ടുണ്ട്. വിവിധ ഭാഷകൾ സംസ്കൃതത്തിലെയും പാശ്ചാത്യലോകത്തെയും കാവ്യശാസ്ത്രത്തിലെ ആശയ



സച്ചിദാനന്ദൻ



എ.കെ. രാമാനുജൻ

ങ്ങൾ സൂക്ഷ്മവൈവിധ്യത്തോടെ ആവിഷ്കരിച്ചതായി കാണാൻ സാധിക്കും. ചില രൂപങ്ങൾ ചില ഭാഷകൾക്ക് പൊതുവായുള്ളതാണ്, പക്ഷെ മുഴുവൻ ഭാഷകൾക്കുമായല്ല. പേർഷ്യനിൽ നിന്ന് വന്ന ഗസൽ ഉറുദുവിൽ വികസിച്ചതാണെങ്കിലും, ഹിന്ദിയിലും മറാത്തിയിലും ഗുജറാത്തിയിലും എന്തിന് ഇന്ത്യയിലെ ഇംഗ്ലീഷിൽ പോലും (ഉദാഹരണത്തിന് ആഗാ ശാഹിദ് അലിയെ ഓർക്കുക.) പ്രയോക്താക്കൾ ഉണ്ടാവുകയും ചെയ്തത് ഒരുദാഹരണമാണ്. നവക്ലാസ്സിക്കൽ രൂപങ്ങളായ ചമ്പു, സന്ദേശകാവ്യം അല്ലെങ്കിൽ ദലിത് സാഹിത്യം പോലുള്ള പ്രസ്ഥാനങ്ങളെയും മറാത്തി, ഗുജറാത്തി, ഹിന്ദി, പഞ്ചാബി, കന്നഡ, തമിഴ്, തെലുഗു എന്നിവയും ഈയടുത്തായി മലയാളവും പങ്കുവെക്കുന്നുണ്ട്. പാൻ ഇന്ത്യൻ പ്രതിഭാസങ്ങളായ പുരോഗമനസാഹിത്യപ്രസ്ഥാനം പോലും ഉർദു, ഹിന്ദി, ഒറിയ, ബംഗാളി, തെലുഗു, മലയാളം പോലുള്ള ഭാഷകളിൽ മറ്റുള്ളവയിലേക്കാൾ ശക്തമാണ്. ഒന്നോ രണ്ടോ ഭാഷകളിൽ മാത്രം ഉള്ള പ്രസ്ഥാനങ്ങളും ചർച്ചകളുമുണ്ട്. മറാത്തിയിലും ഗുജറാത്തിയിലും കാണപ്പെടുന്ന ദേശീവാദ് ഒരുദാഹരണം. കാലാകാലങ്ങളിൽ ഭാഷകൾ തമ്മിൽ സമ്പർക്കപ്പെടുകയും മറ്റു പ്രദേശങ്ങളിൽ നിന്നുള്ള തരംഗങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും രൂപങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഇന്ത്യയിലെ ഓരോ പ്രദേശത്തിനും സവിശേഷമായ ആചാരാഘോഷങ്ങളും കലാസാഹിത്യരൂപങ്ങളും നിശ്ചിതമായ പ്രക്ഷുബ്ധ ച്ചായ്‌വുകളും ഉള്ളതുപോലെ, ഓരോ ഭാഷയ്ക്കും ഒറ്റപ്പെട്ട വളർച്ചയുടെയും തനതും സവിശേഷവുമായ പ്രതിഭയുടേതുമായ കാലഘട്ടങ്ങളുണ്ടായിട്ടുണ്ട്. ഇന്ത്യൻ സംസ്കാരം എന്നുള്ള സംസ്കാരങ്ങളുടെയും മതങ്ങളുടെയും വംശങ്ങളുടെയും ഭാഷകളുടെയും മനോഭാവങ്ങളുടെയും ലോകവീക്ഷണങ്ങളുടെയും സാകല്യമാണ്; അതിനാൽ തന്നെ ഇന്ത്യൻ സാഹിത്യസങ്കൽപ്പം ഭൂരിപക്ഷത്തിന്റെയും, മതപരവും ഭാഷാപരവും വംശീയവും ലൈംഗികവും ആയ ന്യൂനപക്ഷങ്ങളുടെയും വ്യത്യസ്തശബ്ദങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ തുറസ്സും ഊർജസ്വലവും ആയത്തതും ആയിരിക്കേണ്ടതുണ്ട്.

## യൂറോപ്യൻ കേന്ദ്രിത സമീപനങ്ങൾ

ഇന്ത്യൻ സാഹിത്യത്തിന്റെ പരിവർത്തനത്തിലെ പ്രധാനപ്പെട്ട പ്രസ്ഥാനങ്ങളെക്കുറിച്ച് ചുരുങ്ങിയ വിധം ഒന്നു പരിശോധിച്ചാൽ തന്നെ, നമ്മുടെ സാഹിത്യങ്ങളിലെ വൈവിധ്യങ്ങളും അതേ പോലെ തന്നെ പൊതു ഉറവിടങ്ങളും താത്പര്യങ്ങളും തെളിച്ചപ്പെടും. സ്വാതന്ത്ര്യത്തിനുശേഷമുള്ള അഞ്ച് പതിറ്റാണ്ടുകൾക്കും സാമ്രാജ്യത്വ, കോളനി ഭരണത്തിന്റെ അഞ്ഞൂറുവർഷങ്ങൾക്കും ശേഷം നാം ഇന്ത്യത്വവും ഇന്ത്യൻ സാഹിത്യവും പോലുള്ള സങ്കൽപ്പങ്ങളെക്കുറിച്ച് പുനർവിചിന്തനം ചെയ്യേണ്ടത് പരമപ്രധാനമാണ്. ഒരു വശത്ത് കൊളോണിയലിസത്തിന്റെയും മറുവശത്ത് ആഗോളീകരണത്തിന്റെയും പ്രത്യയശാസ്ത്രങ്ങളുമായി ഇത്തരം ആശയങ്ങൾക്കുള്ള ചങ്ങാത്തത്തെ അനാഛാദനം ചെയ്യാൻ അപ്പോൾ സാധിക്കും. ജർമൻ കാല്പനികസൈദ്ധാന്തികനായ വിൽഹം വോൺ ഷ്ലെഗെൽ സംസ്കൃതസാഹിത്യത്തെ (1823) ദ്യോതിപ്പിച്ച് ഇന്ത്യൻ സാഹിത്യമെന്ന സംജ്ഞ ഉപയോഗിച്ചതും, അതിനെ തൊട്ട്, ആ സംജ്ഞ സംസ്കൃതസാഹിത്യത്തിന് പകരമായി നിരവധി പണ്ഡിതർ ഉപയോഗിച്ചതും, ആ സംജ്ഞയിൽ പരമാവധി ഉൾക്കൊള്ളിച്ചത് പ്രാകൃതത്തിന്റെയും അപഭ്രംശയുടെയും പാലിയുടെയും സാഹിത്യത്തെയും മാത്രമായിരുന്നതും പിന്നിട്ട് നാം ഒട്ടേറെ മുന്നേറിക്കഴിഞ്ഞു.



ടാഗോർ

എംഗാർഡിൻ ഡി ടെസ്സിയുടെ 'ഹിസ്റ്ററി ഓഫ് ദി ലിറ്ററേച്ചർ ഓഫ് ഹിന്ദു ആൻഡ് ഹിന്ദുസ്ഥാനി' എന്ന രണ്ടു വോള്യത്തിലുള്ള ഫ്രഞ്ച് പുസ്തകം (1839–47; പിന്നീട് 1870–71ൽ മൂന്നുവാള്യമായി പരിഷ്കരിച്ച് വിപുലപ്പെടുത്തി.), ആൽബ്രഷ്ട് വെബ്ബറിന്റെ ജർമനിലുള്ള 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ' (1852), ജോർജ് എ. ഗ്രിർസന്റെ 'മോഡേൺ വെർണാക്യുലർ ഓഫ് ഹിന്ദുസ്ഥാൻ' (1889), എണസ്റ്റ് പി. ഹൊറോവിറ്റ്സിന്റെ 'എ ഷോർട്ട് ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ', മോറിസ് വിന്റേണിറ്റ്സിന്റെ ജർമനിലുള്ള 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ' (1908–1922), ഹെർബർട്ട് എച്ച്. ഗോവെന്റെ 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ' (1931) എന്നിവയൊക്കെയും ഇന്ത്യൻ സാഹിത്യം എന്ന ഒരു സംവർഗത്തിന്റെ സൃഷ്ടിപ്പിന് സംഭാവന നൽകിയിട്ടുണ്ട്. അക്കാലമാവുമ്പോഴേക്ക് പൂർണവളർച്ച പ്രാപിച്ച, എന്തിന് അതാതു സാഹിത്യത്തിന്റെ ചരിത്രം അതാത് ഭാഷയിലെങ്കിലും എഴുതപ്പെട്ട ആധുനിക ഇന്ത്യൻ ഭാഷകളെയൊന്നും മേൽപ്പറഞ്ഞ കൃതികൾ പ്രതിനിധീകരിക്കുകയോ അല്ലെങ്കിൽ മതിയാംവിധം പ്രതിനിധീകരിക്കുകയോ ചെയ്തില്ല. അപ്പോഴേക്കും പുതുതായി ബന്ധിതമായ ക്ലാസിസവും ക്ലാസുമായി ഒത്തുപോകുന്ന വിധം, ആദ്യകാല ഇന്ത്യയുടെ ക്ലാസിക്കൽ കോഡായി സംസ്കൃതത്തെ അവർ അവതരിപ്പിച്ചു. ഇന്ത്യൻ സാഹിത്യം എന്ന ഒരു സംവർഗത്തിന്റെ സൃഷ്ടിപ്പിന് ഇന്ത്യൻ പണ്ഡിതരും വലിയ തോതിൽ സംഭാവന നൽകിയിട്ടുണ്ട്; അവരുടെ പല സമീപനങ്ങളും അളന്നുമുറിച്ചുള്ളതും ആധുനികഭാഷകളുടെ കണക്കെടുപ്പ് വിവിധ രീതിയിലായിരുന്നുവെങ്കിലും. ശ്രീ അരബിന്ദോ, കൃഷ്ണ കൃപലാനി, സുനിതി കുമാർ ചാറ്റർജി, വി.കെ. ഗോകക്, ഉമാശങ്കർ ജോഷി, സുജിത് മുഖർജി, ശിശിർ കുമാർ ദാസ്, കെ.എം. ജോർജ്, ഗണേശ് ദേവി തുടങ്ങിയവരൊക്കെ തന്നെയും ആ സംവർഗത്തെ, വിഭിന്ന ഭാഷാരൂപീകരണത്തിലെ അംഗീകൃത ഏകത്വമായും 'ഇന്ത്യൻ സംസ്കാര'ത്തിന്റെ ആവിഷ്കാരമായും വിശദീകരിച്ചവരാണ്. ഐജാസ് അഹമ്മദിന്റെ 'ഇൻ തിയറി'യിലെ ഇന്ത്യൻ സാഹിത്യത്തെക്കു

റിച്ചുള്ള പ്രബന്ധത്തിൽ അത്തരത്തിലുള്ളൊരു ഏകസംവർഗത്തെ കൽപ്പിച്ചെടുക്കുന്നതിന്റെ ബുദ്ധിമുട്ടുകളെ അംഗീകരിക്കുന്നുണ്ട്.

സാഹിത്യ അക്കാദമിക്കു വേണ്ടി, താൻ എഡിറ്റ് ചെയ്ത 'ഏൻഷ്യന്റ് ഇന്ത്യൻ ലിറ്ററേച്ചർ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ടി.ആർ.എസ്. ശർമ ഇന്ത്യൻ ഭാഷകളോടുള്ള യൂറോപ്യൻ അവഗണനയെക്കുറിച്ച് പറയുന്നുണ്ട്: 'ധാരാളം യൂറോപ്യൻ വിവർത്തകർ സംസ്കൃതത്തിലെ മുഴുവൻ കൃതികളും തന്നെ പരിഭാഷപ്പെടുത്തിയപ്പോൾ, വളരെക്കുറച്ച് പേരേ പ്രാകൃതത്തിലേയും അപഭ്രംശയിലേയും കൃതികളിലേക്ക് പോയുള്ളൂ. കന്നഡയിലേക്ക് ആരും തന്നെ പോയില്ല. 'തമിഴ് പോലുള്ള ഒരു ക്ലാസ്സിക്കൽ ഭാഷയുൾപ്പെടെയുള്ള പല ഭാഷകളെ സംബന്ധിച്ചും ഇത് ശരിയാണ്. പി. പി. രവീന്ദ്രൻ ഒരു ലേഖനത്തിൽ (ജീനിയോളജിസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ, എക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലി 2006 ജൂൺ 24) ഇങ്ങനെ അഭിപ്രായപ്പെടുന്നു: 'ആധുനിക തെക്കനേഷ്യൻ ഭാഷകളിലെയും സാഹിത്യത്തിലെയും പണ്ഡിതർ പോലും തങ്ങളെയും തങ്ങളുടെ പഠനമേഖലയെയും ന്യായീകരിക്കാനുള്ള സമ്മർദത്തിലാണ്. തങ്ങളുടെ ദക്ഷിണേഷ്യൻ പഠന വകുപ്പുകളിൽ അവയിപ്പോഴും സംസ്കൃതപണ്ഡിതർ ആധിപത്യം പുലർത്തുന്ന ഇൻഡോളജി വകുപ്പുകളാണ്'.

വസുധ ഡാൽമിയയും തിയോ ഡാംസ്റ്റീഗ്റ്റും 'നറേറ്റീവ് സ്ട്രാറ്റജീസ്: എസ്സെ ഓൺ സൗത്ത് ഏഷ്യൻ ലിറ്ററേച്ചർ ആൻഡ് ഫിലിം' എന്ന പുസ്തകത്തിൽ തങ്ങളുടെ 'വിഷയത്തിന്റെ ഗൗരവം' ലോകത്തെ അറിയിക്കാനായി എഴുതിയ ആമുഖത്തെ ചൂണ്ടിക്കാട്ടി, അവരുടെ പ്രസ്താവം എങ്ങനെയാണ് നിർലജ്ജമാം വിധം യൂറോ കേന്ദ്രീകൃതവും അജ്ഞവും ആവുന്നതെന്നും, അല്ലെങ്കിൽ ഇന്ത്യൻ സാഹിത്യത്തെക്കുറിച്ച് ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ വിവിധ വർണങ്ങളിലുള്ള പണ്ഡിതർ ഉത്പാദിപ്പിച്ച അറിവുകളെ മനപ്പൂർവം അവർ എങ്ങനെയാണ് അവഗണിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഗംഭീരമായ ഈ പുരാരേഖകൾക്ക് നേരെയുള്ള യൂറോപ്യൻ പണ്ഡിതരുടെ സമീപനം പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷം ഒട്ടും മാറിയിട്ടില്ലെന്നുള്ളത് അപമാനകരമാണ്. സംസ്കൃതാടിസ്ഥാനത്തിലുള്ള ഹിന്ദു യാഥാസ്ഥിതികതയുടെ വർഗവർണ മുൻവിധികളുടെ പാരമ്പര്യം ഈ കൃതികളൊക്കെ തന്നെയും പങ്കുവെക്കുന്നു.

ഈയടുത്ത കാലത്താണ് ഷെൽഡൻ പൊള്ളോക്കിനെപോലുള്ള പണ്ഡിതർ ഇത് തിരിച്ചറിയാൻ തുടങ്ങിയത്. 'ലിറ്ററി കൾച്ചേഴ്സ് ഇൻ ഹിസ്റ്ററി: റികൺസ്ട്രക്ഷൻ ഫ്രം സൗത്ത് ഏഷ്യ' (ന്യൂ ഡൽഹി, 2003) ഭാഷാസാഹിത്യങ്ങളെ ഒറ്റയ്ക്കായി പരിഗണിക്കുന്നതിന് പകരം, ഇന്ത്യയിലെ മറ്റു ഭാഷാസാഹിത്യങ്ങളുമായി ബന്ധപ്പെടുത്തിയും പരിഗണിക്കാൻ തുടങ്ങിയിരിക്കുന്നു. ഷെൽഡൻ പൊള്ളോക്ക് പറയുന്നു: 'വളരെ



ഗണേശന്റെ മഹാഭാരതരചന : 17-ാം നൂറ്റാണ്ടിലെ രാജസ്ഥാനി പെയിന്റിങ്

ക്കുറഞ്ഞ അപവാദങ്ങളൊഴിച്ച് ഇന്ത്യൻ സാഹിത്യത്തെക്കുറിച്ചുള്ള യൂറോപ്യൻ സാഹിത്യങ്ങൾ, സംസ്കൃതത്തിന്റെ ചരിത്രമായിത്തീർന്നു... ദക്ഷിണേഷ്യൻ സാഹിത്യങ്ങളുടെ യഥാർഥ ബഹുസ്വരതയും ഊർജസ്വലമായ ദീർഘകാലസമ്പർക്കങ്ങളും വളരെക്കുറച്ചു മാത്രമെ തിരിച്ചറിയപ്പെട്ടിട്ടുള്ളൂ; ഒരു പക്ഷെ, സാഹചര്യവശാലുള്ള, മതപരിവർത്തനം, നിയന്ത്രണം എന്നീ ഉദ്ദേശ്യങ്ങളാലുള്ള പ്രൊട്ടസ്റ്റന്റ് മിഷണറിമാരാലും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരാലും മാത്രം. 'എങ്ങനെയാണ് കീഴാള ചരിത്രരചനാസ്കൂൾ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ഇന്ത്യൻ സമൂഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും ദിശയെ' ജനകീയവും നാട്ടുഭാഷാപരവും വാമൊഴിപരവും പ്രാദേശികവും ആയ വഴികളിലേക്ക് തിരിച്ചുവിട്ടതെന്നും, ചരിത്രപരമായ വലിയ മാറ്റങ്ങളുണ്ടാക്കുന്നതിൽ നിസ്സാരക്കാരായ ജനത വഹിക്കുന്ന പങ്കിനെ തിരിച്ചുപിടിച്ചതെന്നും' പൊള്ളോക്ക് പരിശോധിക്കുന്നു.

> പമ്പൻ, കമ്പൻ, എഴുത്തച്ഛൻ, മൊല്ല, പ്രേമാനന്ദ, ഏക്നാഥ, ബൽറാംദാസ്, കൃത്തിബാസ്, തുളസീദാസ് അല്ലെങ്കിൽ മാധവ കണ്ടലിയുടെ രാമായണങ്ങൾ എന്നിവപരിഭാഷയോ പുനരാഖ്യാനമോ പോലുമായല്ല സ്വീകരിക്കപ്പെട്ടത്; മറിച്ച് അതാത് ഭാഷയിലെ ഏറ്റവും ഗരിമയുള്ള പ്രതിഭാവിഷ്കാരങ്ങളായ മൂലകൃതികളായാണ്.

ജാതിയെക്കുറിച്ചുള്ള തദ്ദേശീയ വ്യവഹാരങ്ങളെ ആസൂത്രിതമായി അംഗീകരിക്കാതിരിക്കുക വഴി, സമൂഹവ്യവസ്ഥയെ പരമ്പരാഗതവൽക്കരിക്കുക പോലുള്ള, സാമൂഹ്യപ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ ഇന്ത്യൻ ഭൂതകാലങ്ങൾ കോളനിയറിവിനാൽ എങ്ങനെ സൃഷ്ടിക്കപ്പെടുന്നെന്ന് കൊളോണിയലിസത്തെക്കുറിച്ചുള്ള സമകാലികപഠനങ്ങൾ നമുക്ക് കാട്ടിത്തരുന്നു. യൂറോപ്പിൽ നിന്ന് കടം കൊണ്ട ദേശീയത പോലുള്ള വ്യവഹാരങ്ങൾ, ചിന്തയുടെയും പ്രവൃത്തിയുടെയും പ്രാദേശിക രൂപങ്ങളുമായി, ഇംപോർട്ട് സബ്സ്റ്റിറ്റ്യൂഷനിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമല്ലാത്ത രീതിയിൽ കൂട്ടിച്ചേർക്കപ്പെട്ടും നിരാകരിക്കപ്പെട്ടും അവയെ മാറ്റിത്തീർത്തും സങ്കീർണമായ രീതിയിൽ സമ്പർക്കപ്പെടുന്നതെങ്ങനെയെന്നും കൊളോണിയലിസത്തെക്കുറിച്ചുള്ള സമകാലികപഠനങ്ങൾ നമുക്ക് കാട്ടിത്തരുന്നു. പ്രത്യേകിച്ചും ആഗോളീകരണത്തിന്റെ വിശകലനത്താൽ പ്രചോദിതമായുള്ള, വിഷയങ്ങളുടെ സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും ചരിത്രത്തിന്റെയും പുനഃപരിശോധന, അന്വേഷണത്തിന്റെ പരമ്പരാഗത ഭൂമിശാസ്ത്രാതിർത്തികളുടെ കൃത്രിമത്വത്തെക്കുറിച്ച് നമ്മെ ബോധവൽക്കരിക്കുന്നതെങ്ങനെയെന്ന് അദ്ദേഹം തുടർന്നു പറയുന്നു.

## മൂലകൃതികളായി മാറിയ പരിഭാഷകൾ

ഈ പശ്ചാത്തലത്തിലാണ്, ഇന്ത്യൻ സാഹിത്യമെന്ന സങ്കൽപ്പത്തിന്റെ രൂപീകരണത്തിൽ വിവർത്തനത്തിന്റെ പങ്ക് മുന്നോട്ടുവെക്കപ്പെടുന്നത്. ഇന്ത്യക്കൊരു വിവർത്തനബോധം ഉണ്ടെന്നുള്ളത് പരക്കെ അറിയുന്നതാണ്. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷങ്ങളും നാം പരിഭാഷപ്പെടുത്തിക്കൊ

ണ്ടേയിരിക്കുന്നു. ഏകഭാഷികളെ കണ്ടുമുട്ടാൻ നമ്മുടെ രാജ്യത്ത് പ്രയാസമാണ്: അല്ലെങ്കിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മാതൃഭാഷകൾക്ക് മേലുള്ള നമ്മുടെ പിടുത്തം ദുർബലമാക്കുന്നത് വരെ അതങ്ങനെയായിരുന്നു. ഓർക്കുക പോലും ചെയ്യാതെ നാം നമ്മുടെ ദൈനംദിനഭാഷണത്തിൽ ഭാഷകളെ ഇടകലർത്തുന്നു. നേരിട്ടും സ്വതന്ത്രവുമായ വിവർത്തനങ്ങളുടെ മേലാണ് ഇന്ത്യൻ സാഹിത്യം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ആദിവാസിയും നാടോടിയുമായ പതിപ്പുകളുൾപ്പെടെയുള്ള വിവിധ ഭാഷകളിലെ രാമായണങ്ങളും മഹാഭാരതങ്ങളും ഭാഗവതങ്ങളും അതിന്റെ പരിഷ്കൃതനാട്യരൂപങ്ങളും നമ്മുടെ സമ്പന്നമായ സാഹിത്യങ്ങളുടെ അടിത്തറയാണ്. മൂലകൃതിയും പരിഭാഷകളും തമ്മിലുള്ള വ്യത്യാസം പോലും ഇന്ത്യയുടെ കോളനിപൂർവ സാഹിത്യവ്യവഹാരത്തിൽ നേർത്തതും തീർച്ചയില്ലാത്തതുമായിരുന്നു.



**എഴുത്തച്ഛൻ**

പമ്പൻ, കമ്പൻ, എഴുത്തച്ഛൻ, മൊല്ല, പ്രേമാനന്ദ, ഏക്നാഥ, ബൽറാംദാസ്, കൃതിബാസ്, തുളസീദാസ് അല്ലെങ്കിൽ മാധവ കണ്ടലിയുടെ രാമായണങ്ങൾ എന്നിവ, ഉദാഹരണത്തിന് പരിഭാഷയോ പുനരാഖ്യാനമോ പോലുമായല്ല സ്വീകരിക്കപ്പെട്ടത്; മറിച്ച് അതാത് ഭാഷയിലെ ഏറ്റവും ഗരിമയുള്ള പ്രതിഭാവിഷ്കാരങ്ങളായ മൂലകൃതികളായാണ്. ഏകദേശം പത്തൊമ്പതാം നൂറ്റാണ്ടു വരെയുള്ള ഇന്ത്യൻ സാഹിത്യങ്ങളുടെ കഥ, ക്ലാസിക്കൽ പാഠങ്ങളുടെ സർഗാത്മകവിവർത്തനങ്ങളുടേതും ഉപജീവനകൃതികളുടേതും പുനരാഖ്യാനങ്ങളുടേതും വ്യാഖ്യാനങ്ങളുടേതും വിശദീകരണങ്ങളുടേതും ആയിരുന്നു. സംസ്കൃതം, പേർഷ്യൻ, അറബി, ആധുനിക ഇന്ത്യൻ ഭാഷകൾ എന്നിവയിൽ നിന്നുള്ള പരിഭാഷകൾ സമൂഹങ്ങളെയും ഭാഷകളെയും പ്രദേശങ്ങളെയും സംസ്കാരങ്ങളെയും തുന്നിച്ചേർത്തു.

രാമായണത്തിനും മഹാഭാരതത്തിനും ഭാഗവതത്തിനുമൊപ്പം, പഞ്ചതന്ത്രവും വിക്രമാദിത്യകഥകളും കഥാസരിത്സാഗരവും ബൃഹത്കഥയും ജാതകകഥകളും പോലുള്ള നാടോടിക്കഥകളും ഗുണപാഠകഥകളും ഇതിഹാസങ്ങളും ഭാഷയിൽ നിന്ന് ഭാഷയിലേക്ക് വായനക്കാരിൽ പൊതുവായൊരു ആഖ്യാനപൈതൃകം സൃഷ്ടിച്ച് സഞ്ചരിച്ചു. പിന്നീട് ആധുനിക നോവലും ചെറുകഥയും ഇന്ത്യയിലേക്ക് വന്നപ്പോൾ, ഈ ഇതിഹാസങ്ങളും മാന്ത്രികകഥകളും നാടോടിക്കഥകളും പലപ്പോഴും തദ്ദേശീയമായ കഥ പറച്ചിലിന്റെ മാതൃകകളായി വർത്തിച്ചു. തന്റെ എപ്പിക് നോവലായ കയർ മഹാഭാരതത്തിന്റെ മാതൃകയിലാണെന്ന് മലയാളത്തിലെ മഹാനായ റിയലിസ്റ്റ് എഴുത്തുകാരൻ തകഴി ശിവശങ്കരപ്പിള്ള അവകാശപ്പെട്ടത് ഞാനോർക്കുന്നു. ലാറ്റിൻ അമേരിക്കൻ നോവലിസ്റ്റുകളായ ഗബ്രിയേൽ ഗാർസ്യ മാർക്വേസിനെയും മരിയോ വർഗാസ് യോസയെയും, ഇറ്റാലിയൻ എഴുത്തുകാരനായ ഇറ്റാലോ കാൽവിനോയുടെ ഫാന്റസികളെയും, ചെക്ക്ജർമൻ എഴുത്തുകാരൻ ഫ്രാൻസ് കാഫ്കയുടെ അലിഗറികളെയും കുറിച്ച് നാം കേട്ടുതുടങ്ങുന്നതിനും മുമ്പ് മാജിക്കൽ റിയലിസവും ഫാന്റസിയും അലിഗറിയും ഇന്ത്യൻ ആഖ്യാനഭാവനക്ക് സ്വാഭാവികമായി തന്നെ വഴങ്ങി. 'ആയിരത്തൊന്ന് രാവുകളു'ടെ ഇന്ത്യൻ ഭാഷകളിലേക്കുള്ള വിവർത്തനം ഫാന്റസിയുടെയും മാജിക്കിന്റെയും ഈ പൗരസ്ത്യപാരമ്പര്യത്തെ ഊട്ടിയുറപ്പിച്ചു. റിയലിസമാണ് ഈ തരംഗങ്ങളേക്കാൾ പാശ്ചാത്യമായിട്ടുള്ളത്. കാളിദാസൻ, ഭാസൻ, ഭവഭൂതി, വിശാഖദത്തൻ, ബാണഭട്ടൻ, ശൂദ്രകൻ, ജയദേവൻ എന്നിവരുടെ കൃതികൾ മിക്കവാറും ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുക മാത്രമല്ല, തുടക്കത്തിൽ കവിതയെ വിമർശനാത്മകമായി മൂല്യനിർണയം ചെയ്യേണ്ടതെങ്ങനെയെന്നതിന് ചട്ടങ്ങളുണ്ടാക്കുകയും ചെയ്തു. ഷേക്സ്പിയർ കൃതികളുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ പരിഭാഷകളെയും ഉപജീവനങ്ങളെയും സംബന്ധിച്ചും ഇത് ശരിയാണ്. ഈ വിവർത്തനങ്ങളും ഇബ്സൻ, സ്ട്രിന്റ് ബർഗ്, ബെർണാഡ് ഷാ, ചെഖോവ് തുടങ്ങി മറ്റ് നാടകകൃത്തുക്കളുടെ പരിഭാഷകളെക്കുറിച്ചും ഇത് പറയാവുന്നതാണ്.

നാമിന്നറിയുന്ന ഇന്ത്യൻ നോവലുകളും വിവർത്തനങ്ങളാൽ ആഴത്തിൽ സ്വാധീനക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ചില ആദ്യകാല നോവലുകൾ തുടങ്ങിയത് വിവർത്തനങ്ങളായാണ്. 1889ൽ മലയാളത്തിൽ ഇന്ദുലേഖ എഴുതിയ ഒ. ചന്തുമേനോൻ ഡിസ്രയേലിയുടെ 'ഹെൻറീറ്റ ടെമ്പിൾ' എന്ന ഇംഗ്ലീഷ് നോവലിന്റെ വിവർത്തനമായിട്ടാണ് അതെഴുതിത്തുടങ്ങിയതെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. പിന്നീട് അദ്ദേഹം നോവൽ തിരുത്തിയെഴുതാൻ തീരുമാനിക്കുകയും അതൊരു സ്വതന്ത്രകൃതിയായി മാറുകയും ചെയ്തു. തന്റെ വിവർത്തകനായ ഡബ്ല്യു. ഡുമെർഗിനുള്ള സമർപ്പണത്തിൽ തന്റെ ഉദ്ദേശ്യം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: 'ഒന്നാമതായി, ഇംഗ്ലീഷ് മട്ടിൽ എഴുതിയ ഒരു നോവൽ സ്വന്തം ഭാഷയിൽ വായിക്കാനായി എന്റെ ഭാര്യ പലപ്പോഴും പ്രകടിപ്പിച്ച ആഗ്രഹം. രണ്ടാമതായി ഇംഗ്ലീഷ് പിടി



**ചന്തുമേനോൻ**

പാടില്ലാത്ത എന്റെ മലയാളി വായനക്കാർക്കിടയിൽ അതിനുള്ള ഒരു അഭിരുചി സൃഷ്ടിക്കാനുള്ള ആഗ്രഹം. കാരണം ഇംഗ്ലീഷു ഭാഷയിൽ നോവലുകളാൽ പ്രതിനിധാനം ചെയ്യപ്പെടുന്ന ആയിനത്തിൽ പെടുന്ന സാഹിത്യത്തെക്കുറിച്ച് അവർക്കൊരു ധാരണയുമില്ല. തങ്ങളുടെ പ്രകൃത്യാലുള്ള ബുദ്ധിശക്തി കൊണ്ടും സൗന്ദര്യം കൊണ്ടും അനുഗൃഹീതരായ നായർ സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടിയുണ്ടെങ്കിൽ കിട്ടാവുന്ന പദവിയും അധികാരവും സ്വാധീനവും എന്റെ മലയാളി സഹോദരങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുക... ഒടുവിലായി ദുഃഖകരമെന്ന് പറയട്ടെ, ദുരുപയോഗത്താലും നിരുപയോഗത്താലും മൃതമായിക്കൊണ്ടിരിക്കുന്ന മലയാളസാഹിത്യത്തിന് എന്റെയീ ചെറിയ പരിശ്രമം കൂടി സംഭാവന ചെയ്യുക.'

കരൻ ഗെലോ (1866) എന്ന തന്റെ ഗുജറാത്തി നോവലിനെക്കുറിച്ച് നന്ദ് ശങ്കർ മേത്തയ്ക്ക് പറയാനുള്ളതും സമാനസംഗതിയാണ്: 'ഇംഗ്ലീഷ് നോവലുകളുടെയും റൊമാൻസുകളുടെയും മാതൃകയിൽ ഗുജറാത്തി പുസ്തകങ്ങളും എഴുതപ്പെട്ടു കാണാനുള്ള ആഗ്രഹം നമ്മുടെ സ്റ്റേറ്റിലെ മുൻ വിദ്യാഭ്യാസ ഇൻസ്പെക്ടർ മി. റസ്സൽ എന്നോട് പറയുകയുണ്ടായി. ആ പദ്ധതിയനുസരിച്ചാണ് ഞാനീ നോവൽ എഴുതിയിരിക്കുന്നത്. 'പിരടപ്പ മുതലിയാർ ചരിത്തിരം എന്ന തന്റെ തമിഴ് നോവലിനെക്കുറിച്ച് സാമുവൽ പിള്ള പറയുന്നത്, തന്റെ ഉദ്ദേശ്യം 'തമിഴിലുള്ള ഗദ്യപുസ്തകങ്ങളുടെ അഭാവം നികത്താ'നെന്നാണ്. വിഖ്യാതനായ ഇംഗ്ലീഷ് മോറലിസ്റ്റ് ഡോ. ജോൺസണിന്റെ അഭിപ്രായപ്രകാരം മുഖ്യകഥാപാത്രങ്ങളെയെല്ലാം പൂർണമായും സദാചാരമൂല്യമുള്ളവരായാണ് സൃഷ്ടിച്ചിരിക്കുന്നത്. പിൽക്കാലത്ത്, വിദേശ നോവലിസ്റ്റുകളായ ഡിക്കൻസ്, ആർ.എൽ. സ്റ്റീവൻസൺ, ഗോൾഡ്സ്മിത്ത്, മെറിഡിറ്റ് ജോർജ് എലിയറ്റ്, എമിലി ബ്രോൺടി, ജോസഫ് കൊൺറാഡ്, മെൽവിൽ,

ടോൾസ്റ്റോയ്, ദസ്തയോവ്സ്കി, തോമസ് മാൻ തുടങ്ങിയവരെയും ബങ്കിം ചന്ദ്ര ചാറ്റർജി, ശരത്ചന്ദ്ര ചാറ്റർജി, ബിഭൂതി ഭൂഷൻ ബന്ദോപാധ്യായ, രവീന്ദ്രനാഥ ടാഗോർ, താരാശങ്കർ ബാനർജി, മാണിക് ബാനർജി, ബിമൽ മിത്ര, ആശാപൂർണദേവി, ശങ്കർ, മഹാശ്വേതാദേവി, കിഷൻ ചന്ദർ, രാജേന്ദ്രസിങ് ബേഡി, അമൃത പ്രീതം, പ്രേംചന്ദ്, കെ.എ. അബ്ബാസ്, ജയ്നേന്ദ്രകുമാർ തുടങ്ങിയവരുടെ ഇന്ത്യൻ നോവലുകളും ഇന്ത്യയിലെ റിയലിസ്റ്റ് ഫിക്ഷന് ഉറച്ച മാതൃകകൾ നൽകി. ഇംഗ്ലീഷിൽ നിന്നും പേർഷ്യനിൽ നിന്നും എഴുത്തിന്റെ ധാരാളം പുതിയ രൂപങ്ങളും മാതൃകകളും വിവർത്തനങ്ങളിലൂടെ നമുക്ക് ലഭിച്ചു.

## ബൈബിൾ വിവർത്തനങ്ങൾ

വിശുദ്ധ ബൈബിളിന്റെ വിവർത്തനം ഇന്ത്യൻ ഭാഷകളിലെ ഗദ്യത്തിന്റെ വളർച്ചയിൽ പ്രധാനപ്പെട്ടൊരു ഘട്ടമാണ്. നമ്മുടെ അനേകം ഭാഷകളിലെ ആദ്യത്തെ നിഘണ്ടുവും വ്യവസ്ഥാപിതമായ വ്യാകരണപ്പുസ്തകങ്ങളും സംഭാവന ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിലെ മിഷനറിമാർ തന്നെയാണ് മിക്കവാറും ഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്തത്. ഈ വിവർത്തനങ്ങളിലെ ഗദ്യം തദ്ദേശീയരായ എഴുത്തുകാർക്ക് ഒരു മാതൃകയായും വർത്തിച്ചു. മിഷനറി സാഹിത്യം അച്ചടിക്കാനായി മിഷനറിമാർ സ്ഥാപിച്ചവയാണ് ആദ്യത്തെ അച്ചടി മുദ്രാലയങ്ങൾ. പക്ഷെ ഇന്ന് ഇന്ത്യയിലെ പൊതുമണ്ഡല രൂപീകരണത്തിന് ഈ അച്ചടിശാലകൾ എങ്ങനെയാണ് സംഭാവന ചെയ്തതെന്നും കലയെയും സാഹിത്യത്തെയും പ്രചരിപ്പിക്കാൻ അവയെങ്ങനെ ഉപകാരപ്പെട്ടുവെന്നും നമുക്കറിയാം.

ഭാഷകൾക്കതീതമായി, പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിലും വിവർത്തനങ്ങൾ പങ്കുവഹിച്ചു. ആദ്യകാലത്ത് ഇവ വിദേശത്തു നിന്നുള്ള വിവർത്തനങ്ങളായിരുന്നു. ടോൾസ്റ്റോയിയുടെ വിവർത്തനങ്ങൾ മഹാത്മാ ഗാന്ധിയുടെ ധാർമികചിന്തകളെ എങ്ങനെ സ്വാധീനിച്ചുവെന്നതിനെക്കുറിച്ച് നാമിന്ന് ബോധവാൻമാരാണ്; സ്വാതന്ത്ര്യസമരത്തിന്റെയും സ്വതന്ത്രഇന്ത്യയിലെയും ആദ്യകാലനേതാക്കളായ നെഹ്റുവിനെയും ബാബാ അംബേദ്കറെയും പാശ്ചാത്യ സമത്വ ചിന്തകളും ആശയങ്ങളും സ്വാധീനിക്കുന്നത് മൂലകൃതികളുടെയെന്ന പോലെ പരിഭാഷകളുടെയും പാരായണത്തിൽ നിന്നാണ്. പിന്നീട്, ഈ നേതാക്കളുടെയും മറ്റുനേതാക്കളുടെയും കൃതികൾ വിവർത്തനത്തിലൂടെ വന്നത്, സ്വാതന്ത്ര്യസമരമെന്ന പൊതുആവശ്യത്തിലേക്ക് ഇന്ത്യൻ ജനതയെ ഒന്നിപ്പിച്ചു. സാഹിത്യത്തിലും പരിഭാഷകൾ വന്ന സമയമായിരുന്നു അത്. ടാഗോർ, താരാശങ്കർ, സുബ്രഹ്മണ്യ ഭാരതി, സുമിത്രാനന്ദ് പന്ത്, വള്ളത്തോൾ, കേശവ സുത്, ഗുലാം മേഹ്ജൂർ, അബ്ദുൽ റഹ്മാൻ റാഹി, പ്രേംചന്ദ്, ബഷീർ തുടങ്ങിയവരുടെയും മറ്റനേകം ദേശാഭിമാനികളായ എഴുത്തുകാരുടെയും കൃതികൾ ധാരാളം ഇന്ത്യൻ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടത് ജനങ്ങളിലെ രാജ്യസ്നേഹപരവും കോളനിവിരുദ്ധവുമായ വികാരങ്ങളെ സംഭരിച്ചുവെക്കാനും സാമൂഹ്യപരിഷ്കരണത്തിനുള്ള ജനപിന്തുണയാർജിക്കാനും ഉപകാരപ്പെട്ടു.

എമിലി സോള, മോപ്പസാങ്, ടോൾസ്റ്റോയ്, ഗോർക്കി എന്നിവരുടെയും മറ്റ് ഫാസിസ്റ്റ് വിരുദ്ധ എഴുത്തുകാരുടെയും വിവർത്തനങ്ങൾ ഇന്ത്യൻ സാഹിത്യത്തിൽ പുരോഗമനപ്രസ്ഥാനത്തിന് വിത്തു പാകി. പുരോഗമനസാഹിത്യം നമ്മുടെ ഭാഷകളിലേക്ക് പരസ്പരം വിവർത്തനം ചെയ്യപ്പെടാനും സ്വാധീനിക്കാനും തുടങ്ങി. മിക്കവാറും ഭാഷകളിലേക്ക് പ്രേംചന്ദ് വിവർത്തനം ചെയ്യപ്പെട്ടു. കീഴാളജനതയോട് അനുതാപം പുലർത്തിയ തകഴി, ബഷീർ, ജയകാന്തൻ, അഖിലൻ, സാവിത്രി റോയ്, കെ.എ. അബ്ബാസ്, മുൽക്ക്‌രാജ് ആനന്ദ്, ഗുരുദയാൽ സിങ് എന്നിവരെപ്പോലുള്ള റിയലിസ്റ്റ് എഴുത്തുകാരുടെ കാര്യവും അത് തന്നെയായിരുന്നു. മൂലഭാഷയിൽ നിന്ന് മറ്റ് ഇന്ത്യൻ ഭാഷകളിലേക്കും ഇംഗ്ലീഷിലേക്കുമുള്ള അവയുടെ വിവർത്തനം പാൻ ഇന്ത്യൻ പുരോഗമനപ്രസ്ഥാനം എന്ന ആശയത്തെ ഊട്ടിയുറപ്പിക്കാൻ സഹായിച്ചു.

## ആധുനിക തരംഗം

പിന്നീട് ആധുനികതയുടെ തരംഗം ഇന്ത്യൻ ഭാഷകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയതും വിദേശത്തു നിന്നുള്ള പരിഭാഷകളായാണ്: ബോദ്‌ലെയർ, മല്ലാമെ, റിൽകെ, ടി.എസ്. ഏലിയറ്റ്, ഡബ്ല്യു.എച്ച്. ഓഡൻ, ഒക്ടോവിയോ പാസ് മുതലയാവരുടെ കവിതകൾ, ജയിംസ് ജോയ്സ്, സാമുവൽ ബെക്കറ്റ്, ആൽബെർട്ട് കമ്യൂ, ജീൻ പോൾ സാർത്ര്, ഫ്രാൻസ് കാഫ്ക, ഇറ്റാലൊ കാൽവിനൊ, ലൂയി പിരാന്തലോ, യൂജിൻ ഒനീൽ, എഡ്‌വേഡ് ആൽബി, വോൾ സോയിൻക തുടങ്ങിയവരുടെ നാടകങ്ങളും ഫിക്ഷനും പോലുള്ളവ അവയിൽ പെടുന്നു. പിന്നീട് ഇന്ത്യൻ മോഡേണിസ്റ്റുകളുടെ കൃതികൾ മറ്റ് ഇന്ത്യൻ ഭാഷകളിലേക്കും ഇംഗ്ലീഷിലേക്കും മൊഴിമാറ്റപ്പെടാൻ തുടങ്ങി. ഈയെഴുത്തുകാരൊക്കെ തന്നെയും ദ്വിഭാഷികളോ ബഹുഭാഷികളോ ആയിരുന്നു; അവർ തന്നെയായിരുന്നു അധികം പരിഭാഷകൾ ചെയ്തിരുന്നത്; അല്ലെങ്കിൽ ചുരുങ്ങിയത് ഇംഗ്ലീഷ് പരിഭാഷകളെ വിലയിരുത്താനെങ്കിലും കഴിവുള്ളവരായിരുന്നു അവർ. അങ്ങനെ അജ്ഞേയ്, മുക്തിബോധ്, ജീബനാനന്ദദാസ്, ബിഷ്ണു ദേ, ബി.എസ്. മാദേക്കർ, സിതാൻഷു യശസ്ചന്ദ്ര, സുരേഷ് ജോഷി, അയ്യപ്പപ്പണിക്കർ, ക.ന. സുബ്രഹ്മണ്യം, ശ്രീ.ശ്രീ. ഗോപാലകൃഷ്ണ അഡിഗ, യു.ആർ. അനന്തമൂർത്തി, നിർമൽ വർമ, കൃഷ്ണ ബൽദേവ് വൈദ്, അരുൺ കോലാട്കർ, ദിലീപ് ചിത്രെ, ഇസ്മത് ചുഗ്തായ്, ഖുറത്തുലൈൻ ഹൈദർ തുടങ്ങിയ അഗ്രഗാമികളായ ഇന്ത്യൻ എഴുത്തുകാർ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റപ്പെടാൻ തുടങ്ങുകയും ആധുനിക എഴുത്തുകാരുടെ ഒരു ഇന്ത്യൻ സമൂഹം നിലനിൽക്കുന്നു എന്ന ബോധം ഉണ്ടാക്കുകയും ചെയ്തു.

1970 കളിൽ നെരൂദ, വയഹോ, നിക്കനോർ പാറ, നിക്കോളാസ് ഗിയെൻ, ലിയോപോൾഡ് സെംഘോർ, ഡേവിഡ് ദിയോപ്, ഡെന്നിസ് ബ്രൂട്ടസ്, മാർഗരറ്റ് വാക്കർ, ലെറോയ് ജോൺസ്, ലാങ്സ്റ്റൺ ഹ്യൂഗ്സ് പോലുള്ള ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ എഴുത്തുകാരും യാനിസ് റിറ്റ്സോസ്, ബർത്തോൾഡ് ബ്രഹ്ത്ത്, മാർട്ടിൻ

1970 കൾ മുതൽ പാബ്ലോ നെരൂദ, ഒക്ടോവിയോ പാസ്, ബർത്തോൾഡ് ബ്രഹ്ത്ത് തുടങ്ങി ഒട്ടനവധി ലാറ്റിനമേരിക്കൻ, യൂറോപ്യൻ എഴുത്തുകാരുടെ കവിതകളും മറ്റു കൃതികളും മലയാളത്തിൽ പരിഭാഷാ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.



നെരൂദ



യു.ആർ. അനന്തമൂർത്തി

എൻസെൻസ്ബർഗർ, ഗുന്തർ ഗ്രാസ്, പോൾ എലാദ്, ലൂയി ആരഗൺ, മയക്കോവ്സ്കി, എവ്തുഷങ്കോ, ഫയ്സ് അഹമ്മദ് ഫയ്സ്, ഡബ്ല്യൂ.എസ്. റൻദ്രെ, ലുഷൂൺ, ക്വോമോജോ, അയ് ചിങ് പോലുള്ള യൂറോപ്യൻ-ഏഷ്യൻ സോഷ്യലിസ്റ്റ് എഴുത്തുകാരും ചില ഇന്ത്യൻ ഭാഷകളിൽ വ്യാപകമായി മൊഴിമാറ്റപ്പെടാനും കവിതയിൽ നിർണായകമായ സ്വാധീനമുണ്ടാക്കാനും, ജാതീയതയുടെയും മുതലാളിത്തത്തിന്റെയും ചൂഷണത്തിനെതിരെ നിലയുറപ്പിക്കുന്ന റാഡിക്കലായൊരു ആധുനിക കവിതയുണ്ടാക്കാനും തുടങ്ങി.

പിന്നീട് വന്ന ദലിത്, ഫെമിനിസ്റ്റ് സാഹിത്യപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടും ഇത് ശരിയാണ്. നാംദേവ് ധസാൽ, ലക്ഷ്മൺ മാനെ, ലക്ഷ്മൺ ഗൈയ്ക്വാദ്, ജോസഫ് മക്‌വാൻ, ശരൺകുമാർ ലിംബാലെ, ഓംപ്രകാശ് വാൽമീകി, ബൽരാജ് മധോപുരി, സിദ്ധലിംഗയ്യ തുടങ്ങിയവരുടെ കൃതികളുടെ ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വിവർത്തനങ്ങൾ, ദലിത് കവിതകളുടെ സമാഹാരങ്ങൾ, ആത്മകഥ, പോയിസൺഡ് ബ്രഡ് പോലുള്ള ആഖ്യായികകൾ എന്നിവ ദലിത് എഴുത്തിനായി ഇന്ത്യയിൽ പ്രത്യേകമായൊരു അനുകൂലസാഹചര്യം ഉണ്ടാക്കുകയും അതിനെ ഒരു ദേശീയതലത്തിലുള്ള ഒരു പ്രസ്ഥാനമായി മാറ്റുകയും ചെയ്തു. സ്ത്രീയെഴുത്തിലും അത് തന്നെയാണ് സംഭവിക്കുന്നത്. Women's Writing In India : From 6th Century B.C. to the Present, Inner Coutryards, Inner Spaces, In Their Own Voice പോലുള്ള അനേകം പെണ്ണെഴുത്തുകളുടെ സമാഹാരങ്ങൾ, രഷുസുന്ദരി ദേബി, ബിനോദിനി ദാസി, ലക്ഷ്മിബായ് തിലക്, ആശപൂർണാദേബി, സ്വർണകുമാരി ദേബി, സാറാ ജോസഫ്, ഖുറത്തുലെൻ ഹൈദർ, ഇസ്മത് ചുഗ്തായ്, അജീത് കൗർ, മൃദുല ഗാർഗ്, നബനീത ദേവ്സെൻ, കമലാ ദാസ്, അമൃതാ പ്രീതം, അൽകാ സരോഗി, ഗീതാഞ്ജലിശ്രീ, സി.കെ. ജാനു, നളിനി ജമീല, സിസ്റ്റർ ജെസ്മി തുടങ്ങിയവരുടെ കൃതികൾ അവയിൽ മിക്കവാറും ആത്മകഥകളാണ് ഇംഗ്ലീഷിലേക്കും മറ്റിന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും, ഇന്ത്യയിലെ പെണ്ണെഴുത്തിന്റെ ശേഖരം വർധിപ്പിച്ചതിന് പുറമെ, സ്ത്രീവിഷയങ്ങളെക്കുറിച്ച് സംസ്കാരത്തെയും ഭാഷയെയും ഉല്ലംഘിച്ചുള്ള ഒരവബോധം ഉണ്ടാക്കുകയും രാജ്യമൊട്ടാകെയുള്ള സ്ത്രീയെഴുത്തുകാരിൽ ഒരു സാഹോദര്യം ഉണ്ടാക്കുകയും ചെയ്തു. ദേശീവാദം പോലുള്ള പ്രാദേശികവാദ എഴുത്തുകൾക്ക് പോലും, കടുത്ത പ്രാദേശിക സാംസ്കാരിക പക്ഷപാതം പുലർത്തുന്ന ആഫ്രിക്കൻ, ഐറിഷ് എഴുത്തുകളുടെ നേർത്ത സ്വാധീനം നിഷേധിക്കാൻ കഴിയില്ല.

> നമ്മുടെ സാഹിത്യങ്ങളുടെ അടിസ്ഥാനം കിടക്കുന്ന നാടോടിയും ഗോത്രപരവുമായ മൊഴികളുടെ കൂടുതൽ വിവർത്തനങ്ങൾ തീർച്ചയായും വരേണ്ടതായിട്ടുണ്ട്. നമ്മുടെ എഴുത്തുകാരെ ബന്ധിപ്പിക്കാനും, മാതൃരാജ്യത്തെ സാഹിത്യത്തെക്കുറിച്ചറിയാൻ ജിജ്ഞാസുക്കളായ വിദേശ ഇന്ത്യക്കാരുൾപ്പെടെയുള്ള എഴുത്തുകാരുടെയും വായനക്കാരുടെയും ഒരു സമൂഹത്തെ രൂപീകരിക്കാനും വിവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

ഇന്ത്യൻ സാഹിത്യവിമർശത്തിൽ പൊതു ചട്ടങ്ങളും രീതികളും പ്രയോഗിക്കുന്നതിലും, പൊതുവായ ചില തരംഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും വിവർത്തനം സുപ്രധാനമായൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഭരതൻ, ആനന്ദവർധനൻ, കുന്തകൻ, ഭാമഹൻ, മഹിമഭട്ടൻ പോലുള്ളവരുടെ ഇന്ത്യൻ കാവ്യശാസ്ത്രത്തെക്കുറിച്ചുള്ള മൗലികപാഠങ്ങളുടെ മൊഴിമാറ്റങ്ങൾ ഇന്ത്യൻ ഭാഷകളിലെ കവിതയുടെ മൂല്യനിർണയത്തിനുള്ള ആദ്യകാല ദിശാബോധിനികളായിരുന്നു. പിന്നീട് അരിസ്റ്റോട്ടിലും ലോംഗിനസും മുതൽ സർ



കമലദാസ്

ഫിലിപ് സിഡ്നി, മാത്യു ആർനോൾഡ്, ഐ.എ. റിച്ചാർഡ്സ്, ടി.എസ്. ഏലിയറ്റ് എന്നിവരുടെ പാശ്ചാത്യ വിമർശന കൃതികൾ മൊഴിമാറ്റപ്പെടുകയും, താരതമ്യ കാവ്യശാസ്ത്രത്തെക്കുറിച്ചുള്ള ആഴവും ഗൗരവവും ദൈർഘ്യവുമാർന്ന എഴുത്തുകളും, മിമെസിസ്, കത്താർസിസ്, സെമാന്റിക്സ്, സീമിയോട്ടിക്സ് പോലുള്ള പാശ്ചാത്യസിദ്ധാന്തങ്ങളുടെ ഇന്ത്യൻ കവിതയുടെയും നാടകത്തിന്റെയും പാഠങ്ങളിലെ പ്രയോഗവും വർധിക്കുകയും ചെയ്തു. ചുരുങ്ങിയത് ചില ഭാഷകളിലെങ്കിലും ഘടനാവാദ, ഘടനാനന്തര വാദ, (പോൾ ഡി മാൻ, റൊളാങ് ബാർത്, ദരിദ, ഫൂക്കോ) പാഠങ്ങളും ഉപജീവനങ്ങളും വ്യാഖ്യാനങ്ങളും വന്നു. കറുപ്പിന്റെ സൗന്ദര്യശാസ്ത്രത്താൽ ദലിത് കാവ്യശാസ്ത്രവും വലിയതോതിൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സ്ത്രീവാദ വിമർശനവും പാശ്ചാത്യമായ പ്രത്യേകിച്ച് ഫ്രഞ്ച് മാതൃകകളിൽ നിന്ന് കടം കൊണ്ടിട്ടുണ്ട്. മുഴുവൻ പാഠവും മൊഴിമാറ്റപ്പെടാത്തിടത്ത് പോലും ഭാഗികവിവർത്തനങ്ങളും ഉദ്ധരണി

കളും പശ്ചാത്തലത്തിന് വെളിച്ചമേകുന്നു. തങ്ങളുടേതല്ലാത്ത ഭാഷകളിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നറിയാൻ ഇന്ത്യയിലെ എഴുത്തുകാരും വായനക്കാരും ജിജ്ഞാസ കാട്ടുന്നുണ്ടെങ്കിൽ വിവർത്തനങ്ങളാണ് അതിന് കാരണം. സാഹിത്യ അക്കാദമിയുടെ മുൻകയ്യാലും ഗണേഷ് ദേവി പോലുള്ള പണ്ഡിതരുടെ താത്പര്യത്താലും ഇക്കാലമത്രയും അവഗണിക്കപ്പെട്ടുകൊണ്ടിരുന്ന ഗോത്രഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾ പോലും വരാൻ തുടങ്ങിയിട്ടുണ്ട്. നമ്മുടെ സാഹിത്യങ്ങളുടെ അടിസ്ഥാനം കിടക്കുന്ന നാടോടിയും ഗോത്രപരവുമായ മൊഴികളുടെ കൂടുതൽ വിവർത്തനങ്ങൾ തീർച്ചയായും വരേണ്ടതായിട്ടുണ്ട്. നമ്മുടെ എഴുത്തുകാരെ ബന്ധിപ്പിക്കാനും, മാതൃരാജ്യത്തെ സാഹിത്യത്തെക്കുറിച്ചറിയാൻ ജിജ്ഞാസുക്കളായ വിദേശ ഇന്ത്യക്കാരുൾപ്പെടെയുള്ള എഴുത്തുകാരുടെയും വായനക്കാരുടെയും ഒരു സമൂഹത്തെ രൂപീകരിക്കാനും വിവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

മനുഷ്യാവകാശങ്ങൾ, പരിസ്ഥിതി സന്തുലനാവസ്ഥ, ലിംഗ സമത്വം, ആഗോളീകരണത്തിന്റെ പ്രത്യാഘാതങ്ങൾ, വർഗീയ, വംശീയ സംഘട്ടനങ്ങൾ, ഭരണകൂടത്തിന്റെയും തീവ്രവാദികളുടെയും ഭീകരത തുടങ്ങിയവയെക്കുറിച്ച് എല്ലാ ഭാഷകളിലുള്ള ഇന്ത്യൻ എഴുത്തുകാരുടെ ആശങ്കകൾ പങ്കുവെക്കാൻ പരിഭാഷകൾ സഹായിച്ചിട്ടുണ്ട്. ഒരു പാട് ദോഷങ്ങൾക്ക് കാരണമായതെന്ന് നിസ്സംശയം പറയാവുന്ന ആധുനിക സമ്പർക്ക സാങ്കേതികത, വെർചൽ കമ്യൂണിറ്റികളിലൂടെയും ബ്ലോഗുകളിലൂടെയും സോഷ്യൽ നെറ്റ്വർക്കുകളിലൂടെയും എഴുത്തുകാർക്കും വായനക്കാർക്കുമിടയിൽ അർഥവത്തായ സമ്പർക്കം ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളതും മറന്നുകൂടാ.

ചുരുക്കം ചില ഭാഷകളിലൊഴിച്ച്, അവശ്യശേഷിയും ഭാവുകത്വവുമുള്ള പ്രഗത്ഭരായ ദ്വിഭാഷാപണ്ഡിതരുടെ അഭാവം മൂലം ഒരു പക്ഷെ ഇന്ത്യൻ ഭാഷകൾക്കിടയിലെ വിവർത്തനം ഇന്നത്ര സജീവമല്ല. പക്ഷെ സാഹിത്യ അക്കാദമിയും നാഷണൽ ബുക്ക് ട്രസ്റ്റും ഇക്കാര്യത്തിൽ അഗ്രഗാമിയായ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വലിയ പ്രസാധകസ്ഥാപനങ്ങളും ആത്മാർപ്പണമുള്ള ധാരാളം ചെറുകിടക്കാരും പുതുതായൊരു താത്പര്യം ഇക്കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്.

## വിവർത്തനം: ഇന്ത്യൻ സങ്കൽപ്പം

വിവർത്തനത്തെക്കുറിച്ചുള്ള ഇന്ത്യൻ സങ്കൽപത്തെക്കുറിച്ച് ചില നിരീക്ഷണങ്ങൾ നടത്തി ഞാൻ അവസാനിപ്പിക്കട്ടെ. പാശ്ചാത്യലോകത്തിന് ഭാഷാബഹുത്വം പരിഹരിക്കേണ്ട ഒരു പ്രശ്നമാണെങ്കിൽ, നമുക്കത് സർഗാത്മക ധാരാളിത്തത്തിന്റെ ഒരു ജൈവിക സ്രോതസ്സാണ്. വിവർത്തനത്തെ ഒരു പ്രവാസമായാണ് പാശ്ചാത്യലോകം കാണുന്നത്. നിതാന്തപ്രവാസത്തിലെ സഞ്ചാരിയുടെ ജീവനമായി വിവർത്തനത്തെ കാണുന്ന ഹില്ലിസ് മില്ലറിന്റെ ഒരു പ്രസ്താവം അത് സൂചിപ്പിക്കുന്നു. ബാബേൽ ഗോപുരത്തിന്റെ മിത്ത്, ഭാഷാബഹുത്വം ശാപമാണെന്ന സങ്കൽപത്തിന് അടിവരയിടുന്നു. പക്ഷെ അനേകം ബഹുഭാഷകളുമായി ഇന്ത്യ നൂറ്റാണ്ടുകളായി നിലനിൽക്കുന്നു; സ്വർഗത്തിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെടുമെന്ന പേടി നമുക്ക് വല്ലപ്പോഴുമേ ഉള്ളൂ; അവശ്യവും ഗാഢവുമായ ഒരു ദൈനംദിന പ്രവൃത്തിയാണ് നമുക്കത്. വിവർത്തനങ്ങളിലെ വ്യതിചലനങ്ങളെ ആസ്വദിക്കാൻ നാമെന്നോ പഠിച്ചുകഴിഞ്ഞു; കഥാപാത്രങ്ങളെയും സംഭവങ്ങളെയും പ്രാദേശികമാക്കിയും, ഭാഗങ്ങൾ വിട്ടുകളഞ്ഞും മാറ്റിയും പുതുതായി കൂട്ടിച്ചേർത്തും രൂപകല്പനകളും ഉപമകളും പുതുക്കിയും മുഴുവൻ പാഠത്തെ തന്നെ പുതുക്കിപ്പണിതും ഇതിഹാസങ്ങളുടെ ഉപജീവനങ്ങൾ സൃഷ്ടിച്ചതിന്റെ പാരമ്പര്യം നമുക്കുണ്ട്. ഗാഢമായ അനുകരണത്തിലൂടെ മൂലകൃതിയെ പുനസൃഷ്ടിക്കുന്ന പ്ലേറ്റോണിക് മിമസിസ് എന്ന സങ്കൽപ്പത്തോട് അടുത്ത അക്ഷരാത്മകതയാണ് (literaltiy) പാശ്ചാത്യ വിവർത്തകർക്ക് ആധികാരികത എന്നുള്ളത്. മൂലകൃതിയിൽ നിന്ന് സ്വാതന്ത്ര്യമെടുത്തതിന്റെ പേരിൽ പതിനാറാം നൂറ്റാണ്ടിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പ്ലേറ്റോയുടെ ഫ്രഞ്ച് വിവർത്തകൻ എതിൻ ദോളയെ പോലെയുള്ള പരിഭാഷാ രക്തസാക്ഷികളും ഇന്ത്യയ്ക്കില്ല. ഈ മാതൃക നാം പിന്തുടർന്നിരുന്നുവെങ്കിൽ, സംസ്കൃത മൂലകൃതി/പാഠത്തിൽ നിന്ന് സ്വാതന്ത്ര്യമെടുത്ത എല്ലാ ഇതിഹാസ, ഭക്തി കവികളെയും നാം വധിച്ചിട്ടുണ്ടായിരിക്കും. പാഠം കൂട്ടിച്ചേർക്കുകയും മാറ്റുകയും ഒഴിവാക്കുകയും ചെയ്യുക എന്നത് മാത്രം പൊതുതത്ത്വമായ വാമൊഴി പാരമ്പര്യം കാരണം, ഒരു പക്ഷെ 'മൂല'പാഠം എന്ന സങ്കൽപം തന്നെ നമ്മിൽ അത്ര ശക്തമല്ലായിരിക്കാം. വിചിത്ര 'പൗരസ്ത്യ'ത്തിലെ പാഠങ്ങൾ വിവർത്തനം ചെയ്ത് അതിന്റെ രചയിതാക്കളെ നിയന്ത്രിക്കുകയും അടക്കുകയും ചെയ്യുക എന്നതായിരുന്നു കൊളോണിയൽ യൂറോപ്പിന്റെ ലക്ഷ്യമെങ്കിൽ, തന്റെ തന്നെ വർത്തമാന സാംസ്കാരികപാരമ്പര്യവും ഭൂതകാലവും തമ്മിലും, തന്റേതും മറ്റുള്ളവരുടെയും സംസ്കാരങ്ങൾ തമ്മിലും ജീവസ്സുറ്റ സംവാദം നടത്തുകയെന്നതായിരുന്നു വിവർത്തനത്തിലൂടെ ഇന്ത്യ തേടിയത്. മറ്റൊരു സമയത്തിലെയും കാലത്തിലെയും എഴുത്തുകാരന്റെ ഭാവനയിലൂടെ മൂലകൃതിയെ പുനരുജ്ജീവിപ്പിക്കുന്നതായാണ് വിവർത്തനം കാണപ്പെട്ടത്. ബുദ്ധൻ തന്റെ വജ്രഛേദികയിൽ അഭിപ്രായപ്പെട്ടതു പോലെ, തന്മ തന്നെ നിരന്തരപരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നതിൽ മൂലകൃതിക്ക് സവിശേഷാധികാരം ഒന്നുമുണ്ടായിരുന്നില്ല. ഒരു പക്ഷെ, കോളനിവത്കൃതരെ ചരിത്രമില്ലാത്ത വസ്തുക്കളായി വീക്ഷിക്കുന്ന കോയ്മാഭിപ്രായത്തെ ഊട്ടിയുറപ്പിച്ചും വിവർത്തനത്തെ നിയന്ത്രണോപാധിയായി മാറ്റിയും വർത്തിച്ച കോളനികാലത്തെ അധികാരത്തിന്റെ അസന്തുലിത ബന്ധങ്ങളെ മറികടക്കാനായി, മൂലകൃതിയെ തുറസ്സോടെ സമീപിച്ച കോളനിപൂർവ കാലത്തെ നാം പുനരുജ്ജീവിപ്പിച്ചെടുക്കേണ്ടതുണ്ട്. നമ്മുടെ ജനങ്ങളുടെ ചരിത്രം തിരിച്ചുപിടിക്കാനും അവരുടെ ഭൂതവും വർത്തമാനവും രേഖപ്പെടുത്താനുമുള്ള ഒരു വഴിയാണ് നമുക്കിന്ന് വിവർത്തനം.

ചുരുക്കം ചില ഭാഷകളിലൊഴിച്ച്, അവശ്യശേഷിയും ഭാവുകത്വവുമുള്ള പ്രഗത്ഭരായ ദ്വിഭാഷാപണ്ഡിതരുടെ അഭാവം മൂലം ഒരു പക്ഷെ ഇന്ത്യൻ ഭാഷകൾക്കിടയിലെ വിവർത്തനം ഇന്നത്ര സജീവമല്ല. പക്ഷെ സാഹിത്യ അക്കാദമിയും നാഷണൽ ബുക്ക് ട്രസ്റ്റും ഇക്കാര്യത്തിൽ അഗ്രഗാമിയായ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വലിയ പ്രസാധകസ്ഥാപനങ്ങളും ആത്മാർപ്പണമുള്ള ധാരാളം ചെറുകിടക്കാരും പുതുതായൊരു താത്പര്യം ഇക്കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്

ജനകീയ സർഗാത്മകതയുടെ ആഴമുള്ള ഉറവിടങ്ങളിലേക്ക്, മേൽക്കോയ്മയുടെ മാനകനിയമങ്ങളെ ഉല്ലംഘിച്ചു പോകുന്ന ബദൽ പാരമ്പര്യചരിത്രം നമുക്കാവശ്യമുണ്ട്. യാന്ത്രികമായ ഏകാശയത്തിനു പകരം താരതമ്യ സങ്കൽപവും, ഭാഷകൾക്ക് തനതും പൊതുവുമായ സ്വാധീനങ്ങളെയും ഒറ്റപ്പെടലിനെയും സമ്പർക്കപ്പെടലിനെയും അടയാളപ്പെടുത്തുന്ന പുതിയൊരു സാഹിത്യ ഭൂപടവും നാം വളർത്തിയെടുക്കേണ്ടതുണ്ട്. ഇന്ത്യൻ സാഹിത്യത്തിലെ ഏകത്വം, നാനാത്വം എന്നീ ഇരട്ട മാനങ്ങളെ മാനിക്കുന്ന വൈരുധ്യാത്മകാശയത്തിലെത്തും വിധം, ഏകസ്വരതക്കും ബഹുസ്വരതക്കും ഇടയിലെ സന്ധിക്കാനാവാത്ത ദ്വന്ദ്വവൈപരീത്യത്തെ മറികടക്കാൻ എങ്കിലേ നമുക്കാവുകയുള്ളൂ. മാനകീകരണത്തെ പ്രതിരോധിക്കുന്ന പരിഭാഷക്ക് പ്രാദേശികവർണങ്ങളെയും ധ്വനികളെയും ഇഴയടുപ്പങ്ങളെയും വൈവിധ്യത്തെയും ഏകത്വത്തെയും നാനാത്വത്തെയും സമാനതയെയും ഉൾക്കൊണ്ട്, ഇന്ത്യൻ സാഹിത്യത്തിനായി അത്തരത്തിലുള്ള വൈരുധ്യാത്മകവും താരതമ്യാത്മകവുമായ ഒരു സങ്കൽപം രൂപപ്പെടുത്തിയെടുക്കുന്നതിൽ നിർണായക പങ്കുണ്ട്. ■

*Translation and the idea of Indian Literature എന്ന ലേഖനത്തിന്റെ പരിഭാഷ*

പി.എസ്. രാധാകൃഷ്ണൻ

# മലയാളഭാവനയിലെ വിവർത്തന രേഖകൾ

**ആധുനിക മലയാള സാഹിത്യത്തിന്റെ സ്വീകാര്യത വിപുലമാക്കുന്നതിൽ വിവർത്തനങ്ങൾക്കുള്ള പ്രാധാന്യം ഏറെയാണ്. മലയാളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ നിലപാടുകളെയും പ്രതികരണങ്ങളെയും സ്വാധീനിക്കുവാൻ ആദ്യകാല പരിഭാഷകൾക്ക് കഴിഞ്ഞു.**



മലയാളത്തിന് സ്വന്തമായി ലിപിയുണ്ടോയെന്ന് സംശയിച്ച ബംഗാളി സാഹിത്യകാരനോട് ഉറൂബ് പറഞ്ഞ മറുപടി പ്രസിദ്ധമാണ്.[1] ബംഗാളി സർവകലാശാലകൾ ടാഗോറിന്റെ ഭാഷയിലെ പിഴവുകൾ കുട്ടികളെ പഠിപ്പിച്ചിരുന്ന കാലത്ത് അദ്ദേഹമുൾപ്പെടെയുള്ള എഴുത്തുകാരെ മലയാളി വായിച്ചുകഴിഞ്ഞിരുന്നുവെന്നാണ് ഉറൂബ് തിരിച്ചടിച്ചത്. ഉറൂബ് അങ്ങനെ പറഞ്ഞതിൽ കാര്യമുണ്ട്. 'ഗീതാഞ്ജലി'ക്ക് (1913) നൊബേൽ പുരസ്കാരം ലഭിക്കും മുമ്പേ വംഗസാഹിത്യം മലയാളത്തിലെത്തിയിരുന്നു. ടാഗോറിന്റെ കഥകൾ വായിച്ചതിനെതുടർന്ന് (1911) താൻ കഥയെഴുത്ത് തന്നെ നിർത്തുകയാണെന്നാണ് പുത്തേഴത്ത് രാമൻ മേനോനെപ്പോലൊരാൾ സാക്ഷ്യപ്പെടുത്തിയത്. തുടക്കത്തിൽ വി. ഉണ്ണികൃഷ്ണൻ നായരും തുടർന്ന് രവിവർമയുമൊക്കെ ബംഗാളിയിൽനിന്ന് ആഖ്യായികകൾ നേരിട്ട് മൊഴിമാറ്റം ചെയ്തവരാണ്. ബങ്കിംചന്ദ്രന്റെ ആനന്ദമഠം(1909) ദുർഗേശനന്ദിനി(1911) വിഷവൃക്ഷം, കൃഷ്ണകാന്തന്റെ മഹാപത്രം, കപാലകുണ്ഡല, എന്നിവയിൽനിന്നും താമസിയാതെ ടാഗോറിലേക്കും ശരച്ചന്ദ്ര ചാറ്റർജിയിലേക്കും ദ്വിജേന്ദ്രലാൽ റായിയിലേക്കും വിവർത്തനതാത്പര്യം മാറുന്നതു കാണാം. റൊക്കം പണമോ അന്തിമസമയരേഖയോ മറ്റുടമ്പടികളോ ഇല്ലാതെയാണ് സി.എസ് സുബ്രഹ്മണ്യൻ പോറ്റിയും ടി.സി കല്യാണിയമ്മയും വി. ഉണ്ണികൃഷ്ണൻ നായരുമൊക്കെ വംഗസാഹിത്യം മലയാളീകരിച്ചത്. ബങ്കിംചന്ദ്രന്റെയും ടാഗോറിന്റെയും ശരച്ചന്ദ്രന്റെയുമൊക്കെ കൃതികൾക്ക് ഒന്നിലേറെ പരിഭാഷകളാണുണ്ടായത്. അമൂർത്തമായ ദേശീയബോധം

*1. മലയാളത്തിൽ ലിപിയുണ്ടോ! എന്ന ഉപന്യാസം കാണുക: 'ഉറൂബിന്റെ ശനിയാഴ്ചകൾ' കോട്ടയം ഡി.സി.ബി., 1980 പുറം 12-14*

വിവർത്തനസംരഭങ്ങളുടെ തുടക്കത്തിലെ അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ചും സ്വാതന്ത്ര്യപൂർവസന്ദർഭത്തിൽ. സംസ്കൃതം കഴിഞ്ഞാൽ ഹിന്ദിയിലും ബംഗാളിയിലും നിന്നാണ് അക്കാലത്ത് അധികം പരിഭാഷകളുണ്ടായത്. ഹിന്ദി-ബംഗാളി പരിഭാഷകൾ നവോത്ഥാന ദേശീയതയെയും സംസ്കൃതപരിഭാഷകൾ പുനരുത്ഥാനദേശീയതയെയും പ്രതിനിധീകരിച്ചുവെന്ന് വിചാരിക്കുന്നതിൽ യുക്തിയുണ്ട്. നോവലുകൾക്കുമുമ്പ് 19 ാം നൂറ്റാണ്ടിൽതന്നെ ഷേക്സ്പിയർ നാടകങ്ങളുടെ ഭാഷാന്തരണം സജീവമായിരുന്നു. കോമഡി ഓഫ് എറേഴ്സിന് കല്ലൂർ ഉമ്മൻ പീലിപ്പോസ് തയാറാക്കിയ ആൾമാറാട്ടത്തെ (1866) തുടർന്ന് ഷേക്സ്പിയർ നാടകങ്ങൾക്ക് തുടർച്ചയായ ഭാഷാന്തരണമുണ്ടാകുന്നുണ്ട്. ആംഗലവുമായി അധികം പഴകിയിട്ടില്ലാത്ത കുഞ്ഞിക്കുട്ടൻ തമ്പുരാൻവരെ ഷേക്സ്പിയർ തർജമക്ക് മുതിർന്നു.

ഇതിൽനിന്ന് വ്യക്തമാവുന്നത് ആധുനിക മലയാള സാഹിത്യത്തിന്റെ സ്വീകാര്യത വിപുലമാക്കുന്നതിൽ തർജമകൾക്കുള്ള പ്രാധാന്യമാണ്. ആധുനികമായ ആഭിമുഖ്യങ്ങൾക്ക് സാക്ഷരമായ വ്യാപകത്വമേകിയ മലയാളപ്രസാധനത്തിന്റെ താവഴികളും ഇത് സാധൂകരിക്കുന്നു. അച്ചടിയുടെ വ്യാപനം ദേശീയമായ വ്യവഹാരങ്ങളെ കൂടുതൽ സംവാദപരമാക്കി. പരസ്പരം അറിയാനൊരു വഴിയുമില്ലാതിരുന്ന ജനവിഭാഗങ്ങളെ ഒന്നായി വിഭാവനം ചെയ്യാൻ പത്രമാസികകളും പുസ്തകങ്ങളും പ്രേരിപ്പിച്ചു. ഇവിടെ ആധുനിക മലയാള ഗദ്യത്തിന്റെ രൂപാന്തരണത്തിൽ ബൈബിൾ തർജമകളുടെ ഇടപെടലുകളും പരിഗണിക്കേണ്ടതുണ്ട്. മലയാള ഗദ്യത്തിന്റെ പര്യാപ്തതയെ പുനർനിർണയിക്കുക മാത്രമല്ല, വ്യവഹാരഭാഷയെ ഗദ്യവത്കരിക്കാനും ബൈബിൾ മലയാളത്തിനു കഴിഞ്ഞു. ആഖ്യാനതലത്തിൽ, മലയാളങ്ങളുടെ അനേകത തിരിച്ചറിയുന്നതിനുള്ള ചരിത്രപരമായ ഉപാധി കൂടിയാണ് ബൈബിൾ ഭാഷകൾ. ഓരോ തർജമയും ഓരോ സഭയുടെ ഔദ്യോഗിക പതിപ്പാകുന്നതുപോലെ അവ സവിശേഷ പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നുമുണ്ട്. തർജമയ്ക്ക് അധികാരത്തോട്/രാഷ്ട്രീയത്തോടുള്ള ബന്ധം ബൈബിൾ മുൻനിർത്തി വിശദീകരിക്കാവുന്നതാണെന്ന് സ്കറിയാ സക്കറിയ എഴുതുന്നുണ്ട്. കൊളോണിയലിസത്തിന്റെ ഭാഗമായി ഭാരതത്തിൽ വ്യാപിച്ച ബൈബിൾ തർജമ ശൈലി അധികാരപരമാണ്. 'കാറ്റടിക്കുമ്പോൾ നെൽച്ചെടി തലകുനിക്കണം, അല്ലെങ്കിൽ ഒടിച്ചുകളയുമെന്ന്' മട്ടിലായിരുന്നു 19 ാം നൂറ്റാണ്ടിലെ ബൈബിൾ തർജമകളുടെ കടന്നുവരവ്.[2] സ്കറിയ സക്കറിയ ലക്ഷ്യമാക്കുന്നത് കൊളോണിയൽ തർജമയാണ്. എന്നാൽ, മലയാളത്തിന്റെ കാര്യത്തിൽ പക്ഷെ വത്യാസങ്ങളുണ്ടെന്നു കാണാം. ഭാഷാർഥപരമായ സമമൂല്യവാദത്തിൽ തുടങ്ങി ജനകീയമായ തുറസ്സുകളിലേക്കാണ് ബൈബിൾ പരിഭാഷകൾ കടന്നുചെന്നത്. ഉദാഹരണത്തിന്, ഹെർമൻ ഗുണ്ടർട്ടിന്റെ ബൈബിൾ തർജുമ അധികവും പരിചരിച്ചത് തദ്ദേശീയമായ ബഹുജനഭാഷയാണ്. ബഹുജന സമ്പർക്കത്തിന്റെ തുടർവാണ് ഗുണ്ടർട്ട് ബൈബിളിലെ നാട്ടുമൊഴി വഴക്കങ്ങളിലുള്ളത്. കാവ്യസന്ദർഭങ്ങൾ, കാവ്യാത്മകമായി പുനർരചിക്കുകയായിരുന്നു ഗുണ്ടർട്ട് ചെയ്തത്. സാക്ഷരതയുടെയും അച്ചടിദേശീയതയുടെയും നാൾവഴികളിൽ ബൈബിൾ പരിഭാഷകളുടെ സാംസ്കാരികപ്രാധാന്യം വിശദമായ ചർച്ച ആവശ്യപ്പെടുന്നുണ്ട്. അച്ചടി ദേശീയതയുടെ ഗുണവും വ്യാപ്തിയും സാക്ഷര മധ്യവർഗത്തിനുള്ളിലാണ് പ്രവർത്തിച്ചിരുന്നത്. പദ്യപുസ്തകങ്ങളിൽനിന്ന് വ്യത്യസ്ത ഗദ്യരൂപങ്ങളിലേക്ക് പാരായണതലത്തിൽ സംഭവിച്ച ഗതിമാറ്റം ആധുനികതയോടുള്ള അനുവാചകപ്രതികരണത്തിന്റെ തീക്ഷ്ണതയാണ് വ്യക്തമാക്കുന്നത്. അതിനാൽ മലയാളിഭാവുകത്വത്തിൽ വന്ന വിച്ഛേദത്തെ ഭാഷാപരമെന്നതിനേക്കാൾ സാംസ്കാരികമായാണ് കരുതേണ്ടതെന്ന് വരുന്നു. അത്ര സുഗമമോ അനായാസമോ ആയി നടന്ന പ്രക്രിയ ആയിരുന്നില്ല സാംസ്കാരികമായ രൂപാന്തരണം. ദേശീയാവബോധത്തിനുള്ളിൽ വിഭിന്നങ്ങളായ ആശയസംഹിതകളുടെ ഉരസലുകൾ നിരന്തരമാവുന്ന സന്ദർഭമായിരുന്നല്ലോ അത്.




1834-ൽ ലണ്ടനിൽ അച്ചടിച്ച മലയാളം ബൈബിൾ

ആധുനിക മലയാള ഗദ്യത്തിന്റെ രൂപാന്തരണത്തിൽ ബൈബിൾ തർജമകളുടെ ഇടപെടലുകളും പരിഗണിക്കേണ്ടതുണ്ട്. മലയാള ഗദ്യത്തിന്റെ പര്യാപ്തതയെ പുനർനിർണയിക്കുക മാത്രമല്ല, വ്യവഹാരഭാഷയെ ഗദ്യവത്കരിക്കാനും ബൈബിൾ മലയാളത്തിനു കഴിഞ്ഞു. ആഖ്യാനതലത്തിൽ, മലയാളങ്ങളുടെ അനേകത തിരിച്ചറിയുന്നതിനുള്ള ചരിത്രപരമായ ഉപാധികൂടിയാണ് ബൈബിൾ ഭാഷകൾ

## കേസരിയുടെ ഇടപെടലുകൾ

ഏകീകൃതമായ ദേശഭാവനകൾക്ക് സാധുതയുണ്ടാവുന്ന സാഹചര്യം ഒരുഭാഗത്ത്. ഇന്ത്യൻ സാഹിത്യമെന്ന പരികല്പനക്കുള്ളിൽ വിവിധ ഭാഷാസാഹിത്യങ്ങളെ ഏകസ്വരതയിൽ പാകപ്പെടുത്തുന്ന പ്രവണത സ്വാതന്ത്ര്യപൂർവകാലത്തേയുള്ളതാണ്. മലയാളത്തിലാവട്ടെ ഇന്ത്യൻ നവോത്ഥാന മൂല്യങ്ങളിലെ പ്രബുദ്ധചിന്തകൾ പ്രതിനിധീകരിക്കുന്നവയെന്ന നിലയ്ക്കാണ് ബംഗാളിസാഹിത്യം സ്വീകരിക്കപ്പെട്ടത്. ഹിന്ദിയാവട്ടെ പുനരുത്ഥാനദേശീയതയുടെ ഭാഗമായും. ഇതിനു വിരുദ്ധമായ നിലപാടുകളും മലയാളത്തിലുണ്ടായിട്ടുണ്ട്. ഹിന്ദി-

2. *'തർജമപഠനത്തിലെ പുത്തൻ പുതുമകൾ' കാണുക: സ്കറിയാ സക്കറിയ, ജയസുകുമാരൻ, 1997, തർജമ: സിദ്ധാന്തവും പ്രയോഗവും ചങ്ങനാശ്ശേരി: താപസം പുറം 236*



കേസരി

ബംഗാളി നോവലുകളുടെ ആധിക്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത് കേസരി എ. ബാലകൃഷ്ണപിള്ളയാണ്. ഇന്ത്യൻ നോവലുകളേറെയും പാശ്ചാത്യമാതൃക പിന്തുടരുന്നവയാണ്. പിന്നെന്തിനവ മലയാളീകരിക്കണമെന്നതാണ് പ്രശ്നം. പകരം നേരിട്ട് പാശ്ചാത്യനോവൽരൂപങ്ങളിലെ ആഖ്യാനവഴികൾ പരിചയിക്കുകയോ പരീക്ഷിക്കുകയോ ആവാമല്ലോ എന്നാണ് കേസരിയുടെ വാദം. അസ്സൽ ലഭ്യമായിരിക്കെ എന്തിനവയുടെ പകർപ്പ് തേടിപ്പോകണം? കേസരിയുടെ ലക്ഷ്യം യൂറോപ്യൻ സാഹിത്യം പരിചയപ്പെടുത്തുക മാത്രമായിരുന്നില്ല. അവയുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ മലയാള നോവലിന്റെ ഘടനയും ആഖ്യാനവും പുനർനിർമിക്കേണ്ടതിന്റെ അനിവാര്യതയായിരുന്നു അദ്ദേഹം ബോധ്യപ്പെടുത്തിയത്.

ആദ്യം 'പ്രബോധക'നിലും പിന്നീട് 'കേസരി'യിലും യൂറോപ്യൻ സാഹിത്യത്തെ അവതരിപ്പിക്കുന്ന പ്രസ്ഥാനപഠനങ്ങളും പരിഭാഷകളും ചേർത്തിരുന്നു. കഥകളുടെ വിവർത്തനങ്ങളധികവും കേസരിയിലാണ് വന്നത്. കൂടാതെ വിവിധ സാഹിത്യപ്രസ്ഥാനങ്ങളും കേസരി പരിചയപ്പെടുത്തി. തകഴിയുടെയും ബഷീറിന്റെയും ചങ്ങമ്പുഴയുടെയും ഇടപ്പള്ളിയുടെയും പൊൻകുന്നം വർക്കിയുടെയുമൊക്കെ കൃതികളെ കലാപ്രസ്ഥാനങ്ങളുടെ സാംസ്കാരികസന്ദർഭത്തിനുള്ളിൽ നിന്ന ദ്ദേഹം നിരൂപണം ചെയ്തു. ഇംഗ്ലീഷ്ഭാഷ മഹാസാഹിത്യമാണെന്ന അധിനിവേശകമനോഭാവം ഇവിടെ നിരസിക്കപ്പെടുകയാണ്. മോപ്പസാങ്ങിന്റെ 'കാമുക'ന്റെ ആമുഖത്തിൽ തോമസ് ഹാർഡിയെയും ഫ്ളോബേറിനെയും കേസരി താരതമ്യപ്പെടുത്തുന്നുണ്ട്. ഹാർഡിയുടെ മുഴുവൻ നോവലുകളിലും ഉള്ളതിനേക്കാൾ യാഥാർഥ്യം ഫ്ളോബേറിന്റെ 'മദർഗോറിയ'യുടെ ഒരു താളിലുണ്ടെന്ന് കേസരിയെഴുതുന്നു. ഇംഗ്ലീഷ് ഭാഷയുടെ ഓജസ്സില്ലായ്മയും മനോവിശകലനത്തിനുള്ള അപര്യാപ്തതയുമാണ് ഇതരയൂറോപ്യൻ സാഹിത്യത്തെ അപേക്ഷിച്ചുള്ള പരിമിതി. വിവർത്തനത്തെ ചരിത്രാത്മകമായ പരിണതിയുടെ അനിവാര്യതയായാണ് കേസരി അവതരിപ്പിക്കുന്നത്. സാഹിത്യ-സാംസ്കാരിക മേഖലകളെ ആഗോളതലത്തിൽ ഏകോപിപ്പിക്കുന്ന നവലോകക്രമത്തിൽ വിവർത്തനങ്ങളുടെ പങ്ക് പ്രധാനമാണ്. ഉദ്ഗ്രഥനശക്തിയുടെ സാംസ്കാരികപ്രവർത്തനമായാണ് പരിഭാഷാസംരംഭങ്ങളെ കേസരി തിരിച്ചറിയുന്നത്.

## 'പാവങ്ങ'ളുടെ മലയാളി ജീവിതം

ചെഖോവിന്റെയും മോപ്പസാങ്ങിന്റെയും ഫ്ളോബേറിന്റെയും കഥാകഥനത്തിലെ വ്യതിരിക്തതയും റിയലിസത്തിന്റെയും നിയോറിയലിസത്തിന്റെയും പ്രസ്ഥാനസവിശേഷതകളും മലയാളിഭാവുകത്വത്തെ പുനർനിർണയിച്ചവയാണ്. അടിസ്ഥാനവർഗബോധത്തിന്റെയും സമത്വചിന്തയുടെയും ആശയങ്ങളോട് സ്വാഭാവികമായും മലയാളസാഹിത്യവും സംവദിച്ചു. 1930 കളിലെയും നാല്പതുകളിലെയും സാഹിത്യത്തിൽ ഇത് തുടരനുഭവമായി. വിക്ടർ യൂഗോയുടെ 'ലാ മിറാബ്ലെ'യ്ക്ക് നാലപ്പാട്ട് നാരായണമേനോൻ തയാറാക്കിയ 'പാവങ്ങ'ളെന്ന തർജമയുടെ പ്രസക്തി ഇവിടെയാണ്. ദേശീയവും സാമൂഹികവുമായ അരക്ഷിതത്വവും സന്ദിഗ്ധതയും തിടംവെച്ച 1920 കളുടെ വർത്തമാനത്തോടാണ് പാവങ്ങൾക്ക് സംവദിക്കേണ്ടിയിരുന്നത്. 'നിയമങ്ങളും സദാചാരങ്ങളും തോന്നുംപോലെ സൃഷ്ടിച്ച് ഭൂമിയിൽ നരകം തീർക്കുന്ന സമുദായത്തിലെ ശിക്ഷാവിധികളുടെ ഇരകളാകുന്ന മനുഷ്യരുള്ളിടത്തോളം' പാവങ്ങൾ പ്രസക്തമാകുമെന്ന വിക്ടർ യൂഗോയുടെ പ്രത്യാശ വെറുതെയായില്ല. മലയാളത്തിലെ 'പരാജയപ്രസ്ഥാന'ത്തെ (റിയലിസം) ഇത്രയേറെ സ്വാധീനിച്ച മറ്റൊരു കൃതിയുണ്ടാകില്ല. 'മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെയുണ്ട്, ഭക്ഷണത്തിനുവേണ്ടി സ്ത്രീകൾ എവിടെ വിൽക്കപ്പെടുന്നു, അറിവുണ്ടാക്കാനുള്ള ഗ്രന്ഥവും തണുപ്പുമാറ്റാനുള്ള അടുപ്പും കിട്ടാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു, അവിടെയെല്ലാം 'പാവങ്ങ'ളെന്ന പുസ്തകം വാതിൽക്കൽ മുട്ടി വിളിച്ചുപറയും 'എനിക്ക് വാതിൽ തുറന്നുതരിക, ഞാൻ വരുന്നത് നിങ്ങളെ കാണാനാണ്.'[3] ബഹുമുഖമായ അടരുകളുള്ള മലയാള സാഹിത്യമേഖലയിലേക്ക് 'പാവങ്ങൾ' പോലുള്ള വിവർത്തനങ്ങൾ രംഗപ്രവേശം ചെയ്യുന്നതിന്റെ ധ്വനിപാഠമായി യൂഗോയുടെ പ്രസ്താവത്തെ പുനർവായിക്കാവുന്നതാണ്. നിലനിൽക്കുന്ന വ്യവസ്ഥയോട് ചേരുന്ന മറ്റൊരു വ്യവസ്ഥയെയല്ല വിവർത്തനങ്ങൾ സ്വരൂപിച്ചത്. പുതിയൊരു സാഹിത്യവ്യവസ്ഥയുടെ സാധ്യതയാണ്.






വിക്ടർ യൂഗോ

അറിവനുഭവത്തിന്റെയും ലോകാവബോധത്തിന്റെയും രാഷ്ട്രനിർമാണപ്രക്രിയുടെയും ധ്വനിയുള്ളതാണ് യൂഗോയുടെ പ്രസ്താവന. ജാതിവിരുദ്ധ പ്രക്ഷോഭങ്ങളും പൗരസമത്വചിന്തയും പങ്കാളിത്ത ജനാധിപത്യത്തിനായുള്ള ആവശ്യവും തൊഴിലവകാശ സമരങ്ങളും കനത്തുനിൽക്കുന്ന രാഷ്ട്രീയാന്തരീക്ഷത്തിലാണ് 'പാവങ്ങൾ' പോലുള്ള തർജമകൾ അവതരിപ്പിക്കപ്പെടുന്നത്. ആഖ്യായികാകഥനങ്ങളിൽ മാത്രമല്ല, നാടകവും കവിതയും കഥാപ്രസംഗവും പോലുള്ള വിഭിന്നഗണങ്ങളിലും 'പാവങ്ങ'ളുടെ അനുരണനമുണ്ടായി. പ്രമേയത്തിന്റെ സാർവത്രികത മാത്രമാണോ പാവങ്ങളെ നിർണായകമാക്കിയതെന്ന് സംശയം തോന്നാം. തന്റേത് ഫ്രഞ്ച് കൃതിയാണെന്നു പറയുന്നതിനേക്കാൾ 'എല്ലാ രാജ്യക്കാർക്കുമായി എഴുതിയിട്ടുള്ള' ഒന്നാണെന്നു കരുതണമെന്ന് മൊസ്യൂ ഡെയ്‌ലിന് 1862 ൽ യൂഗോ അയച്ച കത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇംഗ്ലണ്ടെന്ന

3. *നാരായണമേനോൻ, നാലപ്പാട്ട്. 1977, വിവ. വിക്ടർയൂഗോയുടെ 'പാവങ്ങൾ'. കോഴിക്കോട്: മാതൃഭൂമി പുറം IX*

പോലെ സ്പെയ്നിലും ഇറ്റലിയിലെന്നപോലെ ഫ്രാൻസിലും ജർമനിയിലെന്നപോലെ അയർലൻഡിലും അടിമകളുടെ പ്രജാതിപത്യരാജ്യത്തിലെന്നപോലെ അടിയാരുടെ ചക്രവർത്തി ഭരണ രാജ്യങ്ങളിലും പാവങ്ങളുടെ എതിരൊലിയുണ്ടാകണമെന്ന് യൂഗോ പ്രത്യാശിച്ചു. അവിഭക്തരാഷ്ട്രത്തെയും ലോകജനതയെയും കുറിച്ചുള്ള സ്വപ്നങ്ങളാണ് ഗ്രന്ഥകാരൻ ആഖ്യായികയിൽ നിക്ഷേപിക്കുന്നത്. ഫ്രാൻസിലെ ഭരണമാറ്റം, രാജാവിന്റെ കൊലപാതകം, നെപ്പോളിയന്റെ ഭരണവും അദ്ദേഹത്തിന്റെ പതനവും എന്നിങ്ങനെ ഭീതിദവും അരക്ഷിതവുമായ രാഷ്ട്രീയ കാലാവസ്ഥയ്ക്കുള്ളിൽ നിന്നാണ് 'പാവങ്ങൾ' എഴുതപ്പെടുന്നത്. ഫ്രഞ്ച് ദേശീയതയെന്ന പരിധിക്കപ്പുറം പ്രപഞ്ചദേശീയതയുടെ വ്യോമമണ്ഡലത്തിലേക്ക് വികസ്വരമാകുന്ന കാല്പനികമായ കർതൃബോധം യൂഗോയുടെ സ്വാഖ്യാനത്തിൽ പ്രകടമാണ്. വിശപ്പും വറുതിയും രോഗപീഢയും മതഭ്രാന്തും ജനവിരുദ്ധനിയമങ്ങളും ചേർന്ന് മാനവികമായ അസ്തിത്വത്തെ ശകലീകരിക്കുന്ന ചരിത്രസന്ദർഭമായിരുന്നു 'പാവങ്ങ'ളുടേത്. ഒന്നാം ലോകമഹായുദ്ധാനന്തരകാലത്താണ് 'പാവങ്ങ'ളുടെ മലയാളപരിഭാഷ (1925-1928) പ്രസിദ്ധം ചെയ്യുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ജനകീയ പിന്തുണയേറി വരുന്ന സന്ദർഭമെന്ന പ്രാധാന്യവുമുണ്ട്. സ്വാഭാവികമായും മലയാളി മനസ്സിലെ വിമോചന കാംക്ഷകളുമായി സംവദിക്കുന്നവയായി തർജമകൾ. അത് മലയാളത്തിന്റെ ബഹുവിതാനങ്ങളുള്ള സാഹിത്യവ്യവസ്ഥയെ അസ്ഥിരപ്പെടുത്തുകയും പുനർനിർമിക്കുകയുമായിരുന്നു. വിക്ടർ യൂഗോവിന്റെ തന്നെ കവിതകളും നോത്രദാമിലെ കൂനനുമൊക്കെ പിന്നീട് മലയാള പരിഭാഷകളുണ്ടായെങ്കിലും പാവങ്ങൾ അതിൽനിന്നെല്ലാം ഒറ്റപ്പെട്ടു നിൽക്കുന്നു. കാരണം പാവങ്ങൾ മലയാള കൃതിയായാണ് അനുവാചകർ സ്വീകരിച്ചതും പുനർവായിച്ചതുമെന്നതുതന്നെ.

## ഇബ്സൻ തരംഗം

തർജമ സാധാരണമായ ഭാഷാവ്യവസായമല്ല. സാഹിത്യത്തിന്റെ പരിണാമകാലം അടയാളപ്പെടുത്തുന്ന സാംസ്കാരികചരിത്രമാണ്. 'പാവങ്ങ'ളും കേസരിയുടെ ഫ്യൂച്ചറിസ്റ്റ്പ്രസ്ഥാന സംവാദങ്ങളും സാമൂഹികവും കാല്പനികവുമായ റിയലിസാവിഷ്കാരങ്ങളും വ്യക്തമാക്കുന്നത് വിവർത്തനത്തിന്റെ വ്യാപ്തിയും സാമൂഹികബന്ധവുമാണ്. ഇവയൊരുക്കിയ സാംസ്കാരികമായ പടനിലത്തിലാണ് ഇബ്സനെപ്പോലുള്ളവരുടെ നാടകങ്ങൾക്ക് സ്വീകാര്യതയുണ്ടായത്. 'പാവങ്ങൾ'ക്കു സമാനമായ പ്രതികരണമാണ് ഇബ്സന്റെ നാടകങ്ങൾക്ക് പിന്നീട് ലഭിച്ചത്. ഇബ്സന്റെ 'ഗോസ്റ്റ്സി'ന്റെ പരിഭാഷയായ 'പ്രേതങ്ങൾ' കേസരിയിലാണ് പ്രസിദ്ധപ്പെടുത്തിയത്. ബാരിസ്റ്റർ എ. ഗോപാലപിള്ളയുടെ പരിഭാഷ പിന്നീട് എ. ബാലകൃഷ്ണപിള്ളയുടെ അവതാരികയോടെ പ്രസിദ്ധീകരിക്കുന്നത് 1936 ലാണ്. അതിനുശേഷമാണ് ഇബ്സൻ തരംഗം വ്യാപകമാകുന്നത്. എന്നാൽ 'പ്രേതങ്ങ'ളുടെ ഉള്ളടക്കം ദുർബലമായിരുന്നുവെന്ന് ജി. ശങ്കരപ്പിള്ളയെപ്പോലുള്ള നാടകചരിത്രകാരന്മാർ ആവർത്തിച്ചിട്ടുണ്ട്. ബഹുമുഖവും സങ്കീർണവുമായ പരിണതി കാലങ്ങളുള്ള ഇബ്സന്റെ നാടകജീവിതത്തിൽ നിന്നും സാമൂഹിക റിയലിസത്തിന്റെ ചില പ്രത്യക്ഷസൂചനകളാണ് മലയാളം ഉൾക്കൊണ്ടത്. ഒരുപക്ഷെ അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയ്ക്ക് പാകമായ വിധം ഇബ്സനെ മലയാള സാഹിത്യം സ്വാംശീകരിക്കുകയായിരുന്നുവെന്നു പറയാം. ഗോസ്റ്റിനും പാവവീടിനും (ഡോൾസ് ഹൗസ്) ഒന്നിലേറെ തർജമകളുണ്ടായി. മാത്രവുമല്ല നവോത്ഥാനകാലത്തെ സമുദായ പരിഷ്കരണ സ്വഭാവമുള്ള നാടകങ്ങൾ ഇബ്സന്റെ പ്രേരണ കൂടുതൽ സർഗപരവും നാടകീയവുമായി പരിവർത്തിപ്പിച്ചിരുന്നു. 19 ാം നൂറ്റാണ്ടിൽ തുടങ്ങി 20 ാം ശതകത്തിന്റെ ആദ്യ ദശകങ്ങളിലൂടെ തുടർന്ന ഷേക്സ്പിയർ തർജമകളെക്കാൾ ആവേശകരമായിട്ടാണ് ഇബ്സനെ മലയാളം എതിരേറ്റത്. ഇതിനൊരു കാരണം മുഖ്യധാരാ ദേശീയ രാഷ്ട്രീയത്തോടുള്ള അസംതൃപ്തിയും സോഷ്യലിസത്തോടുള്ള ആഭിമുഖ്യവുമാവാം. സാമൂഹിക യാഥാർഥ്യങ്ങൾക്കിടയിലെ സ്വാധർമ്യവുമാവാം. എന്തായാലും മലയാള സാഹിത്യ പഠനത്തിലെ നിർണായക കണ്ണികളാണ് ഷേക്സ്പിയറും ഇബ്സനുമൊക്കെ. സാഹിത്യചരിത്രത്തിലെ നാമധേയങ്ങൾ എന്നതിലുപരി മലയാളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ നിലപാടുകളെയും പ്രതികരണങ്ങളെയും ഇവരെങ്ങനെ പ്രതിനിധീകരിച്ചുവെന്നതാണ് തർജമപഠനത്തിന്റെ പരിഗണനയിൽ വരുന്നത്. ഇവിടെ നിലവിലുള്ള വ്യവസ്ഥകൾ അതിക്രമിക്കുന്ന പുതിയൊരു വ്യവസ്ഥ

> നവോത്ഥാനകാലത്തെ സമുദായ പരിഷ്കരണ സ്വഭാവമുള്ള നാടകങ്ങൾ ഇബ്സന്റെ പ്രേരണ കൂടുതൽ സർഗപരവും നാടകീയവുമായി പരിവർത്തിപ്പിച്ചിരുന്നു. 19 ാം നൂറ്റാണ്ടിൽ തുടങ്ങി 20 ാം ശതകത്തിന്റെ ആദ്യ ദശകങ്ങളിലൂടെ തുടർന്ന ഷേക്സ്പിയർ തർജമകളെക്കാൾ ആവേശകരമായിട്ടാണ് ഇബ്സനെ മലയാളം എതിരേറ്റത്.



ചങ്ങമ്പുഴ

രൂപപ്പെടുത്തുകയാണ് തർജമകൾ. ഏകോന്മുഖമായ സ്ഥിതിവ്യവസ്ഥ സാഹിത്യചരിത്രത്തിൽ അസാധ്യമാണ്. തർജമകൾ അതിലെ ഗത്യാത്മകതയുടെ രൂപങ്ങളാണ്. എത്രയോ അടരുകളുള്ള സഞ്ചലിതമായ വ്യവസ്ഥയായി സാഹിത്യത്തെ തിരിച്ചറിയിക്കുന്നതാണ് തർജമകളുടെ നിരന്തര സാന്നിധ്യം. ഇവിടെ മലയാളത്തിന്റേത് ജൈവമായ നിലയാണ്. ഇതിഹാസകൃതികൾക്ക് മലയാളത്തിൽ എത്രയോ പുനരാഖ്യാനങ്ങളുണ്ടായി. അനുഗത തർജമയെക്കാൾ സ്വയംഗതമായ വഴികളാണ് മലയാളം തുടക്കത്തിലേ പിന്തുടർന്നത്. സംസ്കൃതം ആരൂഢമുറപ്പിച്ചപ്പോഴും പാട്ടും ഗാനങ്ങളും കേൾവിപ്പുറത്തുണ്ടായിരുന്നു. രാമചരിതം (12 ാം ശതകം) യുദ്ധകാണ്ഡത്തിനുള്ളിൽ നിന്നാണ് രാമകഥാഖ്യാനം മുഴുക്കെ പറഞ്ഞുവെക്കുന്നത്. സംസ്കൃതം അനുകരിക്കുന്നിൽ നിന്നും എത്രയോ അധികമാണ് രൂപത്തിലും പ്രകൃതത്തിലും അതിനെ അതിവർത്തിക്കുന്ന പാട്ടുകൾ. ചീരാമകവിയും കണ്ണശ്ശന്മാരും ചെറുശ്ശേരിയും എഴു



ഇബ്സൻ

ത്തച്ഛനും കുഞ്ചൻ നമ്പ്യാരുമൊക്കെ നടത്തിയത് ബൃഹദാഖ്യാനപാരമ്പര്യത്തെ അതിവർത്തിക്കുന്ന തദ്ദേശീയമായ പുനരെഴുത്തുകളായിരുന്നു.

വയനാടൻ രാമായണവും മാപ്പിളരാമായണവും മാവാരതം പാട്ടും മറ്റും ഇതേ വ്യതിക്രമത്തിന്റെ ഇതര സാധ്യതകൾ തുറന്നുതരുന്നു. സാഹിത്യരചനകളുടെ മൊഴിമാറ്റങ്ങൾ സാംസ്കാരികവിനിമയത്തിന് അരങ്ങൊരുക്കുന്നതിന്റെ പാഠഭേദങ്ങളാണിവയിലുള്ളത്. ഒരേ കൃതിക്ക് അനേകം പരിഭാഷകളുണ്ടാകുന്ന സാഹചര്യത്തിൽ വിനിമയത്തിന്റെ സന്ദേശങ്ങളിൽ വ്യത്യാസമുണ്ടാകാം. ഇത്തരം സന്ദർഭങ്ങളിൽ കർതൃത്വത്തിന്റെ പ്രതിഫലനാത്മകതയും പഠനത്തിന്റെ ഉപാധിയാകും. ഭാഷയുടെ ഉപരിതലത്തിലോ പദങ്ങളുടെ തിരഞ്ഞെടുപ്പിലോ ആയി ഇതിന് പരിധി നിശ്ചയിക്കാനാവുകയുമില്ല. 19 ാം നൂറ്റാണ്ടിലും 20 ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും വിവർത്തനത്തെ സ്വദേശീകരിക്കുന്ന സംരംഭങ്ങളുണ്ടായിട്ടുണ്ട്. ഷേക്സ്പിയർ നാടകതർജമകളിൽ ഇത് വ്യാപകമായിരുന്നു. ബാൽസാക്കിന്റെ 'യൂജിൻ ഗ്രാൻഡെറ്റി'ന്റെ വിവർത്തനത്തിൽ കേസരി ബാലകൃഷ്ണപിള്ളയും (സാന്ധില്യ 1921) ഇത് പരീക്ഷിച്ചിരുന്നു. സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ തർജമയുടെ സ്വദേശീകരണത്തെ പിന്നീട് അദ്ദേഹം നിരസിക്കുകയായിരുന്നു. അനുഗതതർജമയെയാണ് കേസരി പൊതുവെ പിന്തുടർന്നത്. അതേസമയം ഭാഷാനുവാദത്തിൽ ചങ്ങമ്പുഴയെടുത്ത സർഗസ്വാതന്ത്ര്യം കേസരി അംഗീകരിക്കുകയും ചെയ്തു. ജയദേവരുടെ 'ഗീതഗോവിന്ദ'ത്തിനും (ദേവഗീത 1945) ഉമർഖയാമിന്റെ 'റുബായിയാത്തി'നും (മദിരോത്സവം 1947) 'പഴയ നിയമത്തി'ലെ ഉത്തമ ഗീതത്തിനും (ദിവ്യഗീത, 1947) ചങ്ങമ്പുഴ എഴുതിയ കാവ്യാനുവാദങ്ങൾ സുനിശ്ചിതമായ തർജമനിയമങ്ങളെ നിരാസ്പദമാക്കുന്നതായിരുന്നു. 'റുബായിയാത്തി'ലെ ചിന്താഗതിയോടടുപ്പിച്ച് സ്വതന്ത്രമായ കൃതി രചിച്ചാൽ കൊള്ളാമെന്ന തോന്നലിന്റെ ഫലമാണ് 'മദിരോത്സവം'. ഫിറ്റ്സ്ജെറാൾഡിന്റെ ആംഗല തർജമ എത്രയോ തവണ മാറ്റിയെഴുതിയതാണ്. യൂറോപ്പിന്റെ അധിനിവേശക മനോഘടനയ്ക്കും മുൻവിധികൾക്കും അനുപാതമായി പൗരസ്ത്യ സാഹിത്യത്തെ പരിഭാഷപ്പെടുത്തിയ ഓറിയന്റലിസ്റ്റുകളുടെ കാഴ്ചശീലങ്ങളിൽ നിന്ന് ഫിറ്റ്സ്ജെറാൾഡിന്റെ 'റുബായിയാത്തും' വിമുക്തമല്ല. ഇവിടെയാണ് 'മദിരോത്സവ'ത്തിന്റെ ദ്രാവിഡമായ രൂപഭാഷാപകർച്ചകൾ ശ്രദ്ധേയമാകുന്നത്. 'മദിരോത്സവ'വും ദേവഗീതയും ദിവ്യഗീതവുമൊക്കെ ചങ്ങമ്പുഴയുടെ കാവ്യശാസ്ത്രത്തെ വിളമ്പരപ്പെടുത്തുന്ന സംരംഭങ്ങൾകൂടിയാണ്.

## ഗീതാഞ്ജലിയുടെ പരിഭാഷകൾ

ഒരർഥത്തിൽ തിരഞ്ഞെടുപ്പ് തർജമപഠനത്തിൽ നിർണായകമാണ്. സാഹിത്യചരിത്രത്തെ ചലനാത്മകമാക്കുന്ന പ്രവർത്തനമാണ് തിരഞ്ഞെടുപ്പിലുള്ളത്. ഉദാഹരണത്തിന് ടാഗോറിന്റെ 'ഗീതാഞ്ജലി'യുടെ ബംഗാളി പാഠവും (1910) ആംഗലപാഠവും (1912) പലതലങ്ങളിലും വിഭിന്നമായതിന്റെ പശ്ചാത്തലം നോക്കുക. ബംഗാളിയിൽ 157 ഗീതങ്ങളുള്ളപ്പോൾ ആംഗലത്തിൽ 103 മാത്രം. ബംഗാളി പാഠത്തിലെ 53 ഗീതങ്ങൾ മാത്രമേ ആംഗലപാഠത്തിൽ ചേർത്തിട്ടുള്ളു. ബാക്കിയുള്ളത്, ടാഗോറിന്റെ തന്നെ നൈവേദ്യം (1910), ഖേയ (1906), ശിശു, ഗീതിമാല്യ എന്നിവയിലെ ഗീതങ്ങളുടെ പരിഭാഷയാണ്. നാടോടിയും വൈഷ്ണവവും ഔപനിഷദികവുമെന്നെല്ലാം നിരൂപിക്കപ്പെട്ട ഗീതാഞ്ജലിയെ നൊബേൽ പുരസ്കാരസമിതിയിൽ അംഗമായ പേൾഹാൾ ഉപമിക്കുന്നത് വിശുദ്ധ സങ്കീർത്തനത്തോടാണ്. തുടർന്ന് ഐശ്വരതയിലും ജീവസാകല്യത്തോടുള്ള പ്രേമവായ്പിലും വിശുദ്ധ ഫ്രാൻസിസിനോടാണ് ടാഗോറിനെ പേൾഹാൾ തുലനം ചെയ്തത്. ദേശീയതയുടെയും പ്രാദേശീയതയുടെയും ചിഹ്നങ്ങളാൽ സമൃദ്ധമായ ഒരു പാഠത്തിന്റെ വിദേശീകരണം വ്യത്യസ്തമായ ജീവിതത്തുടർച്ച നേടിയതിന്റെ ചരിത്ര സന്ദർഭമാണിത്. അവിടെ മറ്റൊരു ടാഗോറും 'ഗീതാഞ്ജലി'യും ഉയിർകൊള്ളുകയാണ്. മൂലഭാഷയെയും മൂലപാഠത്തെയും മൂലാനുസൃതമായ അർഥത്തെയും വലയം ചെയ്യുന്ന ആധികാരികതയുടെ പരിവേഷത്തിനാണിവിടെ മങ്ങലേൽക്കുന്നത്. ഇതെല്ലാം മലയാളത്തിലെ ഗീതാഞ്ജലി വിവർത്തനങ്ങൾക്കും ബാധകമാണ്. മലയാളത്തിൽ ഇതിനോടകം ഗദ്യത്തിലും പദ്യത്തിലുമായി ഇരുപതിലേറെ 'ഗീതാഞ്ജലി'കൾ ഉണ്ടായി. അതിൽ ബംഗാളി പാഠത്തെ അവലംബമാക്കിയത് രണ്ടെണ്ണമേയുള്ളു.

> മലയാളത്തിൽ ഇതിനോടകം ഗദ്യത്തിലും പദ്യത്തിലുമായി ഇരുപതിലേറെ 'ഗീതാഞ്ജലി'കൾ ഉണ്ടായി അതിൽ ബംഗാളി പാഠത്തെ അവലംബമാക്കിയത് രണ്ടെണ്ണമേയുള്ളു




തർജമയെ പുനർരചനയായി നിർവചിക്കുന്ന ആന്ദ്രേ ലെഫേവെയുടെ നിരീക്ഷണങ്ങൾ അത്തരമൊരു സാഹിത്യപ്രവർത്തനത്തിന് വിപുലമായ അർഥമാണ് നൽകുന്നത്. പുനർരചനകളിലൂടെ സാധ്യമാകുന്ന നവീനസങ്കല്പങ്ങൾ, പ്രസ്ഥാനങ്ങൾ, ആഖ്യാനതന്ത്രങ്ങൾ എന്നിവയുടെ അവതരണം സാഹിത്യചരിത്രപരമായ



ആന്ദ്രേ ലെഫേവെ

പുനർരചനയ്ക്ക് കാരണമാകുന്നതായി ലെഫേവെ നിരീക്ഷിക്കുന്നുണ്ട്. ഇന്ത്യയിലെ വിവിധ ഭാഷാദേശീയതകളിൽ ജീവിതം തുടരാൻ 'ഗീതാഞ്ജലി' ഉൾപ്പെടെയുള്ള ടാഗോർ കൃതികളെ പ്രാപ്തമാക്കിയത് അതിനുണ്ടായ നാനാതരം പുനർരചനകളാണ്. ഓരോ പുതിയ സാംസ്കാരിക സാഹചര്യത്തിലും അനന്തര ജീവിതത്തിനുള്ള ഇടം കണ്ടെത്തുന്നതിലൂടെ തർജമപാഠം സ്വാതന്ത്ര്യവും വ്യത്യസ്തവുമായി തീരുകയാണ്. വിവർത്തനം വിപണികേന്ദ്രിതമാകുന്ന വർത്തമാനസാഹചര്യത്തിൽ ഇതെത്രത്തോളം സംഭവ്യമാകുമെന്ന് സംശയമാണ്. പ്രത്യേകിച്ച് താത്കാലിക ജീവിതത്തിൽ കവിഞ്ഞൊന്നും വിപണിക്കാവശ്യമില്ലാത്ത സാഹചര്യത്തിൽ. ■

*മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറാണ് ലേഖകൻ*

എം. ശ്രീനാഥൻ



**മലയാള ഭാഷയുടെ ശക്തമായ ഒരു നീരൊഴുക്കായി വിവർത്തനം ചരിത്രപരമായി തന്നെ നിലനിൽക്കുന്നു. എന്നാൽ മലയാളഭാഷയ്ക്കും സർഗാത്മകതയ്ക്കും ആഗോളാംഗീകാരം ഉറപ്പുവരുത്താൻ സാംസ്കാരിക നയത്തിന്റെ ഭാഗമായി ഒരു വിവർത്തന നയവും ഉണ്ടാകേണ്ടിയിരിക്കുന്നു**

# വിവർത്തന സാക്ഷരത മലയാളത്തിൽ

വിവർത്തനം, തർജുമ, മൊഴിമാറ്റം, പരിഭാഷ, ഭാഷാന്തരണം ഇത്യാദി സംജ്ഞകളിലൂടെ മലയാളത്തിൽ വിവക്ഷിക്കുന്നത് ഒരു പ്രക്രിയയെയും ഉല്പന്നത്തെയും വിജ്ഞാനശാഖയെയുമാണ്. പ്രധാനമായും രണ്ടു ലിഖിതഭാഷകൾ തമ്മിലുള്ള ഭാഷാശാസ്ത്രപരവും സാംസ്കാരികവുമായ ആശയസംക്രമണപ്രക്രിയയാണ് വിവർത്തനം. ഒരു മൂലഭാഷയിൽ അവതരിപ്പിച്ച ആശയത്തെ മറ്റൊരു ലക്ഷ്യഭാഷയിലേക്ക് മാറ്റുന്ന അന്തർഭാഷാസംക്രമണ പ്രക്രിയയാണിത്. ഒരു ഭാഷാശാസ്ത്രപ്രക്രിയയെന്ന നിലയിൽ 1980 നുശേഷം കീർത്തി നേടിയതാണെങ്കിലും ഇതിന്ന് ഒരു സംസ്കാരവിനിമയ പ്രക്രിയ എന്ന നിലയിൽ സാംസ്കാരിക പഠനത്തിന്റെ ഭാഗമാണ്. ഭാഷകളല്ല, സംസ്കാരങ്ങളാണ് വിവർത്തനം ചെയ്യപ്പെടുന്നതെന്ന ആശയം സംവേദനശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുന്നു. അതുവഴി കൂടുതൽ സംസ്കാരകേന്ദ്രിതമായി മാറി.

ഈ രംഗത്ത് തുടക്കത്തിൽ അവതരിപ്പിക്കപ്പെട്ടിരുന്ന വിവർത്തന പ്രശ്നങ്ങളും സിദ്ധാന്തങ്ങളുമൊക്കെ പൊളിച്ചെഴുതപ്പെട്ടു. ബൈബിൾ വിവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങളും അവയെ കേന്ദ്രീകരിച്ചുള്ള സമതുല്യത, ആധികാരികത, വിശ്വസ്തത, മൂലകൃതിയുടെ ശുദ്ധി എന്നിങ്ങനെയുള്ള സൈദ്ധാന്തിക പ്രവണതകൾക്കും ഇന്ന് ഇളക്കം സംഭവിച്ചിട്ടുണ്ട്.

സാഹിത്യകൃതികളുടെ അതിജീവനം, മൂന്നാം ലോകരാജ്യങ്ങളുടെ ശേഷി ആർജിക്കൽ, 'വിവർത്തക' എന്ന ലിംഗ ധ്വനിയോടെയുള്ള സ്വത്വസ്ഥാപനം, സാംസ്കാരികവ്യവസായ രൂപകം എന്നിങ്ങനെ വിവർത്തനത്തെ നോക്കിക്കാണുന്നുണ്ട്. നിർവചിക്കലിന്റെയും വ്യാഖ്യാനിക്കലിന്റെയും പൊരുൾ സാംസ്കാരിക കേന്ദ്രിതമായതോടെ ഭാഷാശാസ്ത്ര ഭൂമികയിൽ നിന്നുകൊണ്ടു മാത്രം വിവർത്തനത്തെ കാണാനാവില്ലെന്നുവന്നു. വിവർത്തനത്തിന് സുദീർഘമായൊരു ചരിത്രം അവകാശപ്പെടാമെങ്കിലും സവിശേഷമായൊരു പഠനമേഖലയായി പാശ്ചാത്യദേശത്ത് പ്രചാരം നേടിയത് 1960 കളിലാണ്. യൂറോപ്പിലായിരുന്നു ആദ്യകാലത്ത് ഈ രംഗത്തെ അന്വേഷണങ്ങൾ സജീവമായതെങ്കിലും പിന്നീട് അമേരിക്കയിലും ഏഷ്യൻ രാജ്യങ്ങളിലുമൊക്കെ ഈ പഠനമേഖല അംഗീകാരം നേടി. ഒരു അന്തർവൈജ്ഞാനിക മേഖലയാണിന്നിത്.

ലഘുവായിട്ടാണെങ്കിലും വിവർത്തന ചരിത്രം സൈദ്ധാന്തികവും പ്രായോഗികവുമായി വിഷയപരിണാമം, വിവർത്തനത്തിന്റെ ഭാരതീയവും കേരളീയവുമായ സന്ദർഭം, വിവർത്തന നയത്തിന്റെ ആവശ്യം എന്നിങ്ങനെയാണ് ഇവിടെ വിഷയ അനുക്രമണി നിശ്ചയിച്ചിട്ടുള്ളത്.

### വിവർത്തന ചരിത്രം

കഴിഞ്ഞ 50 വർഷത്തെ വിവർത്തന പഠനചരിത്രം സജീവമായ മുന്നേറ്റത്തിന്റേതാണ്. എന്നാൽ വിവർത്തന പ്രക്രിയയുടെ വേരുകൾ അതിനും എത്രയോ പിന്നിലുള്ള നൂറ്റാണ്ടുകളിലും കാണാം. റോമൻ കാലഘട്ടം മുതൽ തന്നെ വിവർത്തനചരിത്രമുണ്ട്. അച്ചടി, വിവർത്തനത്തെ ത്വരിതപ്പെടുത്തിയിരുന്നെങ്കിലും ആദ്യകാലങ്ങളിൽ വിവർത്തനത്തെക്കുറിച്ചുള്ള തത്വങ്ങളൊന്നും അവതരിപ്പിച്ചതായി രേഖകളില്ല. ഫ്രഞ്ച് കവിയും വിവർത്തകനുമായിരുന്ന എതിൻ ദോളയാണ് 1540 കളിൽ ആദ്യമായി ചില അഭിപ്രായങ്ങൾ ഈ രംഗത്ത് അവതരിപ്പിച്ചത്. മൂലകൃതിയിലെ ആശയവും മൂലഗ്രന്ഥകാരൻ കല്പിച്ച വിവക്ഷയും അറിഞ്ഞുകൊണ്ടേ വിവർത്തനത്തിലേർപ്പെടാവൂവെന്നും മൂല്യ ലക്ഷ്യഭാഷകളിൽ ആഴത്തിലുള്ള വിജ്ഞാനം വിവർത്തകന് ഉണ്ടായിരിക്കണമെന്നും, ലക്ഷ്യഭാഷയിലെ അവതരണം രസനീയമായിരിക്കണമെന്നും ദോള വാദിച്ചു. പദാനുപദരീതിയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചില്ല. ഇലിയഡിന്റെ വിവർത്തനത്തിൽ ജോർജ് ചാപ്മാൻ മൂലകൃതിയുടെ സത്ത തിരിച്ചറിയാതെയുള്ള വിവർത്തനങ്ങൾ പാടില്ലായെന്നും, മറ്റു വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ഉപയോഗപ്പെടുത്താനും തെറ്റുള്ളവ പരിഹരിച്ച് കൃത്യമായ വിവർത്തനം ചെയ്യണമെന്നും വാദിച്ചു. മൂലകൃതിയുടെ കേന്ദ്രസത്ത ഉൾക്കൊണ്ട് അത് ലക്ഷ്യഭാഷയിൽ പുനർരചിക്കണമെന്നതാണ് വിവർത്തകൻ ചെയ്യേണ്ടതെന്ന് ജോൺ ഡൽഹാം വാദിച്ചു. മേൽപ്പറഞ്ഞവരാരും പദാനുപദ വിവർത്തനത്തെ അനുകൂലിച്ചവരല്ല. എന്നാൽ ആശയചോർച്ച അനുവദിച്ചവരുമല്ല. ജോൺ ഡ്രൈഡനാണ് പദവിവർത്തനമെന്ന ആശയത്തിലുറച്ചു നിന്നത്. പദത്തിനു പദം, വരിക്കു വരി എന്ന രീതിയിൽ പദവിവർത്തനം ആകാമെന്നായിരുന്നു. ഒപ്പം ആവശ്യമെങ്കിൽ വിസ്തരിച്ച് ആശയമാറ്റം വരാതെയുള്ള വിവർത്തനരീതിയായ പരാവർത്തനരീതിയും അവതരിപ്പിച്ചു. വിവർത്തകന് സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള അനുകരണരീതിയും ഇദ്ദേഹം പിന്താങ്ങി. എന്നാൽ, മൂലകൃതിയുടെ ആശയം സമഗ്രമായിത്തന്നെ വിവർത്തനത്തിലുണ്ടാകണമെന്നും മൂലകൃതിയുടെ രചനാരീതിയിലും ശൈലിയിലും മാറ്റം വരാതെതന്നെ, മൂലകൃതികയുടെ ലാളിത്യവും സൗന്ദര്യവും വിവർത്തനകൃതിയിൽ നിലനിർത്തണമെന്നുമാണ് ടൈറ്റ്ലർ വാദിച്ചത്. മേൽപ്പറഞ്ഞ

> വിവർത്തനത്തിന് സുദീർഘമായൊരു ചരിത്രം അവകാശപ്പെടാമെങ്കിലും സവിശേഷമായൊരു പഠനമേഖലയായി പാശ്ചാത്യദേശത്ത് പ്രചാരം നേടിയത് 1960 കളിലാണ്. യൂറോപ്പിലായിരുന്നു ആദ്യകാലത്ത് ഈ രംഗത്തെ അന്വേഷണങ്ങൾ സജീവമായതെങ്കിലും പിന്നീട് അമേരിക്കയിലും ഏഷ്യൻ രാജ്യങ്ങളിലുമൊക്കെ ഈ പഠനമേഖല അംഗീകാരം നേടി

സൈദ്ധാന്തികരെല്ലാം മൂലകൃതിയുടെ മൂല്യം വിവർത്തനകൃതിയിലുണ്ടാകണമെന്ന അഭിപ്രായക്കാരായിരുന്നു. ചിലർ വിവർത്തക സ്വാതന്ത്ര്യം പരിമിതമായി അനുവദിച്ചു. മൂലകൃതിയുടെ അപ്രമാദിത്വം സജീവമായി തുടർന്നുവന്നു. എങ്കിലും, ക്രമേണ വിവർത്തനം സർഗാത്മകമോ യാന്ത്രികമോ എന്ന ചർച്ചയാണ് പുരോഗമിച്ചത്. വിവർത്തകൻ സർഗാത്മക ക്രിയയാണ് ചെയ്യുന്നതെന്നും, വിവർത്തനം ചിന്താപരമായ പ്രവൃത്തിയാണെന്നും ഒരു കൂട്ടർ വാദിച്ചു. മൂലകൃതിയെ മറ്റൊരു ഭാഷയിൽ പരിചയപ്പെടുത്തുന്ന യാന്ത്രിക പ്രവൃത്തിയാണ് വിവർത്തനമെന്ന് മറ്റൊരു കൂട്ടരും. ഈ ചർച്ചയ്ക്ക് ദിശാമാറ്റം വന്നത് ന്യൂമാന്റെ ഹോമർ (1856) വിവർത്തനത്തിലൂടെയാണ്. സാധാരണക്കാർക്ക് ക്ലാസിക് കൃതികൾ ലഭ്യമാക്കണമെന്ന തീവ്രമായ താത്പര്യമായിരുന്നു ന്യൂമാനെ ഇതിലേക്ക് നയിച്ചത്. ക്ലാസിക്കിന്റെ പ്രാചീനതയ്ക്കൊപ്പം വൈദേശികത്വം ഉൾക്കൊണ്ടുവേണം വിവർത്തനം നടത്തേണ്ടത് എന്ന ന്യൂമാന്റെ നിലപാടിനെ, മാത്യു അർനോൾഡിനെപോലുള്ള വരേണ്യവാദികൾ അംഗീകരിച്ചില്ല. വിവർത്തനം പണ്ഡിതദൗത്യമാണെന്നും മൂലകൃതിയുടെ മഹത്വം അംഗീകരിച്ചുകൊണ്ട് സമതുല്യത നിർബന്ധമാണെന്നും അഭിപ്രായപ്പെട്ടു. മൂലകൃതിയിലേക്ക് വായനക്കാരനെ എത്തിക്കാനുള്ള മാധ്യമമായേ ഇക്കൂട്ടർ വിവർത്തനത്തെ കണക്കാക്കിയുള്ളൂ.

### വിവർത്തനവും ഭാഷാശാസ്ത്രവും

16 ാം നൂറ്റാണ്ടുമുതൽ 20 ാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലത്ത് പാശ്ചാത്യദേശത്തെ വിവർത്തന ചർച്ച, പദാനുപദവിവർത്തനം, കൃതിയുടെ പ്രാചീനത, മൂലകൃതിയുടെ മഹത്വം തുടങ്ങിയ ആശയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. പിന്നീട്, ഭാഷാശാസ്ത്രത്തിന്റെ ഇടപെടലാണ് വിവർത്തന ചർച്ചയ്ക്ക് പുതിയ ദിശാബോധമുണ്ടാക്കിയത്. വിവർത്തനം ഒരു ഭാഷാശാസ്ത്ര പ്രക്രിയയാണെന്ന തിരിച്ചറിവ് വ്യാപകമായതോടെ, സമമൂല്യത ഏതൊക്കെ തലങ്ങളിൽ കണ്ടെത്താമെന്ന പ്രായോഗികാന്വേഷണങ്ങളാരംഭിച്ചു. 80 കൾക്കുശേഷം ഭാഷാശാസ്ത്രത്തിന്റെ ഉപവിഭാഗങ്ങളായ ഒട്ടേറെ മേഖലകൾ (സാമൂഹിക ഭാഷാശാസ്ത്രം, അർഥവിജ്ഞാനം, സംവേദന പഠനം മുതലായവ) വിവർത്തന പഠനത്തെ പുഷ്ടിപ്പെടുത്തി.

വിവർത്തനത്തെ ഒരു ശാസ്ത്രമായി അവതരിപ്പിക്കാൻ യൂജിൻ ആൽബർട്ട്



എതിൻ ദോള



ജോൺ ഡ്രൈഡൻ

നൈഡയ്ക്കായി. ബൈബിൾ വിവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങളുടെ പരിചയവും ചോംസ്കിയുടെ ചില ഭാഷാ സങ്കല്പങ്ങളും കൂട്ടിയിണക്കിയാണ് നൈഡ പുതിയ വിവർത്തന സിദ്ധാന്തത്തിന് രൂപമേകിയത്. ഭാഷകൾ തമ്മിൽ ആന്തരിക ഘടനയിൽ കാണാവുന്ന സമാനത, ഭാഷകളുടെ സർഗാത്മകത എന്നീ ചോംസ്കിയൻ ആശയങ്ങളെ കണക്കിലെടുത്തുകൊണ്ട്, ഭാഷകളുടെ പരസ്പര സംക്രമണശേഷിയിലൂന്നുന്ന സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് നൈഡ അതുവരെയുണ്ടായിരുന്ന വിവർത്തനചിന്തയെ ഇളക്കിപണിതു. പൊതുവായ ആന്തരഘടനയുള്ളതുകൊണ്ട് വ്യത്യസ്ത ആവിഷ്കരണ മാർഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ ആശയശോഷണമില്ലാതെ വിവർത്തനം സാധ്യമാണെന്ന് ആദ്ദേഹം വിശ്വസിച്ചു. മൂലഭാഷയിലെ സന്ദേശത്തെ ലക്ഷ്യഭാഷയിൽ പുനഃസൃഷ്ടിക്കാൻ അർഥത്തിനും ശൈലിക്കും പ്രാധാന്യം കൊടുത്തുകൊണ്ടാകുമെന്നദ്ദേഹം സ്ഥാപിച്ചു. വ്യത്യസ്ത സന്ദർഭങ്ങൾക്കനുസൃതമായി ആശയങ്ങളെ പരിവർത്തനപ്പെടുത്താനുള്ള സ്വാതന്ത്ര്യം വിവർത്തകന് അനുവദിച്ചു. കൂടാതെ, മൂലകൃതിയുടെ വായനക്കാരനുണ്ടാകുന്ന പ്രതികരണത്തിന് സമാനമായിരിക്കണം വിവർത്തനകൃതിയുടെ വായനക്കാരന്റെ പ്രതികരണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മാത്യു അർനോൾഡിനൊക്കെ ഉണ്ടായിരുന്ന വിവർത്തനചിന്തയ്ക്കെതിരെയുള്ള അഭിപ്രായ പ്രകടനമായിരുന്നു ഇത്. ധർമപരമായ സമതുല്യതയ്ക്ക് ഊന്നൽ നൽകി, വിവർത്തനത്തെ ഒരു ശാസ്ത്രമാക്കി ഉയർത്താനാണ് നൈഡ ശ്രമിച്ചത്. നൈഡയെ തുടർന്ന്, കാറ്റ്ഫോഡാണ് വിവർത്തനത്തിന്റെ ഭാഷാശാസ്ത്രാടിത്തറ കൂടുതൽ ശക്തമാക്കിയത്. സമഗ്രവിവർത്തനം, ഭാഗികവിവർത്തനം, പൂർണവിവർത്തനം, പരിമിതവിവർത്തനം എന്നിങ്ങനെ വിവിധതലത്തിൽ വിവർത്തനത്തിലെ പ്രശ്നങ്ങൾ വിവർത്തനസ്വഭാവം, വിവർത്തനസിദ്ധാന്തം കാറ്റ്ഫോഡ് അവതരിപ്പിച്ചു. വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക നിർണയിക്കുന്നതിൽ നൈഡയും കാറ്റ്ഫോഡും മികച്ച സംഭാവന നൽകിയവരാണ്.

ഭാഷാശാസ്ത്രത്തിന്റെ സാങ്കേതികതയിൽ നിന്ന് വിവർത്തന ചർച്ചയുടെ കേന്ദ്രം മാറ്റിയത് വാൾട്ടർ ബെൻയാമിനാണ്. ഒരു കൃതിയെ അർഥോത്പാദനം നടത്തുന്ന ഉപാധി മാത്രമായി കാണുകയും മൂലകൃതിയിൽ നിന്ന് ഉടലെടുത്ത് മറ്റൊരു കൃതിയായി തീരുകയും ചെയ്യുന്ന പ്രതിധ്വനിയാണ് വിവർത്തനം എന്നദ്ദേഹം നിർവചിച്ചു. നിലവിലുണ്ടായിരുന്ന വിവർത്തന പരിപ്രേക്ഷ്യത്തെ ചോദ്യം ചെയ്തുകൊണ്ട്, വിവർത്തകൻ ഇടനിലക്കാരനല്ല എന്നദ്ദേഹം വാദിച്ചു. വിവർത്തെക്കുറിച്ചുണ്ടായിരുന്ന പൂർവധാരണകളെ വിചാരണചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു.



വാൾട്ടർ ബെൻയാമിൻ

> ഭാഷ മാത്രമല്ല വിവർത്തനത്തിൽ പ്രധാനം. സംസ്കാരവുമുണ്ട്. രണ്ടും വിവർത്തനത്തിലുൾപ്പെടുന്നുണ്ട്. നിരവധി സമ്മർദങ്ങളുടെ പരിണിതഫലമാണ് വിവർത്തനം. എന്നാൽ ഇതിൽ ഭാഷയുടെ സമ്മർദം കൊണ്ടല്ല വിവർത്തനം സംഭവിക്കുന്നത്. അടിസ്ഥാനപരമായും ഇതൊരു സംസ്കാര സംക്രമണമാണ്



യൂജിൻ നൈഡ

## സാംസ്കാരിക പഠനങ്ങൾ

വിവർത്തനം പ്രത്യേകരീതിയിലുള്ള ആവിഷ്കാര രീതിയാണ്. മൂലകൃതിയുടെ ഉള്ളടക്കം വെളിപ്പെടുത്തുക മാത്രമല്ല വിവർത്തനങ്ങൾക്കുള്ള ലക്ഷ്യം. ഓരോ കൃതിയിലും നിഗൂഢമായിരിക്കുന്ന കാവ്യശക്തിക്ക് പുതിയ സാംസ്കാരികാന്തരീക്ഷത്തിൽ ജീവൻ നല്കാനുള്ള സാധ്യതയാണ് വിവർത്തനത്തിലൂടെ നിറവേറ്റപ്പെടുന്നത്. 'ശുദ്ധഭാഷ'യെന്ന് അദ്ദേഹം വിളിക്കുന്ന ഈ നിഗൂഢകാവ്യശക്തിയാണ് വിവർത്തനക്ഷമതയുടെ മാനദണ്ഡം.

ഭാഷ മാത്രമല്ല വിവർത്തനത്തിൽ പ്രധാനം. സംസ്കാരവുമുണ്ട്. രണ്ടും വിവർത്തനത്തിലുൾപ്പെടുന്നുണ്ട്. നിരവധി സമ്മർദങ്ങളുടെ പരിണിതഫലമാണ് വിവർത്തനം. എന്നാൽ ഇതിൽ ഭാഷയുടെ സമ്മർദം കൊണ്ടല്ല വിവർത്തനം സംഭവിക്കുന്നത്. അടിസ്ഥാനപരമായും ഇതൊരു സംസ്കാര സംക്രമണമാണ്. അവിടെ തുല്യതയെക്കാൾ പ്രാധാന്യം പാഠമാറ്റമാണ്. ഈ തിരിച്ചറിവ് വിവർത്തനത്തെ സാംസ്കാരിക പഠനഭൂമികയിലേക്ക് പുനഃപ്രതിഷ്ഠിച്ചു. അതോടെ, എന്തിന് വിവർത്തനം, വിവർത്തനം ഉത്പാദിപ്പിക്കുന്ന സാംസ്കാരിക പരിസരമെന്താണ് വിവർത്തനത്തിന്റെ സാഹചര്യം, ലക്ഷ്യഭാഷയുടെ സ്വത്വം, വിവർത്തകന്റെ സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള പുതിയ അന്വേഷണമേഖലകൾ വിവർത്തന പഠനത്തിന്റെ ഭാഗമായിത്തീർന്നു.

ലക്ഷ്യ ഭാഷയിൽ ഒരു കൃതിനിർമിക്കപ്പെടുകയാണ്. അത് മൂലകൃതിയുടെ കേവല പതിപ്പല്ല. എല്ലാ അർഥത്തിലും സാംസ്കാരികഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സാമൂഹിക പ്രവൃത്തിയാണ് വിവർത്തനമെന്ന് ലോറൻസ് പെനുടി നിർവചിച്ചു. മൂലകൃതിയുടെ തനത് ഘടകങ്ങൾ അപരിചിതത്വത്തോടെ ലക്ഷ്യകൃതിയിൽ നിലനിർത്തുകയോ ഇരു സംസ്കാരങ്ങൾക്കും പൊതുവായവ സ്വീകരിച്ചോ അല്ലാത്തവ പരിഷ്കരിച്ചോ വായന സുഗമമാക്കുക. ലക്ഷ്യഭാഷാ സംസ്കൃതിയുടെ പാരായണക്ഷമത മുൻനിർത്തിക്കൊണ്ടുള്ള പുനഃസൃഷ്ടിയുമാകാമെന്നുള്ള പുതിയ നിലപാടുകൾ അംഗീകാരം നേടി. ഇവിടെ ശ്രദ്ധിക്കേണ്ടത്, ആദ്യകാലങ്ങളിൽ മൂലഭാഷയ്ക്ക് അധീശത്വം ഉറപ്പുവരുത്തുകയായിരുന്നു വിവർത്തന സിദ്ധാന്തം. എന്നാൽ പിൽക്കാലത്ത് ലക്ഷ്യഭാഷാ അധീശത്വം കൈവന്നുവെന്നതാണ്.

വിവർത്തനം സാംസ്കാരിക പഠനത്തിന്റെ ഭാഗമായതോടെ, പുതിയ ആശയങ്ങളുടെയും നിലപാടുകളുടെയും തള്ളിക്കയറ്റം ഈ രംഗത്ത് കാണാം. അവയിൽ പ്രധാനപ്പെട്ട രണ്ടു വാദഗതികൾ തുടർന്ന് അവതരിപ്പിക്കുന്നു.

യൂറോപ്പിനെ ഭക്ഷിച്ചുകൊണ്ടുമാത്രമേ കോളണികൾക്ക് സ്വത്വം നിർവചിക്കാനാവൂ എന്ന് ബ്രസീലിലെ ഹാരോൾ ഡി കാബോസ്, അഗസ്റ്റോ കാബോസ് സഹോദരന്മാർ



ജി.എൻ. ദേവി



ഗായത്രി സ്പിവക്

അഭിപ്രായപ്പെട്ടു. വിവർത്തനത്തെ സംബന്ധിച്ചുള്ള ഒരു നിലപാടാണിത്. യൂറോപ്യൻ പദാവലികളും സങ്കല്പങ്ങളും നിഷേധിച്ചുകൊണ്ടാണ് 'നരഭോജനരൂപക'ത്തെ വിവർത്തന പരിപ്രേക്ഷ്യമായി അവർ മുന്നോട്ടുവെച്ചത്.

സ്ത്രീപക്ഷ ചിന്തയാണ് വിവർത്തന പഠനത്തിലെ മറ്റൊരു ഉൾപിരിവ്. ഷെറി സൈമനും ലിംഗ ചിന്തയുടെ ഭാഷാവിഷ്കാരങ്ങളെങ്ങനെയെന്ന് ചരിത്രപരമായി നോക്കിക്കണ്ട് അവ എങ്ങനെയാണ് വിവർത്തനം ചെയ്യുന്നതെന്ന് ആഴത്തിൽ പഠിച്ചു. സ്ത്രീകളും വിവർത്തനവും സമൂഹത്തിന്റെയും സാഹിത്യത്തിന്റെയും കീഴ്നിലങ്ങളിൽ ഒതുക്കിനിർത്തുന്ന മൂല്യവ്യവസ്ഥയാണുള്ളതെന്ന തിരിച്ചറിവ് വിവർത്തനത്തെക്കുറിച്ചുള്ള ഫെമിനിസ്റ്റ് ചിന്തയ്ക്ക് വികസിക്കാൻ പ്രേരകമായി. 'വിവർത്തക'യുടെ ലിംഗപരമായ സ്ഥാന മുറപ്പിക്കാനും ഈ ചിന്തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സാഹിത്യത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള പോരാട്ടമാണ് മേൽപ്പറഞ്ഞ രണ്ടു വിവർത്തന സിദ്ധാന്തങ്ങളും. ലക്ഷ്യഭാഷയുടെ അധീശത്വവും വിവർത്തകന്റെ പങ്കും ആഘോഷിക്കുന്ന നവീന വിവർത്തന ചിന്തയിൽത്തന്നെ വേറിട്ട ശബ്ദമാണ് ഗായത്രി സ്പിവക്കിന്റേത്. ഇന്ത്യൻ കൃതികളെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ മൂലകൃതിയോട് ബഹുമാനം കാട്ടുന്നില്ലായെന്നും അത് വിവർത്തനത്തിന്റെ ജനാധിപത്യസ്വഭാവത്തെ നഷ്ടപ്പെടുത്തുന്നുവെന്നും അവർ വാദിച്ചു. ലക്ഷ്യഭാഷയുടെ അമിത സ്വാതന്ത്ര്യത്തെ വിമർശിച്ചുകൊണ്ട് മഹാശ്വേതാ ദേവിയുടെ സ്തനദായിനിക്ക് Wet nurse എന്നു കൊടുത്ത പരിഭാഷയെ തള്ളി, Breast giver ആണ് വേണ്ടതെന്ന് സ്പിവക് വാദിച്ചു. ഹോമി ഭാഭയും വിവർത്തനത്തെ മൂല സംസ്കാരവും ലക്ഷ്യ സംസ്കാരവും തമ്മിലുള്ള പാലമായിട്ടല്ല കാണുന്നത്, വിവർത്തനം നവമായൊരു സംസ്കാരം രൂപമെടുക്കുന്നതിനുള്ള ഇടമായിട്ടാണ് പരിഗണിക്കുന്നത്.

മേൽ ചുരുക്കി അവതരിപ്പിച്ച ചരിത്രത്തേക്കാൾ വിപുലമാണ് വിവർത്തന പഠനചരിത്രം. എങ്കിലും പ്രധാനമായവ ചൂണ്ടിക്കാണിച്ചുവെന്നു മാത്രം.

## വിവർത്തനത്തിന്റെ ഭാരതീയ പരിപ്രേക്ഷ്യം

പാശ്ചാത്യ വിവർത്തനചിന്തയ്ക്ക് സമാനമല്ല ഇന്ത്യയുടെ വിവർത്തനപരിപ്രേക്ഷ്യം. പരിമിത പരിഭാഷ, സമഗ്ര പരിഭാഷ, സ്വതന്ത്ര പരിഭാഷ, സംഗ്രഹാവതരണം, പുനഃസൃഷ്ടി എന്നിങ്ങനെ വിവിധ രീതിയിൽ ഒരു പ്രാചീന കൃതിയെ വ്യത്യസ്ത ഭാഷാ സന്ദർഭങ്ങളിൽ അവതരിപ്പിച്ച പാരമ്പര്യം ശക്തമാണ്. രാമായണം, മഹാഭാരതം, ഭഗവദ്ഗീത തുടങ്ങിയുള്ള പുരാണേതിഹാസങ്ങൾ വിവിധ പ്രാദേശിക ഭാഷകളിൽ അവതരിപ്പിച്ചു. അതാത് വിവർത്തകന്റെ ഭാഷാസന്ദർഭത്തിന്റെ ഒക്കെ താല്പര്യങ്ങളാണ് മുഴച്ചുനിൽക്കുന്നത്. ദേശീയമായ ഒരു പരിഭാഷാടിസ്ഥാനം പ്രകടമായി ഇതിനൊന്നും പിന്നിൽ കാണാനാവില്ല. നിർബന്ധപൂർവം പാലിക്കപ്പെടേണ്ട നിയമ വ്യവസ്ഥകൾ രൂപപ്പെടാതിരുന്നത്, കൃതിയെക്കുറിച്ചും വിവർത്തനത്തെക്കുറിച്ചുമുള്ള വ്യത്യസ്ത നിലപാടുണ്ടായിരുന്നതുകൊണ്ടാണ് എന്നു വ്യക്തം. തദ്ദേശ ഭാഷകൾ നിലനിൽക്കുമ്പോൾത്തന്നെ, സാംസ്കാരിക ദേശീയത രൂപംകൊള്ളുന്ന ഒരു പ്രക്രിയയിൽ ഭാഷാസമതുല്യതയ്ക്കല്ല പ്രാധാന്യമെന്നതുകൊണ്ടാകാം വിവർത്തന സ്വാതന്ത്ര്യം അംഗീകരിച്ചിരുന്നത്. ജി.എൻ. ദേവിയുടെ അഭിപ്രായത്തിൽ, പുനർജന്മ വിശ്വാസം കാരണം കൃതിയുടെ പുനഃസൃഷ്ടി അംഗീകരിച്ചിരുന്ന സംസ്കാരമാണ് ഇന്ത്യയിൽ നിലനിന്നതെന്നാണ്. പാശ്ചാത്യ വിവർത്തന ചിന്തയിൽ നിന്ന് വ്യത്യസ്തമായിരുന്നു ഭാരതത്തിലുണ്ടായിരുന്ന വിവർത്തനത്തിന്റെ സ്വഭാവം.

ബഹുഭാഷാ രാഷ്ട്രമായ ഇന്ത്യയിൽ, ദേശീയോദ്ഗ്രഥനത്തിന്റെ ശക്തമായൊരുപാധിയായാണ് വിവർത്തനത്തെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കണക്കാക്കുന്നത്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ മികച്ച പ്രാദേശിക കൃതികൾ ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നു. കൂടാതെ, വ്യക്തികളും ഈ സാംസ്കാരികവിനിമയ പ്രക്രിയ ഏറ്റെടുത്തു വരുന്നുണ്ട്.

മിക്ക സർവകലാശാലകളിലും താരതമ്യപഠനത്തിന്റെ ഭാഗമായോ അല്ലാതെയോ വിവർത്തനപഠനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം, ശില്പശാലകൾ, സെമിനാറുകൾ ഇത്യാദി എല്ലാ വർഷവും സംഘടിപ്പിക്കാറുണ്ട്. നാഷണൽ ട്രാൻസ്‌ലേഷൻ മിഷൻ എന്ന കേന്ദ്രസ്ഥാപനം പാഠപുസ്തകങ്ങൾ പ്രാദേശികഭാഷകളിൽ വിവർത്തനം ചെയ്തുവരുന്നുണ്ട്. എങ്കിലും നവീന സാംസ്കാരിക പഠനമേഖലയുടെ ഭാഗമായുള്ള വിവർത്തന ചർച്ചകൾ സജീവമായിട്ടില്ല എന്നുതന്നെ പറയാം.

## വിവർത്തനത്തിന്റെ കേരളീയ പരിസരം

12 ാം നൂറ്റാണ്ടിൽ രചിച്ചതായി കണക്കാക്കുന്ന ഭാഷാ കൗടലീയം മുതലിങ്ങോട്ട് എണ്ണമറ്റ കൃതികൾ വിവർത്തന കൃതികളായി മലയാളത്തിൽ കാണാം. പ്രാചീന കൃതികളിലേറെയും മേല്പറഞ്ഞ ഭാരതീയ വിവർത്തനരീതികളിൽപ്പെടുന്നവയാണ്. ഭാഷാ ഭഗവദ്ഗീത, രാമായണം, ഭാഗവതം, മഹാഭാരതം എന്നിങ്ങനെ തുഞ്ചത്തെഴുത്തച്ഛനിലും കണ്ണശ്ശന്മാരിലും വേരൂന്നുന്ന പ്രാചീന വിവർത്തന പരമ്പരതന്നെ മലയാളത്തിലുണ്ട്. ബൈബിൾ, ഖുർആൻ തുടങ്ങിയുള്ള മതഗ്രന്ഥങ്ങളുടെ വിവർത്തനവും ലഭ്യമാണ്.

നോവൽ, നാടകം, ബാലസാഹിത്യം തുടങ്ങിയ ശാഖകൾ മലയാളത്തിലെത്തുന്നത് വിവർത്തനത്തിലൂടെയാണ്. വിശ്വസാഹിത്യപരിചയം മലയാളി നേടുന്നതും വിവർത്തനകൃതികളുടെ പരിചയത്തിലൂടെയാണ്. പാവങ്ങൾ, കരമസോവ് സഹോദരന്മാർ, യുദ്ധവും സമാധാനവും, ഷേക്സ്പിയർ കൃതികൾ തുടങ്ങി എത്രയോ കൃതികൾ മലയാളികൾ പരിചയിച്ചു. വിജ്ഞാനകൃതികളും ഏറെയുണ്ട്. സംസ്കൃതം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബംഗാളിയിൽ നിന്നാണ് മലയാളം വിവർത്തനം സ്വീകരിച്ചിരിക്കുന്നത്.

ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ച, വിവർത്തനത്തിന്റെ ഒരുഘട്ടത്തെ കാണിക്കുന്നുണ്ട്. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയും മൂലധനവും മലയാളത്തിലെത്തി എന്നുമാത്രമല്ല റഷ്യൻ നാടോടി കഥകളുൾപ്പെടെ എത്രയോ ഗ്രന്ഥങ്ങൾ മലയാളത്തിൽ വിവർത്തനമായെത്തി. ശാസ്ത്ര വിഷയങ്ങളുടെ വിവർത്തനം ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഭാഗത്തുനിന്നും മലയാളത്തിനു



കുട്ടികൃഷ്ണമാരാർ



നാലപ്പാടൻ

ലഭിച്ചു. അക്കാദമികവിഷയങ്ങളുടെ പരിഭാഷ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടപ്പാക്കി. അംബേദ്ക്കറുടെ രചനകൾ ഉൾപ്പെടെ പരിഭാഷപ്പെടുത്തി അവതരിപ്പിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു. മലയാളത്തിലെ ചെറുതും വലുതുമായ പ്രസാധകർ വിവർത്തനം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

മലയാള ഭാഷയുടെ ശക്തമായൊരു നീരൊഴുക്കായി വിവർത്തനം ചരിത്രപരമായിത്തന്നെ നിലനിൽക്കുന്നു. എന്നാൽ, വിവർത്തനത്തെക്കുറിച്ചുള്ള സൈദ്ധാന്തിക ചർച്ചയുടെ ആരംഭം ഗുണ്ടർട്ടിലാണ് കാണുന്നത്. ബൈബിൾ സന്ദേശങ്ങൾ വിനിമയം ചെയ്യാൻ പ്രാദേശിക സാംസ്കാരികരൂപങ്ങൾ ഉപയോഗിക്കണമെന്ന് അദ്ദേഹം വാദിച്ചിട്ടുണ്ട്. പഴഞ്ചൊല്ലുകളെ കൃത്യമായി ഇതിനായി അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്യഭാഷാ കേന്ദ്രിതമായ ആധുനിക വാദത്തോടിത് അടുത്തുനിൽക്കുന്നുണ്ട്.

പാശ്ചാത്യ മാനദണ്ഡങ്ങളിലൂടെ പ്രാചീന വിവർത്തനങ്ങളെ വിലയിരുത്തുന്ന സമ്പ്രദായം പിൽക്കാലത്ത് കേരളത്തിലും പ്രചരിച്ചു. ഏ.ആറും കുട്ടികൃഷ്ണ മാരാരുമൊക്കെ ഈ ആശയങ്ങളെ പിൻതാങ്ങി. തുഞ്ചത്ത് എഴുത്തച്ഛൻപോലും വിമർശനത്തിനു വിധേയനായിട്ടുണ്ട്. കേസരി ബാലകൃഷ്ണപിള്ള മൂലകൃതിക്ക് തത്തുല്യമായി മലയാളത്തിൽ കൃതികളുണ്ടാകണമെന്നും, ഭാഗികവിവർത്തനമാണെങ്കിൽ, മൂലകൃതിയിലെ ആശയം ഗ്രഹിച്ചറിയാനും രസിക്കാനുമുള്ളതരത്തിൽ മലയാളത്തിൽ അവതരിപ്പിക്കണമെന്നും മൂലഗ്രന്ഥത്തിന്റെ പുനഃസൃഷ്ടി സർഗാത്മകമായിരിക്കണമെന്നും വാദിച്ചു. നാലപ്പാടൻ, ചങ്ങമ്പുഴ, സഞ്ജയൻ, വള്ളത്തോൾ, എൻ.കെ. ദാമോദരൻ, ഉറൂബ്, കുറ്റിപ്പുഴ തുടങ്ങി എത്രയോ പ്രശസ്തർ വിവർത്തനപ്രേമികളായിരുന്നു. സുകുമാർ അഴീക്കോട് ഈ പ്രവണതയെ നിശിതമായി വിമർശിച്ചിരുന്നു. വിവർത്തനം കൊണ്ട് തൃപ്തിയടയുന്ന ഭാഷ കടംകൊണ്ട് ജീവിക്കുന്നവന്റെയോ ഇരപ്പാളിയുടെയോ ഹീനമായ ഒരു പരാന്നജീവിയുടെയോ ചിത്രം മനസ്സിലുയർത്തുമെന്നും വിവർത്തനാർഹമായ കൃതികൾ എത്രയുണ്ടെന്നത് ഒരു സാഹിത്യത്തിന്റെ ഉത്കൃഷ്ടതയ്ക്കുള്ള തെളിവാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

പദാനുപദ വിവർത്തനത്തെ ഒരു പരിധിവരെ അംഗീകരിച്ചിരുന്നവരാണ് നാലപ്പാട്, ചങ്ങമ്പുഴ, കുറ്റിപ്പുഴ, പി.സി. കുട്ടികൃഷ്ണൻ തുടങ്ങിയവർ. സഞ്ജയൻ ആശയവിവർത്തനത്തെ പിന്താങ്ങിയപ്പോൾ കുട്ടികൃഷ്ണമാരാർ അനുഗത തർജുമയാണ് വേണ്ടതെന്നു വാദിച്ചിരുന്നു. എൻ.കെ. ദാമോദരൻ ഇതിനു രണ്ടിനും മധ്യേയുള്ള വഴി സ്വീകരിച്ചു. പില്ക്കാലത്ത് ഭാഷാശാസ്ത്രപരമായി വിവർത്തനത്തെ നോക്കിക്കാണുന്നു. വിവർത്തന പ്രശ്നങ്ങൾ, സമതുല്യത, വിവർത്തനക്ഷമത, വിവർത്തകന്റെ സ്ഥാനം തുടങ്ങിയുള്ള വിഷയങ്ങളിൽ ആഗോള ചർച്ചയുടെ ചുവടുപിടിച്ചുകൊണ്ടുള്ള ചർച്ചകൾ ഇവിടെയുണ്ടായി. എന്നാൽ, സംസ്കാര പഠനത്തിന്റെ ഭാഗമായുള്ള ചർച്ചകൾ ഇനിയും സജീവമാകേണ്ടിയിരിക്കുന്നു.

## മലയാളത്തിലെ വിവർത്തന പഠനങ്ങൾ

വിവർത്തന പ്രക്രിയ സജീവമായിരുന്നെങ്കിലും കേരളത്തിൽ വിവർത്തന പഠനം ആരംഭിക്കുന്നത് വളരെ അടുത്താണ്. കേരള സർവകലാശാലയിലെ ഹിന്ദിവിഭാഗത്തിന്റെ ഒരു സെമിനാർ ഉല്പന്നമായി 1970 ൽ പ്രസിദ്ധീകരിച്ച 'പരിഭാഷയുടെ പ്രശ്നങ്ങൾ' എന്ന ഗ്രന്ഥമാണ് ഈ രംഗത്ത് ആദ്യം വന്നത്. 1974 ൽ ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക അവതരിപ്പിച്ചതോടെയാണ് (ഭാ. ഇൻ.) വിവർത്തന ഭാഷാശാസ്ത്രം മലയാളിത്തമറിഞ്ഞത്. ഒരു സംഘം ലേഖകരുടെതായി 31 ലേഖനങ്ങളടങ്ങുന്ന 'വിവർത്തന'മെന്ന കൃതി 1977 ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. തുടർന്ന്, ഡോ. ആർസുവിന്റെ വിവർത്തന വിചിന്തനം (1990), ഡോ. വി.ആർ. പ്രബോധചന്ദ്രൻ (എഡി)- വിവർത്തനചിന്തകൾ (1994), ഡോ. എൻ.ഇ. വിശ്വനാഥ അയ്യരുടെ വിവർത്തന വിചാരം (1996), വിജയകുമാർ സി.പി.യുടെ പ്രായോഗിക വിവർത്തന വിചിന്തനം (2000) മലയാളത്തിൽ ലഭ്യമാണ്. കൂടാതെ, അനവധി ലേഖനങ്ങളും വന്നിട്ടുണ്ട്.

## വിവർത്തന നയം

ഓരോ ഭാഷയ്ക്കും ഒരു വിവർത്തന നയം വേണമെന്നിരിക്കെ, മലയാളത്തിന്റെ വിവർത്തനനയമെന്താണെന്ന ചർച്ചയ്ക്ക് ഏറെ പ്രസക്തിയുണ്ട്. മലയാളത്തിലെത്തുന്ന വിവർത്തനത്തെക്കാൾ എത്ര കുറവാണ് മലയാളത്തിൽ നിന്നുള്ള വിവർത്തനമെന്നാലോചിക്കുമ്പോഴാണ് ഒരു നയമില്ലായ്മ ബോധ്യപ്പെടുന്നത്. ആദ്യമായി നാം പരിശോധിക്കേണ്ടത് മലയാളത്തിലെ വിവർത്തന സാഹചര്യത്തെക്കുറിച്ചാണ്. വിവർത്തനത്തിനാവശ്യമായ വിഭവശേഷിയെക്കുറിച്ചാണ്. അവശ്യം വേണ്ടുന്ന നിഘണ്ടുക്കളും, വിജ്ഞാനകോശങ്ങളും പദാവലികളും വ്യാകരണഗ്രന്ഥങ്ങളും ഭാഷയിൽ സജ്ജമാണോ എന്ന പരിശോധനയിൽ തുടങ്ങി വിവർത്തനപരിശീലനസംവിധാനങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ നയപരമായ തീരുമാനം വേണ്ടതാണ്. മലയാളത്തെ വിജ്ഞാനഭാഷയായി ഉയർത്താൻ വേണ്ടുന്ന മുന്നൊരുക്കങ്ങളെക്കുറിച്ചൊക്കെയുള്ള ധാരണ വിവർത്തനത്തിന്റെ ഭാഗമാണ്. സാംസ്കാരിക നയത്തിന്റെ ഭാഗമായി വിവർത്തനനയം ഉണ്ടായാൽ മാത്രമേ, മലയാള ഭാഷയ്ക്കും സർഗാത്മകതയ്ക്കും ആഗോള അംഗീകാരം ഉറപ്പുവരുത്താനാകൂ. വിശദമായ ചർച്ച ഇത്തരമൊരു നയരൂപീകരണത്തിനാവശ്യമാണ്. വിവർത്തന സാക്ഷരത ഉയർത്തിക്കൊണ്ടു മാത്രമേ ലോക സംവേദനത്തിലേക്ക് മലയാളത്തിന് കടന്നെത്താനാവൂ.

## മലയാളത്തിലെ വിവർത്തന കൃതികൾ

വിദേശഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളിൽ ഏറിയ പങ്കും ഇംഗ്ലീഷിൽ നിന്നുള്ളവയാണ്. ഇതുകൂടാതെ റഷ്യൻ, ഉക്രേനിയൻ, യിദ്ദിഷ്, സ്പാനിഷ്, സ്വീഡിഷ്, സെർബോ-ക്രൊയേഷ്യൻ, പോളിഷ്, പോർച്ചുഗീസ്, ലെറ്റിഷ്, നോർവീജിയൻ, ജാപ്പനീസ്, കിർഗീസ്, ഗ്രീക്ക്, ഇറ്റാലിയൻ, ഇന്തോനേഷ്യൻ, ജർമൻ, പേർഷ്യൻ, ഉറുദു ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളും മലയാളത്തിൽ വന്നിട്ടുണ്ട്. സംസ്കൃതത്തിനൊപ്പം മറ്റ് ഇന്ത്യൻ ഭാഷകളായ അസമീസ്, ബംഗാളി, ഹിന്ദി, ഗുജറാത്തി, മൈഥിലി, മറാത്തി, പഞ്ചാബി, തമിഴ്, തെലുങ്ക്, കന്നട ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളും മലയാളത്തിൽ ലഭ്യമാണ്. ചില കൃതികൾക്ക് ഒന്നിലേറെ വിവർത്തനങ്ങളും ഉണ്ടായി. ■

*മലയാളം സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ*

ഡോ. വിളക്കുടി രാജേന്ദ്രൻ

# വിവർത്തനവും സാങ്കേതിക പദാവലിയും

**അനേകവർഷങ്ങളായി പ്രചാരത്തിലുള്ള ഇംഗ്ലീഷുൾപ്പെടെയുള്ള ഇതര ഭാഷാ പദങ്ങൾക്ക് തർജുമ കൂടിയേ തീരൂ എന്ന ശാഠ്യം നമ്മുടെ ഭരണ ഭാഷാ മാറ്റത്തെ തടസ്സപ്പെടുത്തുകയേയുള്ളൂ എന്ന് ലേഖകൻ വാദിക്കുന്നു. ഏതു ഭാഷയിൽ നിന്നു വന്ന പദമായാലും സ്വീകാര്യത ഉള്ളതാണെങ്കിൽ അതുൾക്കൊള്ളണം**

'അഡ്മിനിസ്ട്രേഷന്റെ എല്ലാ ലവലിലും മലയാളമാവണം ഒഫിഷ്യൽ ലാംഗ്വേജ്. അതിനിപ്പോൾ നേരിടുന്ന ഡിഫിക്കൽട്ടീസും വേണ്ട കറക്റ്റീവ് മെഷേഴ്സും ലിസ്റ്റു ചെയ്ത് ഫയൽ ഇമ്മീഡിയറ്റായി പുട്ടപ്പ് ചെയ്യുക' - ഭരണഭാഷാ മാറ്റത്തിന്റെ ആദ്യഘട്ടത്തിൽ ഇതായിരുന്നു എഴുത്തുരീതി. കുറേക്കാലം ഇങ്ങനെ പോയി. ഇതിനൊക്കെ മലയാളമില്ലേ എന്ന ചോദ്യമുണ്ടായപ്പോൾ ഇത്തരക്കാർ സർക്കിൾ ഇൻസ്പെക്ടറെ 'വൃത്തപരിശോധക'നും റവന്യൂ ബോർഡിനെ 'വരുമാനപ്പലക'യും സർക്കുലറിനെ 'ചുറ്റിയടിക്ക'ലും ഫയലിനെ 'സഞ്ചയ'വും ആക്കി നിർവൃതിയടഞ്ഞു. അധോമണ്ഡല ഗുമസ്തനും (ലോവർ ഡിവിഷൻ ക്ലർക്ക്) ഉപരിമണ്ഡല ഗുമസ്തനും (അപ്പർ ഡിവിഷൻ ക്ലർക്ക്), പരിവഹണവും (ട്രാൻസ്പോർട്ട്) ആലോചനാസംഗമമുറിയും (കോൺഫറൻസ് ഹാൾ) പരിശോധനാനുവാദലക്ഷ്യവും (വീസ) യാത്രാനുവാദപരിപത്രവും (പാസ്പോർട്ട്) രംഗത്തെത്തി ചടുലനൃത്തമാടി. തൃണമൂലതലവികസനവും (ഗ്രാസ്റൂട്ട് ലെവൽ ഡെവലപ്മെന്റ്) മുഖാവരണവും (കവറിങ് ലെറ്റർ) തടസ്സവാദരഹിതസാക്ഷ്യപത്രവും (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) ഉണക്കുദിനവും (ഡ്രൈ ഡേ) മറ്റും ഫയലുകളിൽ നിറഞ്ഞപ്പോൾ ഇതൊരു പരിഹാസരംഗമായി മാറി. തൃണമൂലതലവികസനം ശരിയെന്നു ധരിച്ച് മറ്റൊരുകൂട്ടർ



അതിനെ പുൽവേർതലവികസനമാക്കി. അടിസ്ഥാനതല/പ്രാഥമികതല/ഗ്രാമതല വികസനമെന്നതിനുപകരം പുൽക്കൃഷിയു മായി ബന്ധപ്പെട്ട എന്തോ ഒന്നായി അതു മാറി.

ആമുഖക്കത്ത് എന്ന് ലളിതമായ പദം ഇരിക്കെയാണ് മുഖാവരണവും ആവ രണപത്രവും ഉപരിപത്രവും മറ്റും തിമിർത്താടിയത്. ഒബ്ജക്ഷൻ എന്നാൽ തട സ്സം. നോ ഒബ്ജക്ഷൻ എന്നാൽ തടസ്സമില്ല എന്നർഥം. അനുമതി നൽകാമെന്നുതന്നെ. മലയാളത്തിൽ സമ്മതിപത്രം എന്നേ വേണ്ടു. അതിനുപകരം വന്ന തടസ്സവാദര ഹിതസാക്ഷ്യപത്രത്തിനും നിരാക്ഷേപസാ ക്ഷ്യപത്രത്തിനും മലയാളികളുടെ മന സ്സിൽ ഇടമില്ല. ബോധപൂർവവും അല്ലാ തെയും ഇത്തരം പ്രയോഗങ്ങൾ ഏറെവ ന്നു. മലയാളം ഔദ്യോഗികഭാഷയായിക്കൂടാ എന്ന നിർബന്ധബുദ്ധിയുള്ളവരാണ് ഇത്തരം പ്രയോഗങ്ങളുടെ സ്രഷ്ടാക്കൾ. പദ ദാരിദ്ര്യമുള്ള മലയാളം എങ്ങനെ ഔദ്യോ ഗിക ഭാഷയാകും എന്നു ചോദിച്ച് അവർ ഉള്ളാലെ സന്തോഷിച്ചു. വൈകാതെ ഇംഗ്ലീഷിലേക്കുതന്നെ മടങ്ങാം എന്നും അവർ ആഗ്രഹിച്ചുകാണും. ഇത്തരം 'ധൃത രാഷ്ട്രാലിംഗന'ക്കാരുടെ കയ്യിൽ ഭരണ ഭാഷ സിദ്ധിയടയും എന്നുവന്നപ്പോഴാണ് നമുക്ക് ബോധോദയമുണ്ടായത്.

## പദക്കൈമാറ്റം

ബ്രിട്ടീഷുകാരുടെ വരവോടെയാണ് ഭരണ തലത്തിൽ ഇംഗ്ലീഷ് ആധിപത്യം ചെലുത്തി ത്തുടങ്ങിയത്. അതിനുമുമ്പ് തമിഴും മലയാ ളവുമായിരുന്നു ഇവിടുത്തെ ഔദ്യോഗിക ഭാഷ. ബ്രിട്ടീഷ് ഭരണകാലത്തും ഔദ്യോഗി കാവശ്യങ്ങൾക്ക് മലയാളം നിർബാധം ഉപ യോഗിച്ചിരുന്നു. ഇതിൽ അന്യഭാഷാപദ ങ്ങളും ഉൾപ്പെട്ടു. പദക്കൈമാറ്റത്തിലൂടെ യാണ് ഏതു ഭാഷയും വികസിക്കുന്നത്. അറ ബി, പോർച്ചുഗീസ്, പേർഷ്യൻ, ഡച്ച്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നിന്ന് ആയി രക്കണക്കിനു പദങ്ങൾ നമ്മുടെ ഭാഷയി ലേക്കു ചേക്കേറി. നമ്മുടെ എത്രയോ പദ ങ്ങൾ വിദേശഭാഷകളും സ്വീകരിച്ചു. കയർ, കറി, കൊപ്ര, ആയക്കൂട്ട, രാജഭോഗം, പുതു വൽ, തറവില, പന്തൽ, സാമ്പാർ, ഇഡ്ഡലി, വരാന്ത, രാജ, പണ്ഡിറ്റ്, ബ്രാഹ്മിൻ തുടങ്ങിയ നൂറുകണക്കിന് പദങ്ങൾ ഇംഗ്ലീഷുകാർ അവ രുടെ ഭാഷയിൽ ഇണക്കിച്ചേർത്തു.

ഇംഗ്ലീഷ് ഭാഷയിലെ അറുപതുശതമാന ത്തോളം പദങ്ങൾ ഫ്രഞ്ച്, ലാറ്റിൻ ഭാഷക ളിൽ നിന്നു കടംകൊണ്ടവയാണ്. അന്യഭാ ഷകളിൽ നിന്ന് ആവോളം പദങ്ങൾ സ്വീക രിച്ചുപോരുന്ന ഇംഗ്ലീഷിന് 10 ലക്ഷത്തോളം പദങ്ങൾ സ്വന്തമായുണ്ട്. ഫ്രഞ്ച്, ജർമൻ, റഷ്യൻ തുടങ്ങിയ ഇതര യൂറോപ്യൻ ഭാഷ കളുടെ പദകോശത്തിൽ മലയാളത്തിലെ പ്പോലെ മൂന്നു ലക്ഷത്തോളം വാക്കുകളേ ഉള്ളൂ.

അനേക വർഷങ്ങളായി പ്രചാരത്തി ലുള്ള ഇംഗ്ലീഷുൾപ്പെടെയുള്ള ഇതരഭാഷാ




വര : ജിപിൻ വർഗീസ്

പദങ്ങൾക്ക് തർജുമകൂടിയേ തീരൂവെന്ന ചിന്താഗതിയാണ് നമ്മുടെ ഭരണഭാഷാമാ റ്റത്തെ തടസ്സപ്പെടുത്തിയത്. ഇങ്ങനെ യുണ്ടായ തർജുമകളിലധികവും വെളു ക്കാൻ തേച്ചത് പാണ്ടായി എന്ന മട്ടിലാവു കയും ചെയ്തു. ഏതു ഭാഷയിൽ നിന്നു വന്ന പദമാണെങ്കിലും സ്വീകാര്യത ഉള്ള താണെങ്കിൽ അതുൾക്കൊള്ളണം എന്നാണ് ഇപ്പോൾ നമ്മുടെ നയം. പദമേ തായാലും വാക്യം നന്നായാൽ മതി.

## എത്രയെത്ര അന്യഭാഷാപദങ്ങൾ

ടീ ചൈനീസും കോഫി അറബിക്കും ചോക്ലേറ്റ് മെക്സിക്കനുമാണ്. ഇവയെ ഇനി ഒഴിവാക്കാൻ കഴിയുമോ? ബാങ്ക്, ബാലൻസ് എന്നീ പദങ്ങൾ ഇറ്റാലിയൻ ആണെന്നുവെച്ച് അവയുടെ തർജുമയ്ക്ക് നാം പോകണോ?

## പാലി (പ്രാകൃതം) പദങ്ങൾ

ബുദ്ധമതത്തിന്റെ പ്രചാരത്തിലൂടെ എത്തിയ പദങ്ങൾ സ്വീകരിക്കാൻ നമുക്ക് ഒരു മടിയുമുണ്ടായില്ല.അത്താണി, പല്ലക്ക്, പട്ടയം, പാളയം, ചരക്ക്, ഉറുപ്പിക, പത്താ യം, കാവ്, അവൽ, കോണകം, പാവാട, പുട വ ഇതെല്ലാം പ്രാകൃത പദങ്ങളാണ്. നിത്യേന നാം കുടിക്കുന്ന 'കഞ്ഞി'യും (കം ജി-പാലി) പാലിയിൽ നിന്നു വന്നതുതന്നെ.

## അറബി പദങ്ങൾ

'വക്കീലി'നെ കാണാനും 'ജാമ്യം' എടുക്കാനുമായി കോടതിയിൽ നിൽക്കുമ്പോൾ ഈ പദങ്ങൾ അറബിയിൽ നിന്നു വന്നതാണെന്ന് നാം അറിയുന്നോ? അലുവയും പത്തിരിയും അവരുടെ സംഭാവനയാണ്. നിക്കാഹ്, തലാക്ക്, രാജി, മരാമത്ത്, ഖജാൻജി, കീശ, വാപ്പ, തർജുമ തുടങ്ങിയ അനേകം പദങ്ങൾക്ക് നാം അറബികളോട് കടപ്പെട്ടിരിക്കുന്നു.

## ഗ്രീക്ക്/ലത്തീൻ പദങ്ങൾ

പാത്രിയാർക്കീസ്, മെത്രാപൊലീത്ത, സൂനഹദോസ്, ലക്സിക്കൻ, സിമ്പോസിയം ഇവ ഗ്രീക്കും ഡൈസ്നോൺ, പാപ്പർ, ബോണസ്, കോറം, ഓഡിറ്റോറിയം, അൽത്താര ഇവ ലത്തീനുമാണ്

## പോർച്ചുഗീസ് പദങ്ങൾ

'അലമാര'യും 'മേശ'യും നമ്മുടേതല്ല. പോർച്ചുഗീസുകാർ തന്നതാണ്. ജന്നൽ, റാന്തൽ, ചാക്ക്, ഇസ്തിരി, വരാന്ത, കുശിനി തുടങ്ങി നിത്യോപയോഗത്തിലുള്ള എത്രയോ പദങ്ങൾ സംഭാവന ചെയ്തിട്ടാണ് പറങ്കികൾ നാടുവിട്ടത്.

## സംസ്കൃത പദങ്ങൾ

വരേണ്യഭാഷയായ സംസ്കൃതത്തിന്റെ സംഭാവനയാണ് 'ചാരായം' എന്നറിയുമ്പോൾ നമ്മുടെ നെറ്റി ചുളിയും. ദോശയും പലഹാരവും വന്ന വഴിയും ഇതുതന്നെ. ആധാരവും പ്രമാണവും പീടികയും സംസ്കൃത സന്തതികളാണ്. അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങളുടെ പേരുകളും നാം അവരിൽ നിന്ന് സ്വീകരിച്ചു.

## ഹിന്ദി പദങ്ങൾ

'ടീ'ക്ക് പകരം നമുക്ക് 'ചായ'യുണ്ടല്ലോയെന്ന് ചിലരെങ്കിലും പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ 'ചായ'യുടെ ഉടമ ഹിന്ദി ഭാഷയാണ്. ആട്ടയും ഒരട്ടിയും ചട്ണിയും ഹിന്ദിയുടെ സംഭാവനയാണ്. പഞ്ചായത്ത്, കച്ചേരി, ബന്ദ്, ചിട്ടി, ചെലാൻ, ചുഡീദാർ തുടങ്ങി അനേകം പദങ്ങൾ ഹിന്ദിയിൽ നിന്നും നാം സ്വീകരിച്ചിട്ടുണ്ട്.

## മറാത്തി പദങ്ങൾ

ദളവ, തുക്കിടി, തപാൽ, ഠാണാവ് (പൊലീസ് സ്റ്റേഷൻ) കത്തി, സാമ്പാറ്, സേമിയ തുടങ്ങിയ പദങ്ങൾ മറാത്തിയിൽ നിന്ന് സ്വീകരിച്ചവയാണ്.

## പേർഷ്യൻ പദങ്ങൾ

ഭരണവുമായി ബന്ധപ്പെട്ട ധാരാളം പദങ്ങൾ പേർഷ്യൻ ഭാഷയിൽ നിന്ന് നാം കടംകൊണ്ടിട്ടുണ്ട്. സർക്കാർ, ദിവാൻ, ഡഫേദാർ, ജമാവന്തി (ഒരാണ്ടത്തെ റവന്യൂകണക്ക് തിട്ടപ്പെടുത്തൽ), ജവാൻ, അബ്കാരി, ബിനാമി, ശുപാർശ എന്നിവ ഇവയിൽ ചിലതുമാത്രം.

## 'നിദാഖാത്തും' 'ഇഖാമ'യും

മലയാളത്തിന്റെ പദസമ്പത്തിൽ നല്ലൊരു ശതമാനം അന്യഭാഷകളിൽനിന്ന് സ്വീകരിച്ചതാണെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. നിദാഖാത് (സ്വദേശിവത്കരണം) ഇഖാമ (താമസാനുമതി), സുനാമി, ചിക്കുൻഗുനിയ തുടങ്ങിയ അന്യഭാഷാപദങ്ങൾ നാം അതുപോലെ സ്വീകരിച്ചിരിക്കുന്നു. ശബ്ദതാരാവലിയിലോ ഗുണ്ടർട്ട് നിഘണ്ടുവിലോ മാത്രം മലയാളഭാഷ ഒതുങ്ങണമെന്ന് ഇന്ന് ആരും വാദിക്കുമെന്നോ തുന്നുന്നില്ല. പദങ്ങൾ കടംകൊള്ളുന്നതോടൊപ്പം പുതുപദങ്ങൾ സൃഷ്ടിക്കുകയും വേണം. എന്നാൽ അതിന് മലയാളത്തിന്റെ മണവും മാധുര്യവും ഉണ്ടാവണം. ഇല്ലെങ്കിൽ അതൊക്കെ 'ഏട്ടിലെ പശു'വായി നിൽക്കുകയേ ഉള്ളൂ. ചില ഉദാഹരണങ്ങൾകൂടി നോക്കാം.

## എം.എൽ.എ. ഹോസ്റ്റൽ– നിയമസഭാ സാമാജികരുടെ വാസസ്ഥലം

എം.എൽ.എ. ഹോസ്റ്റൽ എന്നെഴുതുകയായിരുന്നു ഉചിതം. നിയമസഭാംഗം എം.എൽ.എ. ആണല്ലോ. സാമാജികൻ എന്നാൽ സഭയിലെ അംഗം. സമാജത്തിലേക്ക് വേണ്ടവിധം വന്നുചേരുന്നവൻ എന്നർഥം. ഹോസ്റ്റൽ–വാസസ്ഥലം. സർവസാധാരണമായി മലയാളികൾ ഉപയോഗിക്കുന്ന പദമാണ് ഹോസ്റ്റൽ. നിയമസഭാസാമാജികൻ എന്നല്ല എം.എൽ.എ. എന്നാണ് നാം പറയാറ്. ഇത്തരം വാക്കുകൾക്കൊന്നും വിവർത്തനം ആവശ്യമില്ല. ഞാൻ എം.എൽ.എ ഹോസ്റ്റൽവരെ പോകുന്നു എന്നല്ലാതെ നിയമസഭാസാമാജികരുടെ വാസസ്ഥലംവരെ പോകുന്നു എന്ന് ഒരാളും പറയാറില്ല. എല്ലാ വാക്കുകളും വിവർത്തനം ചെയ്താലേ ഭരണഭാഷയാകൂ എന്ന് ചിലർ ധരിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഇത്തരം ഹാസ്യസൃഷ്ടികൾ. ഇമ്മട്ടിലുള്ള വികൃതപരിഭാഷകളുണ്ടാക്കി മലയാളത്തെ കൊല്ലാക്കൊല ചെയ്യുന്നവർ ഈ ഭാഷ ഒരിക്കലും ഭരണതലത്തിൽ എത്താൻ പാടില്ലെന്നു നിർബന്ധമുള്ളവരാണ്.

> ശബ്ദതാരാവലിയിലോ ഗുണ്ടർട്ട് നിഘണ്ടുവിലോ മാത്രം മലയാളഭാഷ ഒതുങ്ങണമെന്ന് ഇന്ന് ആരും വാദിക്കുമെന്നോ തുന്നുന്നില്ല. പദങ്ങൾ കടംകൊള്ളുന്നതോടൊപ്പം പുതുപദങ്ങൾ സൃഷ്ടിക്കുകയും വേണം. എന്നാൽ അതിന് മലയാളത്തിന്റെ മണവും മാധുര്യവും ഉണ്ടാവണം.

## ഓഫീസ് – കാര്യാലയം

കാര്യാലയം എന്ന പദം ഓഫീസുകളുടെ മുന്നിൽ സ്ഥാനംപിടിച്ചിട്ട് നാളേറെയായി. എന്നാൽ ജനം ഈ വാക്ക് ഉപയോഗിക്കുന്നുണ്ടോ എന്നു സംശയം. അവർ ഇപ്പോഴും വില്ലേജോഫീസിലും പഞ്ചായത്തോഫീസിലും പോയി കരമടയ്ക്കുകയും സർട്ടിഫിക്കറ്റുകൾ (സാക്ഷ്യപത്രങ്ങളല്ല) വാങ്ങുകയും ചെയ്യുന്നു. ഓഫീസ് അത്രത്തോളം പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. പറയാനുള്ള എളുപ്പവും അക്ഷരലാഭവും ഓഫീസിനെ നമുക്ക് പ്രിയപ്പെട്ടതാക്കുന്നു.

## വെയ്റ്റിങ് ഷെഡ് – കാത്തിരിപ്പുകേന്ദ്രം

വിശ്രമകേന്ദ്രം എന്നായിരുന്നു തർജുമയെങ്കിൽ അത് നമ്മെ അർഥാന്തരങ്ങളിലേക്ക് കൊണ്ടെത്തിക്കുകയില്ലായിരുന്നു. വെയ്റ്റിങ് ഷെഡ് വ്യാപകമായി ഉപയോഗത്തിലുള്ള പദമാണ്. ഓണംകേറാമൂലയിലെ ആളുകൾക്കും അതു മനസ്സിലാകും. ഇനി തർജുമ വേണമെന്നുണ്ടെങ്കിൽ 'വിശ്രമസ്ഥലം' എന്നു രേഖപ്പെടുത്തുകയായിരുന്നില്ലേ നല്ലത്? ബസ് കാത്തിരിക്കുന്നു എന്നു പറയാറുണ്ടെങ്കിലും കാത്തിരുപ്പിൽ മറ്റു ചിലതുകൂടിയില്ലേ? കാത്തിരുപ്പുകാർ മാത്രമല്ല വെയ്റ്റിങ് ഷെഡ്ഡിൽ ഇരിക്കുന്നത്. യാത്രയ്ക്കിടെ വിശ്രമിക്കുന്നവരും ഉണ്ടാകും. കാമുകീകാമുകന്മാരുടെ സംഗമസ്ഥലം എന്നൊരർഥം കൂടി ലാക്ഷണികമായി കാത്തിരുപ്പുകേന്ദ്രത്തിനു വന്നുചേർന്നിട്ടുണ്ട്. അർഥവ്യതിയാനത്തിന് (twisting) പഴുതില്ലാത്ത വാക്കുകളാണ് മാനകീകൃത ഭാഷയിൽ വേണ്ടത്.

## പബ്ലിക് കംഫർട്ട് സ്റ്റേഷൻ – ശൗചാലയം

ശൗചാലയം എന്തെന്നറിയാൻ നിഘണ്ടു നോക്കേണ്ടിവരും. പൊതുകക്കൂസ് എന്ന ശുദ്ധ മലയാളമുള്ളപ്പോൾ ശൗചാലയം വേണോ? സംസ്കൃതത്തിലായാലേ ഇതൊക്കെ ഭംഗിയായി നടക്കൂ എന്നുണ്ടോ? മീൻപിടിത്ത വകുപ്പിനെ 'മത്സ്യബന്ധന വകുപ്പാ'ക്കിയ നമുക്ക് 'ശൗചാലയവും ഇണങ്ങുന്നതുതന്നെ!

മലയാളത്തിൽ പരിഭാഷപ്പെടുത്താൻ കഴിയുന്ന വാക്കുകളും ഇംഗ്ലീഷിൽ പ്രയോഗിച്ചുവരുന്നത് ഇപ്പോൾ സാധാരണമായിട്ടുണ്ട്. ഉദാ: റൂൾ കമ്മിറ്റി, ഡെബ്റ്റ് റിലീഫ് ആക്ട്– നിയമസഭാസമിതി, കടാശ്വാസ നിയമം എന്നിങ്ങനെയായാൽ കാര്യം നമുക്കു പെട്ടെന്നു പിടികിട്ടും. സിറ്റിങ് ഫീ 'ഹാജർ പടി'യും പോളിഗ്രാഫ് ടെസ്റ്റ് 'നുണപരിശോധന'യുമായത് മലയാളത്തിനിണങ്ങുന്നതുതന്നെ. എന്നാൽ, സീനിയർ സിറ്റിസൺ 'പടുവൃദ്ധ'നും അറൈവൽ 'ആഗമനവു'മാകുമ്പോൾ വിവർത്തനത്തിന് വഴിതെറ്റുന്നു എന്നു പറയാതെ വയ്യ. ■




# സുകൃതത്തിലൂടെ കാരുണ്യസ്പർശം



കുടുംബജീവിതങ്ങളെ ദുരിതക്കയത്തിലാഴ്ത്തുന്ന അർബുദ രോഗ ചികിത്സ സൗജന്യമാക്കൽ ലക്ഷ്യമിടുന്ന സുകൃതം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. ആദ്യഘട്ടമെന്ന നിലയിൽ നവംബർ ഒന്നു മുതൽ തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജു







ചിത്രങ്ങൾ : ഐ&പി.ആർ.ഡി.







കൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ചികിത്സ സൗജന്യമാക്കുന്നത്. ജനസംഖ്യയിൽ അമ്പത് ശതമാനം പേർക്ക് പരിപാടിയുടെ പ്രയോജനം ലഭിക്കും. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. നടൻ മമ്മൂട്ടി പദ്ധതിയുടെ സമർപ്പണം നടത്തി. സുകൃതം ഉദ്ഘാടനച്ചടങ്ങിന്റെ ദൃശ്യങ്ങളിൽനിന്ന്





രാധിക സി. നായർ

# സംസ്കാരത്തിന്റെ ആവാഹനക്രിയ

പരിഭാഷ ഒരു ജൈവപ്രക്രിയയാണ്. ഒരു ദേശത്തിന്റെ മൊത്തം സംസ്കാരത്തെ, അപരിചത ഗന്ധങ്ങളെയും വർണങ്ങളെയും രുചികളെയും വാദങ്ങളെയുമാണ് പരിഭാഷകർ ആവാഹിച്ചു കൊണ്ടു വരുന്നത്. പരിഭാഷകരുടെ ഉദാസീനത മറ്റൊരു ദേശത്തിന്റെ സംസ്കാരത്തെ അനുഭവിച്ചറിയാനുള്ള വായനക്കാരുടെ അവകാശത്തെ അട്ടിമറിക്കുന്നു.

കാൻസസിൽ ഒരു ഗ്രാമത്തിലൂടെ നടക്കുമ്പോൾ ഉണ്ണിയപ്പം തിന്നാൻ കിട്ടിയാൽ എന്തു രസമായിരിക്കും. പാൽക്കഞ്ഞി കുടിക്കാൻ കിട്ടിയാലോ? അത്ഭുതം കൊണ്ടെനിക്കിരിക്കാൻ വയ്യ എന്ന അവസ്ഥയിൽ ആയിപ്പോകില്ലേ? തീർച്ചയായും എന്നു തന്നെയാണ് ഉത്തരം. പറഞ്ഞുവരുന്നതിതാണ്, അതിനിടയിൽ ചോദ്യങ്ങൾ വേണ്ട. ഏതു കൃതി, ആരെഴുതി, ആരു വിവർത്തനം ചെയ്തു എന്നതൊന്നും പ്രസക്തമല്ല. എന്നാൽ ചിലപ്പോൾ അറിയാതെ പേരുകൾ പറഞ്ഞുപോയേക്കാനും മതി. ഏതാണ്ട് നൂറ്റിപ്പതിനഞ്ചു വർഷം മുമ്പ് എഴുതിയ കഥയിലെ ഒരു ഭാഗത്തെക്കുറിച്ചാണ് പരാമർശം. പെട്ടെന്നുണ്ടായ ചുഴലിക്കൊടുങ്കാറ്റിൽപ്പെട്ട് താമസിച്ചിരുന്ന വീടോടെ മറ്റൊരു പ്രദേശത്തെത്തിപ്പെട്ട് അതിജീവനത്തിനു ശ്രമിക്കുന്ന ഒരു കൊച്ചു പെൺകുട്ടിയുടെ കഥ പറയുകയായിരുന്നു നോവലിസ്റ്റ്. കുട്ടികൾക്കു വേണ്ടി രചിക്കപ്പെട്ട ആ നോവലിൽ ആ പെൺകുട്ടി വഴിയിൽ കണ്ടുമുട്ടുന്ന മറ്റു മൂന്നുപേർക്കൊപ്പം തിരികെ വീട്ടിലെത്താനുള്ള വഴി അന്വേഷിച്ചുനടക്കുന്നു. കഥ നടക്കുന്നത് അമേരിക്കയിലെ കാൻസസിലാണ്. അതിനിടയിലാണ് ഈ കൊച്ചുകുട്ടിയെയും കൂട്ടരെയും വീട്ടിലേക്ക് ക്ഷണിച്ച് ഒരു വീട്ടമ്മ ഉണ്ണിയപ്പവും പാൽക്കഞ്ഞിയും കൊടുത്തത്. മലയാളി ചെന്നെത്താത്ത നാടില്ല. ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ നീൽ ആംസ്ട്രോങ്ങിന് ചായകൊടുക്കാൻ ഒരു മലയാളിയുടെ ചായക്കട അവിടെ നേരത്തെയുണ്ടായിരുന്നു എന്നു വരെ കഥകളിറക്കിയിട്ടുണ്ട് നമ്മുടെ നാട്ടിലിലെ സഞ്ജയന്മാർ. എന്നാൽ 1900ത്തിൽ ഈ കഥയെഴുതിയ ഫ്രാങ്ക്ബോമിന് ഉണ്ണിയപ്പം പരിചിതമായിരുന്നോ? മൂലകൃതി ഇംഗ്ലീഷിൽത്തന്നെ വായിച്ചപ്പോഴാണ് വിവർത്തനത്തിലെ കള്ളക്കളി മനസ്സിലായത്.

ഏതു കൃതിയാണോ പരിഭാഷപ്പെടുത്തിയത് ആ കൃതി രചിക്കപ്പെട്ട ഭാഷയിലും ഏതു ഭാഷയിലാണോ പരിഭാഷപ്പെടുത്തുന്നത് ആ ഭാഷയിലും തികഞ്ഞ അവഗാഹവും പാണ്ഡിത്യവും ഉണ്ടെങ്കിൽ പരിഭാഷ എളുപ്പമാകും. എന്നു കരുതുന്നതും അത്രയേറെ പരിജ്ഞാനമൊന്നും രണ്ടു ഭാഷയിലുമില്ലെങ്കിലും നിഘണ്ടുക്കളുടെ സഹായത്തോടെ പരിഭാഷ നിർവഹിക്കാൻ കഴിയും എന്നു കരുതുന്നതും ശരിയല്ല. പരിഭാഷ ഒരു നിർമിതിയാണ്. പുനർനിർമിതി. മറ്റു ഭാഷയിലെഴുതപ്പെട്ട കൃതിയുടെ സംസ്കാരത്തെയും ഭാഷാപ്രത്യേകതകളെയും ഈണത്തെയും സസ്യജന്തുജാലങ്ങളെയും ഭക്ഷണപ്പെരുമയെയും ഒക്കെ അപരിചിതമായ ഭാഷക്കാർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള കഠിനയത്നം. ഞാനീപ്പറയുന്നത് ഒരു കൃതിയുടെ, സാഹിത്യകൃതിയുടെ പരിഭാഷയെക്കുറിച്ചാണ്. മറ്റു പരിഭാഷകൾ കൃത്യതയിലൂന്നിയുള്ളതാവണം. മനോധർമത്തിനു സ്ഥാനമില്ലാത്ത ഒരു ജഢപ്രക്രിയ. എന്നാൽ സാഹിത്യകൃതിയുടെ പരിഭാഷ അതല്ല. അവിടെ പരിഭാഷ ഒരു ജൈവപ്രക്രിയയാണ്. ഒരു പുതുസൃഷ്ടികർമം തന്നെയാണത്. അതിലൂടെ ഒരു ദേശത്തിന്റെ മൊത്തം സംസ്കാരത്തെയാണ് പരിഭാഷ നിർവഹിക്കുന്ന ആൾ ആവാഹിച്ചുകൊണ്ടു വരുന്നത്. പുതിയ/അപരിചിതമായ വർണങ്ങളും നാദങ്ങളും ഗന്ധങ്ങളും രുചികളും.



മാർകേസ്

എന്തിനാണ് ഒരു കൃതി മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത്? അതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ഏതോ ഒരു ജനപ്രദേശത്തെ എഴുത്തുകാരൻ എഴുതിയ ഏതു സാഹിത്യവിഭാഗത്തിൽപ്പെട്ട ക്ലാസിക്കോ, റിയലിസമോ, മോഡേണിസമോ, പോസ്റ്റ് മോഡേണിസമോ, റൊമാന്റിസിസമോ- കൃതിയും പരിഭാഷയിലൂടെ വായിച്ച് അറിഞ്ഞിട്ട് എന്തുകിട്ടാനാണ്? മലയാള പ്രസാധകർ എന്താണ് ഇത്രയധികം കൃതികൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത്? ഇന്ത്യയിലെ മറ്റൊരു ഭാഷയിലും കാണാത്തത്രയും വൈവിധ്യമുള്ള അന്യദേശ എഴുത്തുകാർ മലയാളമനസ്സിൽ ഇടം നേടിയതെങ്ങനെ? ഏങ്ങനെയാണ് ബംഗാളിയിൽ നിന്നും ടാഗോറും താരാശങ്കർ ബാനർജിയും തമിഴിൽ നിന്ന് ശിവശങ്കരിയും സുബ്രഹ്മണ്യഭാരതിയും പിന്നെ ഗബ്രിയേൽ ഗാർസിയാ മാർകേസും പൗലോ കൊയ്‌ലോയും ഒക്കെയൊക്കെ നമുക്ക് പ്രിയങ്കരരായത്?

## ഉദാസീനതയുടെ പരകോടി

ഒരു കഥ മാത്രം വായിക്കാനോ, കവിതയിലെ രസാനുഭൂതികൾ അറിയാനോ ആണോ നാം വായിക്കുന്നത്. കഥയിലെയോ കവിതയിലെയോ നോവലിലെയോ നാടകത്തിലെയോ ഒക്കെ ആഖ്യാനതന്ത്രങ്ങളും പരീക്ഷണങ്ങളും അനുഭവിച്ചും വായിച്ചുമറിയാൻ മാത്രമല്ല അവ വായിക്കപ്പെടുന്നത്. അങ്ങനെയെങ്കിൽ എങ്ങനെയാണ് സംസ്കാര പഠനം സാധ്യമാകുന്നത്. കൃതിയുടെ ഉള്ളിലൂടെ ആവിഷ്കരിക്കപ്പെടുന്ന ദേശം, അതിന്റെ കാലാവസ്ഥ, ഭൂപ്രകൃതി, മണം, ഗുണം, രുചി, ആചാരാനുഷ്ഠാനങ്ങൾ ഒക്കെ അറിയാനും കൗതുകത്തോടെ അവ നിരീക്ഷിക്കാനുംകൂടിയാണ് ഒരു വിവർത്തനകൃതി വായിക്കുന്നത് എന്നാണ് എന്റെ പക്ഷം. വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്ന വാക്യത്തെ പൂർണമായും തിരസ്കരിക്കുകയല്ല. എന്തായാലും പരിഭാഷ/വിവർത്തനം/തർജമ/മൊഴിമാറ്റം വായിക്കുന്നത് കൃതിയുടെ ശൈലിയും ഉള്ളടക്കവും അറിയാൻ മാത്രമല്ല. വായനക്കാർക്ക് കൃതിക്കുള്ളിലൂടെ ഉരുത്തിരിയുന്ന ഒരു ദേശത്തിന്റെ സംസ്കാരം അനുഭവിച്ചറിയാനാവണം. ആ അനുഭവത്തിന്റെ അവകാശത്തെയാണ് വിവർത്തകന്റെ/വിവർത്തകയുടെ ഉദാസീനതയിൽ അട്ടിമറിക്കപ്പെടുന്നത്.




ചെമ്പകത്തിന്റെ മണം എന്നത് ഒരിക്കലും വിവർത്തനം ചെയ്യാനാവാത്ത ഒരനുഭൂതിയാണ്. അത് പ്രണയത്തെ, രാത്രിയുടെ സൗന്ദര്യത്തെ, യക്ഷിയെന്ന സങ്കല്പത്തെ ഒക്കെയും അനുഭവിപ്പിക്കുന്നു. എന്നാൽ വിദേശത്തെ, അല്ലെങ്കിൽ ഇന്ത്യയിലെ തന്നെ മറ്റു ഭാഷയിലേക്ക് ആ പൂവിന്റെ സൗന്ദര്യത്തെ എങ്ങനെ മൊഴിമാറ്റം ചെയ്യും എന്നതും ആലോചിക്കേണ്ട കാര്യമാണ്. വിവർത്തനം പാളുന്നതും അവിടെയാണ്. എന്നാൽ ചെമ്പകത്തിന്റെ ആ അസുലഭാനവദ്യ സൗരഭത്തെ ഉൾക്കൊള്ളാൻതക്ക പൂവ് ആ ഭാഷയിലില്ലെങ്കിൽ പിന്നെന്തു ചെയ്യും. എന്റെ അഭിപ്രായത്തിൽ അവിടെ ‘ചെമ്പകം’ എന്നു തന്നെ മറ്റു ഭാഷയിൽ കൊടുക്കുകയും അതിന്റെ ഗുണം വിശദീകരിച്ച് ഒരു കുറിപ്പ് കൊടുക്കുകയുമാണ് നല്ലത് എന്നാണ്. കിമോണ എന്ന ജാപ്പനീസ് വസ്ത്രധാരണവും കേരളത്തിലെ ചട്ടയും മുണ്ടും ഒന്നും വിവർത്തനത്തിന് വഴങ്ങില്ല. അപ്പോൾപ്പിന്നെ അവയെ അവയുടെ പാട്ടിനുവിടുകയും കൃതിയുടെ താളത്തിനു ഭംഗംവരാതെ കുറിപ്പുകളിലൂടെ അവ വിശദമാക്കുകയും ചെയ്യുകയാണ് അഭികാമ്യം. ത്രിശങ്കുസ്വർഗമെന്നും കൂർമ്പൻ പാളയെന്നുമൊക്കെ ഇംഗ്ലീഷ്കൃതികളുടെ വിവർത്തനത്തിൽ വന്നാൽ അതിശയിക്കണ്ട. അതു ചിലപ്പോൾ അതിനുമപ്പുറം ആ അവസ്ഥയെയും വാക്കിനെയും വിവർത്തനം ചെയ്യാൻ കഴിയില്ല എന്നതുകൊണ്ടാകാം. എന്നാൽ. വീടിനുമുകളിൽ പാകിയ ഓടിനെ മേച്ചിലോടെന്നല്ലാതെ വീടിനുമുകളിൽ തറയോടുപാകിയെന്നു വിവർത്തനം ചെയ്യുന്നത് തീർച്ചയായും ഉദാസീനതയുടെ പരകോടിയാണ്.

വിവർത്തനം ഒരു ജൈവപ്രക്രിയയാണെന്നു പറഞ്ഞല്ലോ. അറിയപ്പെടാത്ത നാടുകളിലേക്ക് നടത്തുന്ന അക്ഷരയാത്രയാണത്. അതിലൂടെ തെളിഞ്ഞുവരുന്ന ജീവിതാവസ്ഥകൾ നമ്മെ ഈ യുഗത്തിലും സന്തോഷിപ്പിക്കുകയും സങ്കടപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യും. ആ നാടുകൾ, സംസ്കാരം, ഭാഷ ഒക്കെ ഈ ഇന്റർനെറ്റ് യുഗത്തിൽ ഏത് സെർച്ചിലൂടെയും വിരൽത്തുമ്പിലൂടെ തെളിയുമെന്നിരിക്കിലും പുസ്തകത്തിന്റെ മണത്തിനും വിവർത്തനത്തിലൂടെ തെളിയുന്ന ആഖ്യാനത്തിന്റെയും സംസ്കാരത്തിന്റെയും പുതുമയ്ക്കും പകരംവെക്കാൻ നിശ്ചയമായും വായനക്കാർക്ക് മറ്റൊന്നുമില്ല.

വിവർത്തനം ഒരു ബാധ്യതയായി കാണാത്തിടത്തോളം അതിന്റെ പിന്നിലുള്ള ജോലിയും അധ്വാനവും ഫലവും സുഖകരമായിരിക്കുകതന്നെ ചെയ്യും. വിവർത്തനം ചെയ്യപ്പെടുന്ന കൃതിയുടെ ആന്തരികശോഭ ചോരാതെ ആതു ചെയ്തെടുക്കുന്നതിലാണ് വിവർത്തകരുടെ മേന്മ. അതിനവരെ ഇപ്പോൾ സഹായിക്കാൻ അനേകതരം നിഘണ്ടുക്കൾ വിപണിയിൽ ലഭ്യമാണ്. പരിസ്ഥിതിനിഘണ്ടുവും സാങ്കേതിക പദകോശവും ഭൂമിശാസ്ത്രനിഘണ്ടുവും എന്തിനേറെ അതതു ഭാഷകളിൽ ഒരു വാക്ക് എങ്ങനെയാണ് ഉച്ചരിക്കപ്പെടുന്നത് എന്നറിയാൻ വരെ ഇപ്പോൾ നിഘണ്ടുകളുണ്ട്. കൃതിയിലെ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രത്യേകതകൾ മനസ്സിലായില്ലെങ്കിൽ അവിടുത്തെ ജനജീവിതത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ പാളിച്ചകൾ വരാം. പ്രയറി എന്നാൽ എന്താണ്? എന്താണ് ടോർപ്പിഡോ? എന്താണ് കിമോണ? എന്താണ് കോർണിഷ്, എന്നൊക്കെ അറിയാനും മനസ്സിലാക്കാനും അനവധി നിഘണ്ടുകൾ വിഷയക്രമത്തിൽ ഉണ്ടായിരിക്കെ അവ പ്രയോജനപ്പെടുത്താതെയുള്ള വിവർത്തനം തീർച്ചയായും അപൂർണം തന്നെയായിരിക്കും.

വിവർത്തനം ചെയ്യേണ്ട കൃതി ആദ്യമേ തന്നെ പൂർണമായും വായിക്കുക, കൃതിയുടെ മൊത്തം ടോൺ എന്താണെന്നറിയുക, അതിലെ ജനജീവിതത്തിന്റെ, പരിസ്ഥിതിയുടെ, ഭൂമിയുടെ, സ്ഥലത്തിന്റെ, സംസ്കാരത്തിന്റെ, ഭാഷയുടെ, ആചാരങ്ങളുടെ, അനുഷ്ഠാനങ്ങളുടെ പ്രത്യേകതകൾ അറിയുക, ഭക്ഷണത്തെക്കുറിച്ചുള്ള ബോധം ഉണ്ടാക്കിയെടുക്കുക-എന്നിട്ട് കൃതി വിവർത്തനം ചെയ്യാൻ തുടങ്ങിയാൽ ആ പ്രക്രിയ സുഗമാകും. പിന്നെ ഉദാസീനതയില്ലാത്ത ജാഗ്രത്തായ ഒരു മനസ്സും ഉണ്ടെങ്കിൽ വിവർത്തനം സുഗമമാകും. ■

*ഹാരിപോട്ടർ കഥകൾ ഉൾപ്പെടെ ശ്രദ്ധേയങ്ങളായ പരിഭാഷകൾ നിർവഹിച്ചിട്ടുണ്ട് ലേഖിക*

കവർസ്റ്റോറി

■ ഷമീർ കെ.എസ്.

മലയാളത്തിലെ
അറബി പരിഭാഷകൾ
ഇനി വളരേണ്ട
മേഖലകളെക്കുറിച്ച്



# അറബ് പരിഭാഷകൾ മതവിജ്ഞാനത്തിനപ്പുറം



അൽഗസാലിയുടെ പുരാതന ഗ്രന്ഥം

ഒരു സംസ്കാരത്തിന്റെ വൈവിധ്യവും സവിശേഷതകളും ജനങ്ങളുടെ ജീവിതരീതികളും ആശയങ്ങളും മറ്റൊരു സംസ്കാരത്തിൽ അറിവും അനുഭവവുമായി പരിവർത്തനപ്പെടുന്നത് പരിഭാഷയിലൂടെയാണ്. മൂലഭാഷയിലെ കൃതികളുടെയും അറിവിന്റെയും വൈവിധ്യം പരിഭാഷ ചെയ്യപ്പെടുന്ന സംസ്കാരത്തിൽ പ്രതിഫലിക്കേണ്ടതുണ്ട്. പരിഭാഷകൾ മൂലസംസ്കാരത്തിന്റെ വിവിധങ്ങളായ അനുഭവങ്ങളെയും അറിവുകളെയും പരിഭാഷപ്പെടുത്തേണ്ടതുണ്ട്. മലയാളത്തിലേക്ക് പരിഭാഷ ചെയ്യപ്പെട്ട വിദേശഭാഷാ കൃതികളുടെ സ്വഭാവം പരിശോധിച്ചാൽ, അവ

യെല്ലാം പ്രത്യേകം പ്രത്യേകം വിഷയങ്ങളോ, സാഹിത്യങ്ങളോ ആണെന്ന് കാണാം. ഫ്രഞ്ച്, റഷ്യൻ, ജപ്പാനീസ് ഭാഷകളിലെ സാഹിത്യകൃതികളെയാണ് ഏറിയപങ്കും നാം പരിഭാഷയിലൂടെ അറിഞ്ഞിട്ടുള്ളത്. ദസ്തേയവ്സ്കിയെ നാം അറിഞ്ഞതു പോലെ റോമൻ യക്കോബ് സണിനെ അറിഞ്ഞിട്ടില്ല. തത്വശാസ്ത്രത്തിലും, ശാസ്ത്ര ചിന്തയിലും എഴുതപ്പെട്ട പാശ്ചാത്യവും പൗരസ്ത്യവുമായ കൃതികൾ ഇനിയും മലയാളത്തിൽ വന്നിട്ടില്ല. സാഹിത്യ വിമർശനത്തിലും തത്വചിന്തയിലും, വ്യാഖ്യാന ശാസ്ത്രത്തിലും, ഇതര മാനവിക വിഷയങ്ങളിലുമുള്ള നവീന ആശയങ്ങൾ പ്രാഥമിക ഉറവിടങ്ങളിൽ നിന്ന് മനസ്സിലാക്കിയവർ വിരളമാണ്. പ്രാഥമിക ഉറവിടങ്ങളുടെ പരിഭാഷ ഇനിയും സാധ്യമായിട്ടില്ല എന്നത് അതിനൊരു കാരണവുമാണ്.

അറബി ഭാഷയുടെ കാര്യമെടുക്കുക. ഇസ്ലാമിന്റെ ആവിർഭാവം അറബിഭാഷയുടെ വികാസത്തിന്റെ കാലഘട്ടം കൂടിയായിരുന്നു. 'ഖുർആനിക അറബി' എന്ന് നാമിന്ന് വിളിക്കുന്ന ക്ലാസിക്കൽ അറബിയുടെ മറ്റൊരു ഉപഭാഷയിലേക്കുള്ള (dialect) അറബിയുടെ പരിവർത്തനമാണ് വെളിപാടിലൂടെ സംഭവിച്ചത്. മുഹമ്മദ് നബിക്ക് മുൻപ് ജീവിച്ചിരുന്ന പ്രവാചകൻമാരുടെ ചരിത്രത്തിലേക്കും, പൊതുസ്മൃതികളിലേക്കും അറബി സംസാരിച്ചിരുന്ന ജനങ്ങളെ കൂട്ടിക്കൊണ്ട് പോവുകയാണ് ഖുർആൻ ചെയ്തത്. 'സക്കീന', 'ജഹന്ന' തുടങ്ങിയ തൽമുദിക് വാക്കുകൾ ഖുർആനിൽ ആവർത്തിക്കുന്നത് കാണാം. ഇസ്ലാമിന് മുൻപുള്ള അറബിയുടെ പദസഞ്ചയത്തിലേക്കും, ശൈലികളിലേക്കും സെമറ്റിക് ഉറവിടങ്ങളിലുള്ള പദങ്ങളുടെയും ശൈലികളുടെയും, അറിവിന്റെയും കൈമാറ്റമാണ് വെളിപാടിലൂടെ സംഭവിച്ചത്.

എന്നാൽ വെളിപാടിനു മുൻപും വെളിപാടിനു ശേഷവുമുള്ള അറബിഭാഷ വൈവിധ്യമാർന്ന നിരവധി പ്രക്രിയകളിലൂടെ കടന്നുപോയ ഒന്നാണ്. 'സബ്ഉൽ മുഅല്ലകാത്ത്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഏഴ് കാവ്യമാലകൾ ഇസ്ലാമിന് മുൻപുള്ള അറബി സാഹിത്യത്തിന്റെ വളർച്ചയെ അടയാളപ്പെടുത്തുന്നുണ്ട്. ഖസിദ അഥവാ കാവ്യങ്ങൾ രചിച്ച് കഅ്ബയിൽ തൂക്കിയിടുന്ന പതിവ് അന്നുണ്ടായിരുന്നു. കുറേനാൾ മുമ്പ് വരെ കേരളമുൾപ്പെടെയുള്ള നാടുകളിൽ പ്രവാചക സ്തുതിഗീതങ്ങളായി ഖസിദ രചിക്കുകയും കഅ്ബയിൽ തൂക്കിയിടുന്നതിനുവേണ്ടി മാലകളായി കോർമ ചെയ്യുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു, അറബിയിൽ വ്യുത്പത്തിയുണ്ടായിരുന്ന പണ്ഡിതൻമാർക്കിടയിൽ. ഖസിദകൾ ഭാവഗീതങ്ങളോ സങ്കീർത്തനങ്ങളോ ആണ്.പലപ്പോഴും ഇസ്ലാമിന് മുൻപുള്ള ഖസിദകളിലെ മാംസനിബദ്ധവും രതിജന്യവുമായ സാരാംശങ്ങളെ സംശയത്തോടെയാണ് കണ്ടിരുന്നതെങ്കിലും, ഇസ്ലാമിന് ശേഷമുള്ള സംഭാഷണങ്ങളിലും കാവ്യങ്ങളിലും, ചർച്ചകളിലും അവയിലുള്ള രൂപകങ്ങളും, ഉപമകളും കടന്നുവന്നിട്ടുണ്ട്.



രണ്ടാം ഖലിഫയായ ഉമറിന്റെ കാലത്തിലാണ് അറബി വ്യാകരണ നിയമങ്ങൾ ക്രോഡീകരിക്കുവാനുള്ള ശ്രമം തുടങ്ങുന്നത്. അപ്പോഴെല്ലാം ഭാഷയുടെ ഉദാഹരണങ്ങളായി ഇസ്ലാമിന് മുൻപുള്ള അറബിസാഹിത്യങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അതായത്, ലോകവീക്ഷണത്തിന്റെയും ആഭിമുഖ്യത്തിന്റെയും വൈജാത്യങ്ങളെ തിരസ്കരിക്കുന്നതിനു പകരം ക്രിയാത്മകമായ സ്വാംശീകരണവും വിവർത്തനവും നടത്തിയിരുന്നുവെന്ന് സാരം.

## വൈജ്ഞാനിക പരിഭാഷകൾ

ഇസ്ലാമിന് ശേഷമുള്ള അറബിയുടെ വികാസവും വൈവിധ്യവത്കരണവും വളരെ വിപുലമായി തന്നെ സംഭവിച്ചിട്ടുണ്ട്. അത് ചുരുക്കിപ്പറയുന്നതിനു പോലും ഇവിടെ സ്ഥല പരിമിതിയുണ്ട്. ഒരു വിനിമയഭാഷ (lingua Franca) എന്ന നിലക്കുള്ള അറബിയുടെ ഒരു കാലഘട്ടം കഴിഞ്ഞുപോയിട്ടുണ്ട്. പ്രത്യേകിച്ചും അറബ് വ്യാപാരത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ വ്യാപാരികൾ ചെന്നെത്തുന്നിടത്തുള്ള കൃതികളെയും, സാഹിത്യേതരമായ ജ്ഞാനഗ്രന്ഥങ്ങളെയും അറബിയിലേക്ക് വിവർത്തനം ചെയതിരുന്നു. സംസ്കൃതം, ലത്തിൻ, ഗ്രീക്ക് ഭാഷകളിൽ എഴുതപ്പെട്ട കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അരിസ്റ്റോട്ടിലിന്റെ ചിന്തകളെ എതിർക്കാനുള്ള ശ്രമം ഇമാം ഗസ്സാലിയിലും, ന്യായീകരിക്കാനുള്ള ശ്രമം ഇബ്നു റുഷ്ദിലും കാണാം. അൽ ബിറുനിയുടെ യാത്രകൾ ഇന്ത്യയുടെ ഭൂവിസ്തൃതിയിലൂടെ മാത്രമല്ല, ഇന്ത്യൻ ഗണിതശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും ആശയവിസ്തൃതിയിലൂടെയും സംഭവിച്ചിട്ടുണ്ട്. അതോടൊപ്പം റിച്ചാർഡ് ബർട്ടന്റെ യാത്രകളിൽ നിന്ന് നമുക്ക് ലഭിക്കുന്ന അറബിസാഹിത്യത്തിന്റെ ലോകമുണ്ട്. മിസ്റ്റിക്കൽ കവിതകളുടെയും, ആയിരത്തൊന്ന് രാവുകളുടെയും, ശൈഖ് നഫിസിയുടെ റെനഗൽ അത്തറിന്റെയും (perfumed garden) ലോകം. അതേപ്പറ്റി നാം അറിയുന്നത് ഇംഗ്ലീഷ് പരിഭാഷയിലൂടെയാണെന്ന് മാത്രം. ഇന്നും, കാൽപനിക സാഹിത്യത്തിലും കാൽപനികേതര വൈജ്ഞാനിക സാഹിത്യത്തിലും തലയെടുപ്പുള്ള കൃതികൾ അറബിഭാഷയിൽ രചിക്കപ്പെടുന്നുണ്ട്.

കേരളത്തിൽ അറബിഭാഷ ഒരു മതഭാഷയായിട്ടോ, ആത്മീയഭാഷ ആയിട്ടോ ആണ് പ്രാഥമികമായും ഇന്ന് നിലനിൽക്കുന്നത്. ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്നവർ സംസാരിക്കുന്ന അറബിഭാഷയെപ്പറ്റിയല്ല ഇത് പറയുന്നത്. “Lingua Sacra” അഥവാ “ദിവ്യഭാഷ” അറബിയുടെ വൈവിധ്യമാർന്ന സവിശേഷതകളിൽ ഒന്ന് മാത്രമാണ്. എന്നാൽ മലയാളിയുടെ വായനാനുഭവത്തിൽ അറബി ദിവ്യഭാഷ മാത്രമാണ് - ഒരു പക്ഷേ സംസ്കൃതം പോലെ. അറബിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം



ചെയ്യപ്പെടുന്ന ഗ്രന്ഥങ്ങളിൽ ഏറിയ പങ്കും മതഗ്രന്ഥങ്ങളാണെന്നും ഇതിനു കാരണമായിട്ടുണ്ടാകും. ഒരു തരത്തിൽ മറ്റ് ഭാഷകളിൽ സാഹിത്യത്തിനുള്ള പ്രാധാന്യം പോലെയാണ് അറബിയിൽ സാഹിത്യേതര ഗ്രന്ഥങ്ങൾക്കുള്ളത്, ദൈവശാസ്ത്രം (Theology) വ്യാഖ്യാന ശാസ്ത്രം (hermeneutics) മതചിന്ത, നിയമചിന്ത (Juris prudence) തുടങ്ങി മതത്തിനകത്ത് നിരവധി ഉപശാഖകളിലുള്ള ശ്രേഷ്ഠ ഗ്രന്ഥങ്ങൾ അറബിയിലേക്ക് വന്നിട്ടുണ്ട്. എന്നാൽ, അറബിഭാഷയിൽ രചിക്കപ്പെട്ട മികവുറ്റ സാഹിത്യകൃതികൾ പരിഭാഷ ചെയ്യപ്പെട്ടില്ല. ‘ആയിരത്തൊന്ന് രാവുകൾ’ പോലുള്ള ക്ലാസിക് കൃതികളാകട്ടെ റിച്ചാർഡ് ബർട്ടന്റെ ഇംഗ്ലീഷ് പരിഭാഷയെ ആസ്പദമാക്കിയാണ് തർജമചെയ്യപ്പെട്ടതും. ‘കലിലയും ദിംനയും’ പോലുള്ള ചില അപവാദങ്ങളെ മാറ്റിനിർത്താം.

പലപ്പോഴും സാഹിത്യകൃതികളെ വിവർത്തനം ചെയ്യുന്നതിന് മൂലഭാഷയെ ആസ്പദിക്കാതെ ഇംഗ്ലീഷ് ഭാഷയെ ആശ്രയിക്കാറുണ്ട്. ആശയ വിവർത്തനം എന്ന സാധ്യത കൂടിവരുമ്പോൾ മൂലകൃതി രചിക്കപ്പെട്ട സാംസ്കാരിക പരിസരത്തിന്റെ



റിച്ചാർഡ് ബർട്ടൻ അറബ് വേഷത്തിൽ

യും, മൂലഭാഷയുടെ ശൈലികളുടെയും, രൂപകങ്ങളുടെയും മറ്റും തിരസ്കാരമാണ് സംഭവിക്കുന്നത്. കഥാതന്തു, മൂലആശയം എന്നിവ മാത്രമാണ് സംവേദനം ചെയ്യപ്പെടുന്നത്.

മതഗ്രന്ഥങ്ങളുടെ വിവർത്തനത്തിലും ഈ പ്രശ്നം കടന്നുവരാറുണ്ട്. ഖുർ ആൻ പരിഭാഷ പോലെ ഒരു പക്ഷേ ഏറ്റവുമധികം അറബിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത് ഇമാം ഗസ്സാലിയുടെ കൃതികളാവും. ഗസ്സാലിയുടെ ഇഹ്‌യാ ഉലുമുദ്ദീനി (മതവിജ്ഞാനത്തിന്റെ നവീകരണം)ൽ നിന്നുള്ള വിഭിന്നങ്ങളായ അധ്യായങ്ങൾ പുസ്തകങ്ങളായി പുറത്ത് വന്നിട്ടുണ്ട്. പരിഭാഷ കൂടാതെ, ചില സ്വതന്ത്രഗ്രന്ഥങ്ങളുടെ മാതൃകയായും ഇഹ്‌യാ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, പല ഇഹ്‌യാ പരിഭാഷകളുടെയും സ്രോതസ്സ് ഇംഗ്ലീഷ് പരിഭാഷകളാണെന്ന് കാണാം. ഇംപ്രിന്റിൽ അത് വ്യക്തമായിത്തന്നെ രേഖപ്പെടുകയും ചെയ്തിട്ടുണ്ട്.

ഖുർആൻ മലയാള വിവർത്തകരും ഇതുപോലെ ഇംഗ്ലീഷ്, ഉറുദുമാതൃകകൾ സ്വീകരിച്ചിരിക്കുന്നതായി കാണാം. അല്ലാമാ യൂസുഫ് അലിയുടെ വിഖ്യാതമായ ഇംഗ്ലീഷ് വിവർത്തനം മുട്ടാണിശ്ശേരിൽ കോയാക്കുട്ടി മൗലവിയുടെ ആദ്യകാല ഖുർആൻ വിവർത്തനത്തിന്റെ പോലും മൂലകൃതിയായി നമുക്ക് വായിക്കാവുന്നതാണ്. ശൈലിയിലും, വ്യഖ്യാനങ്ങളിലും, പദങ്ങളുടെ തിരഞ്ഞെടുപ്പിലുമെല്ലാം യൂസുഫ് അലിയുടെ സ്വാധീനം പ്രകടമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ശാസ്ത്രീയ ബോധമുള്ള ഒരു തലമുറയെ വളരെയധികം സ്വാധീനിച്ച പണ്ഡിതനായിരുന്നു അലി. “ഇംഗ്ലീഷ് ഭാഷയെ ഒരു ഇസ്‌ലാമിക ഭാഷയായി” പരിവർത്തിപ്പിക്കാനുള്ള യൂസുഫ് അലിയുടെ ആഹ്വാനം ആ തലമുറയെ മുഴുവൻ പ്രചോദിപ്പിച്ചിട്ടുണ്ട്.

എന്നാൽ മുട്ടാണിശ്ശേരിൽ മൗലവിയുടെ മറ്റൊരു വിഖ്യാത വിവർത്തനമായ ‘മുഖദ്ദിമ’യിൽ കാര്യം നേരെ മറിച്ചാണ്. മുഖദ്ദിമയുടെ വിവർത്തനത്തിന് മൗലവി ആശ്രയിക്കുന്നത് മൂലകൃതിയാണെന്ന് അപഗ്രഥിക്കുമ്പോൾ മനസ്സിലാകും. കൂടാതെ പല ഭാഗങ്ങളിലും മൗലവി ഇംഗ്ലീഷ് പരിഭാഷകനായ ഫ്രാൻസ് റോസന്താളിനെ തിരുത്തുകയും, ഇംഗ്ലീഷ് വിവർത്തനത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നുണ്ട് (മാതൃഭൂമി എഡിഷൻ). സാംസ്കാരികമായ അജ്ഞത റുബ്ബായത്ത് പോലുള്ള കൃതികളുടെ ഇംഗ്ലീഷ് വിവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും, അതിന്റെ പുനർവിവർത്തനത്തിന് അദ്ദേഹം തയാറെടുത്തിരുന്നതായും കേട്ടിട്ടുണ്ട്.

അറബിയിൽ നിന്ന് മലയാളത്തിലേക്ക് വന്നിട്ടുള്ള ഖുർആൻ വ്യാഖ്യാനങ്ങളിൽ പലരും ശ്രദ്ധിക്കാതെ പോയ ഒന്നാണ് കെ.വി.എം. പന്താവൂർ പരിഭാഷപ്പെടുത്തിയ ഇബ്നു അറബിയുടെ ഖുർആൻ വിവർത്ത

നത്തിന്റെ ഏതാനും ഭാഗങ്ങൾ. സൂക്ഷ്മ ജ്ഞാനത്തെയും, മിസ്റ്റിക് അറിവിനെയും ആധാരമാക്കുന്ന ഇബ്നു അറബിയുടെ കൃതിയുടെ ആശയവിവർത്തനമല്ല, പദാനുപദ വിവർത്തനമാണ് പന്താവൂർ നിർവഹിച്ചിട്ടുള്ളത്. ഇമാം റാസിയുടെ തഫ്സിറുൽ കബിർ, സയ്യിദ് ഖുത്ബിന്റെ ഫിളിലാലിൽ ഖുർആൻ (ഖുർആന്റെ തണലിൽ) എന്നിവ ബൃഹത്തായ അറബി വ്യഖ്യാനങ്ങളുടെ വിവർത്തനങ്ങളാണ്. അറബിയിൽ നിന്ന് നേരിട്ട് മലയാളത്തിലേക്ക് വന്ന ഖുർആൻ സ്വതന്ത്ര വിവർത്തനങ്ങളിൽ ശ്രദ്ധേയമാണ് എം.ആർ. രാഘവവാര്യരുടെ കാവ്യവിവർത്തനമായ 'അമൃതവാണി'. മലയാളത്തിൽ ചൊല്ലിപ്പാടാൻ കഴിയുന്ന ആശയ വിവർത്തന ശൈലിയാണ് അമൃതവാണി സ്വീകരിച്ചിട്ടുള്ളത്. ഹാഫിസ് അബ്ദുൾ ഗഫാർ അൽ കൗസരിയുടെ ഖുർആൻ പരിഭാഷയും (ഡി.സി. ബുക്സ്) ശ്രദ്ധേയമാണ്. എന്നാൽ ബൈബിൾ വിവർത്തനങ്ങൾ പോലെ, അവതരണ സ്ഥലത്തിന്റെ പ്രതീകാത്മക മാനങ്ങളും, സെമറ്റിക് ലോകവീക്ഷണത്തെ ഒപ്പിയെടുക്കുന്ന രൂപകങ്ങളും, ആശയഭംഗി ചോരാതെ മലയാളത്തിലേക്ക് കടന്നുവന്നിട്ടില്ല എന്ന് പറയേണ്ടിയിരിക്കുന്നു.

## ഖുർആൻ വ്യാഖ്യാനങ്ങൾ

അറബി ഭാഷയ്ക്ക് ഖുർആൻ വ്യഖ്യാനത്തിൽ മലയാളി നൽകിയ സംഭാവനയാണ് പാനൂർ ഇസ്മാഈൽ ബുഖാരി തങ്ങളുടെ ആലാഹാമിശിത്തഫാസിർ. അറബി ഒരു ദിവ്യഭാഷ എന്നതിനപ്പുറം ഒരു വിനിമയ, വ്യവഹാര ഭാഷയായിരുന്നു എന്നതിന്റെ ഉദാഹരണമാണ് മലയാളികൾ അറബിഭാഷയിലെഴുതിയ കൃതികൾ. ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ ആദ്യകാല ചരിത്രഗ്രന്ഥമായ തുഹ്ഫത്തുൽ മുജാഹിദ്ദീൻ അറബി ഭാഷയിലാണ് രചിക്കപ്പെട്ടത്. ഒരു മതഗ്രന്ഥത്തിനപ്പുറം പോർച്ചുഗീസ് അധിനിവേശ കാലത്തെ കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ സവിശേഷതകളും, ജീവിതവും, അധിനിവേശത്തിനെതിരെ പ്രതിരോധം തീർക്കേണ്ടതിന്റെ ആവശ്യകതയുമാണ് തുഹ്ഫത്തുൽ മുജാഹിദ്ദീൻ ചർച്ച ചെയ്യുന്നത്. പോർച്ചുഗീസ് അധിനിവേശം പ്രമേയമായ 'ഫത്ഹുൽ മുബിൻ' 545 വരികളുള്ള അറബി കാവ്യമാണ്. ശൈഖ് സൈനുദ്ദീൻ മഖ്ദൂമാകട്ടെ, സൂഫിസം, ഇസ്ലാമിക നിയമം, വ്യാകരണം തുടങ്ങിയ ശാഖകളിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇസ്ലാമിക നിയമത്തിൽ ഇബ്നു ഹജറുൽ ഹൈതമി രചിച്ച 'ഖുറത്തുൽ അയ്ൻ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ് മഖ്ദൂമിന്റെ 'ഫത്ഹുൽ മുഈൻ'. കേരളത്തിലെ സുന്നി മുസ്ലിങ്ങളുടെ ദൈനംദിന ജീവിതത്തിലെ മതപരമായ പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള സ്രോതസ്സ് കൂടിയാണ് ഈ ഗ്രന്ഥം. പറഞ്ഞുവന്നത് ശൈഖ് സൈനുദ്ദിനും, സമകാലികരും അറബിഭാഷയെ വിനിമയ ഭാഷയായിട്ടാണ് ഉപയോഗിച്ചിരുന്നത്. ദിവ്യഭാഷ എന്നതിൽ കവിഞ്ഞ് അറബിഭാഷയ്ക്ക് സാംഗത്യവുമുണ്ടായിരുന്നു.



മുട്ടാണിശ്ശേരിൽ കോയാക്കുട്ടി മൗലവി

> മുഖദ്ദിമയുടെ വിവർത്തനത്തിന് മൗലവി ആശ്രയിക്കുന്നത് മൂലകൃതിയാണെന്ന് അപഗ്രഥിക്കുമ്പോൾ മനസ്സിലാകും. കൂടാതെ പല ഭാഗങ്ങളിലും മൗലവി ഇംഗ്ലീഷ് പരിഭാഷകനായ ഫ്രാൻസ് റോസന്താളിനെ തിരുത്തുകയും, ഇംഗ്ലീഷ് വിവർത്തനത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നുണ്ട്

ഇസ്ലാമിക ചരിത്രത്തെയും, മതത്തിലെ ആത്മീയധാരകളെയും, പ്രമുഖ വ്യക്തിത്വങ്ങളെയും കുറിച്ച് എഴുതപ്പെട്ട കല്പിത രചനകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്നത് ഇവിടെ ശ്രദ്ധേയമാണ്. സങ്കീർത്തനം അഥവാ ഖസിദ എന്നു കേൾക്കുമ്പോൾ സുന്നി മുസ്ലിംകളുടെ മനസിൽ കടന്നുവരുന്ന ചിത്രമാണ് ഇമാം ബൂസിരിയുടെ ഖസിദത്തുൽ ബുർദ. ഒരു പ്രണയഗാനത്തിന്റെയും, വിലാപഗീതത്തിന്റെയും ശൈലിയിലുള്ള ബുർദ ആത്മീയമായ പ്രണയത്തിന്റെ ആഴമേറിയ ഉത്സാരങ്ങളാണ് അനുവാചകർക്ക് സമ്മാനിക്കുന്നത്. ബുർദക്ക് അഞ്ച് പതിറ്റാണ്ടുകൾക്ക് മുമ്പ്തന്നെ പരിഭാഷയുണ്ടായിട്ടുണ്ട്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ സമകാലികനായിരുന്ന എ.കെ. അബ്ദുൾ ഹമിദ് ബൂസിരിക്ക് പരിഭാഷ ചമച്ചിട്ടുണ്ട്. അതുപോലെ അറേബ്യൻ പ്രണയഗീതങ്ങളിൽ വിഖ്യാതമായ 'ഹുസ്നുൽ ജമാൽ ബദറുൽ മുനിറിന്' അറബിമലയാളത്തിന്റെ ശ്രേഷ്ഠകാലത്തുതന്നെ പരിഭാഷ വന്നിട്ടുണ്ട്. മഹാകവി മോയിൻകുട്ടി വൈദ്യരുടെ അറബിമലയാളം പരിഭാഷ ഈയിടെ വൈദ്യർ സ്മാരകസമിതി മലയാളഭാഷയിൽ







1930-ലെ അറബി -മലയാളം പ്രസിദ്ധീകരണം

പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.കെ. അലി മൗലി കൊടക്കല്ലാണ് പുനരാഖ്യാനം നിർവഹിച്ചത്.

## അറബി മലയാളത്തിന്റെ സർഗാത്മകകാലം

അറബി-മലയാളം ബന്ധത്തിന്റെ ഏറ്റവും സർഗാത്മകമായ കാലമായിരുന്നു അറബി-മലയാളത്തിന്റേത്. മോയിൻ കുട്ടിവൈദ്യർ ഇക്കാലത്തെ പ്രഗത്ഭനായ പ്രതിഭയായിരുന്നു. പുതിയ വാക്കുകൾ നിർമിച്ചും ഉള്ളവയെ വിപുലീകരിച്ചും അറബിമലയാളത്തെ അദ്ദേഹം സമ്പന്നമാക്കി. മുഹ്‌യിദ്ദീൻമാല, നഫീസത്ത് മാല തുടങ്ങി പ്രഗത്ഭരായ സൂഫിവര്യന്മാരുടെ ഖസിദകൾ അറബി മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. ഈ ഖസിദകളെല്ലാം തന്നെ അറബിയിൽ രചിക്കപ്പെട്ട കൃതികളെ ആസ്പദിച്ചെഴുതിയ ഭാഷാന്തരങ്ങളാണ് എന്നതും ശ്രദ്ധേയമാണ്.

അറബിയിലല്ലാത്ത സാഹിത്യകൃതികൾ വായിക്കുകയും, ടോൾസ്റ്റോയി ഉൾപ്പെടെയുള്ള വിശ്വസാഹിത്യകാരൻമാരാൽ സ്വാധീനിക്കപ്പെടുകയും അവരെ അടിക്കടി ഉദ്ധരിക്കുകയും ചെയ്തിട്ടുള്ള മുട്ടാണിശ്ശേരിൽ കോയാക്കുട്ടിമൗലവിയുടെ തലമുറ എന്തുകൊണ്ടാണ് മൂതനബ്ബി, തൗഫീഖുൽ ഹഖിം, നജീബ് മഹ്ഫൂസ്, താഹാ ഹുസൈൻ, മഹ്മൂദ് ശൗക്‌രി, വാഹിബ് ഹാലി, മഹമൂദ് ദർവിശ് തുടങ്ങിയ സർഗധനരായ എഴുത്തുകാരെയും കവികളെയും നമുക്ക് പരിചയപ്പെടുത്തിത്തരാതിരുന്നത്? അറബി ഭാഷയിൽ മികവുറ്റ പ്രാവീണ്യവും പാണ്ഡിത്യവും കരസ്ഥമാക്കിയ എഴുത്തുകാരെ നമുക്ക് ലഭിച്ചിട്ടുണ്ട്. തകഴിയുടെ 'ചെമ്മീൻ' അറബിയിലേക്ക് വിവർത്തനം ചെയ്ത മുഹ്‌യുദ്ദീൻ ആലുവായ് ഉദാഹരണം. ഒരു പക്ഷേ, ഖുർആനികഭാഷ എന്ന നിലക്കുള്ള അറബിയുടെ ഭാഗധേയവും സ്വാധീനവും മതവിജ്ഞാനത്തിനപ്പുറമുള്ള ഭാഷയുടെ വ്യാപനത്തെക്കുറിച്ച് ശ്രദ്ധചെലുത്തുവാൻ പ്രേരണയുണ്ടാവാത്ത വിധം വലുതായിരുന്നു എന്നു വേണം മനസിലാക്കുവാൻ. അതുപോലെ, ഖുർആൻ ഉത്തമസാഹിത്യകൃതി എന്ന നിലക്ക് ഒരളവുകോലായി സ്വീകരിക്കപ്പെട്ടിരുന്നു. ഖുർആന്റെ ഉത്കൃഷ്ടമായ ഭാഷണത്തിന് സമാനമായൊന്ന് കൊണ്ടുവരാനുള്ള വെല്ലുവിളി ശ്രദ്ധേയമാണ്. (2:23) ഖുർആന്റെ സാഹിതീയവും അലങ്കാര ശാസ്ത്രപരവുമായ (rhetorical) മേന്മ വെളിപാടിന്റെയും (നുബുവ്വത്ത്/Revelation) അമാനുഷിക ദൃഷ്ടാന്തത്തിന്റെയും (മുഅ്ജിസത്ത്/miracle) അടിസ്ഥാനത്തിൽ വിലയിരുത്തുന്ന പഠനങ്ങളുണ്ട്. അഞ്ചെലിക്ക ന്യൂവിർത്തിന്റെ (angelika neuwirth) 'Two faces of the Quran: Quran and Mushaf' എന്ന പഠനം ശ്രദ്ധേയമാണ്. ഖുർആനിൽനിന്ന് വളർന്ന വിജ്ഞാനങ്ങളിലും പഠനങ്ങളിലുമാണ് കൂടുതലായി മുസ്‌ലിം പരിഭാഷകർ ശ്രദ്ധിച്ചിരുന്നത്. അതിൽ തന്നെ വളരെ കുറച്ചു മാത്രമാണ് കേരളത്തിൽ പരിഭാഷ ചെയ്യപ്പെട്ടതും. പരിഭാഷ ചെയ്യപ്പെടാത്ത മതപരമായ അറിവുകൾ – ഒരു പക്ഷേ മുസ്ലിം സമൂഹത്തിനകത്ത് നിലനിൽക്കുന്ന നിർജീവതയെ പിടിച്ചു കുലുക്കാൻ പര്യാപ്തമായ അറിവുകൾ– ധാരാളമുണ്ട്. അതുകൊണ്ട് ഖുർആനിക വിജ്ഞാനങ്ങളെ ബോധനം ചെയ്യുന്ന ഉപാധി എന്ന നിലക്കാണ് അറബിയെ കേരളത്തിൽ പ്രാഥമികമായും സ്വീകരിച്ചത്. അത് ബോധന ഭാഷയോ വ്യവഹാരഭാഷയോ ആണ്.



ഖുർആനികഭാഷയുടെ മികവിനെക്കുറിച്ചും, അന്തസ്സാരശൂന്യമായ ഭാഷണങ്ങളുടെ അപകടങ്ങളെക്കുറിച്ചും ഖുർആൻ തന്നെ പല തവണ ഓർമപ്പെടുത്തുന്നുണ്ട്.





നിരർഥക ഭാഷണങ്ങളെ വിശേഷിപ്പിക്കാൻ ഖുർആൻ ഉപയോഗിക്കുന്ന വാക്കാണ് 'ലഹ്‌വ്'. 'ലഹ്‌വൽ ഹദീസി'നെ (നിരർഥക ഭാഷണം) ദിവ്യബോധനത്തിന്റെ എതിർഭാഗത്ത് ഖുർആൻ പ്രതിഷ്ഠിച്ചിരിക്കുന്നതായി കാണാം. വെറും വിനോദം എന്നതിൽ കവിഞ്ഞ് സാഹിത്യത്തിനും, മറ്റ് മാധ്യമങ്ങൾക്കും ധാർമികമായ ബാധ്യതയുണ്ടെന്ന ഖുർആനിക ആഹ്വാനമാണ് ആദ്യകാലം മുതൽക്കു തന്നെയുള്ള പണ്ഡിതന്മാരെ പുതിയ സാഹിത്യരൂപങ്ങളോട് വിമുഖത പുലർത്താൻ പ്രേരിപ്പിച്ചിട്ടുള്ളത്. ബലപ്രയോഗത്തിലൂടെയുള്ള വിശ്വാസമാറ്റം പോലെ ഖുർആനും, മുസ്ലിം നിയമപണ്ഡിതരും എതിർത്ത് പോന്ന ഒന്നാണ് പ്രലോഭനവും വശീകരണവും (ഇഅ്‌റാഅ്). സാഹിത്യത്തെയും, മറ്റ് മാധ്യമങ്ങളെയും കോർപ്പറേറ്റ്‌വത്കരിക്കുകയും, വാണിജ്യത്തിനു വേണ്ടിയുള്ള പ്രലോഭന വസ്തുക്കളാക്കി മാറ്റുകയും ചെയ്യുന്ന ഒരു കാലത്ത് ഈ ആലോചനയ്ക്ക് പ്രസക്തിയുണ്ട്.

'മുഖദ്ദിമ'യിൽ ഇബ്നു ഖൽദൂൻതന്നെ സമൂഹത്തിന്റെ യാഥാർഥ്യത്തോട് പൊരുത്തപ്പെടാത്ത വെറും വിനോദങ്ങളായി രചിക്കപ്പെട്ട സാഹിത്യകൃതികളെ ശക്തമായി വിമർശിക്കുന്നത് വായിക്കാവുന്നതാണ്. പ്രത്യേകിച്ചും മഗ്‌രിബ് സാഹിത്യകാരൻമാരെയാണ് ഖൽദൂൻ തന്റെ വിമർശനത്തിന് വിധേയമാക്കുന്നത്. ഖൽദൂന്റെ വിമർശനത്തിൽ ഇബ്നു അറബി ഉൾപ്പെടെയുള്ള സൂഫി ദാർശനികരെക്കൂടി ഉൾപ്പെടുത്തുന്നു എന്നത് വിമർശനത്തിന്റെ തീവ്രതയെയാണ് കാണിക്കുന്നത് (P. 428) പ്രത്യേകിച്ചും ഗോളശാസ്ത്രപരമായ കാവ്യഗ്രന്ഥങ്ങളെ ജ്യോതിഷസംബന്ധിയായ ചർച്ചകളായി അദ്ദേഹം ചുരുക്കുന്നുണ്ട്. പക്ഷേ ഖുർആനിക ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പൊള്ളയായ സാഹിത്യങ്ങളെ തുറന്നെതിർക്കുന്ന മനോഭാവം പുതിയതല്ല എന്നതാണ് മുഖദ്ദിമ നൽകുന്ന ഉദാഹരണം.

മറ്റൊന്ന്, അറബിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികളുടെ പൊതുസ്വഭാവം പരിശോധിക്കുമ്പോൾ, പല പരിഭാഷകളും പരിഭാഷകരുടെ വായനയുടെ വിസ്തരണമാണെന്ന് കാണാം. ദരീദയുടെ of Grammatology യെക്കുറിച്ച് ഇംഗ്ലീഷ് പരിഭാഷകയായ ഗായത്രി സ്പിവാക് പറയുന്നുണ്ട്. "Translation is the most intimate act of reading" (പരിഭാഷ അങ്ങേയറ്റം ദൃഢമായ വായനയാണ്) (spivak:2005) അറിവ് കൈമാറ്റം ചെയ്യുക എന്നതിനപ്പുറം അറിയുക എന്ന പ്രക്രിയ തന്നെയായി പരിഭാഷ വിപുലപ്പെടുന്നതങ്ങിനെയാണ്. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട പല അറബി ഗ്രന്ഥങ്ങളും വിവർത്തകരുടെ ആഴത്തിലുള്ള വായന തന്നെയാണെന്ന് കാണാം. പ്രസാധകരുടെയോ പ്രസിദ്ധീകരണശാലയുടെയോ വിപണിയുടെയോ സമ്മർദം വളരെ കുറവാണ് താനും. വിപണനത്തെ മാത്രം ലക്ഷ്യമിടുന്ന ഫിക്ഷൻ വ്യവസായങ്ങൾ പരിഭാഷകരെ സ്വാധീനിക്കാത്തതിന് കാരണവുമതാവാം.

> മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട പല അറബി ഗ്രന്ഥങ്ങളും വിവർത്തകരുടെ ആഴത്തിലുള്ള വായന തന്നെയാണെന്ന് കാണാം. പ്രസാധകരുടെയോ പ്രസിദ്ധീകരണശാലയുടെയോ വിപണിയുടെയോ സമ്മർദം വളരെ കുറവാണ് താനും. വിപണനത്തെ മാത്രം ലക്ഷ്യമിടുന്ന ഫിക്ഷൻ വ്യവസായങ്ങൾ പരിഭാഷകരെ സ്വാധീനിക്കാത്തതിന് കാരണവുമതാവാം

പക്ഷേ, ഇസ്ലാം v/s വിനോദം/സാഹിത്യം എന്ന ലളിതയുക്തിയല്ല അത്. വിനോദത്തിനപ്പുറം ദാർശനികവും, ആത്മീയവുമായ മാനങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികൾ ഇസ്ലാമിക സംസ്കാരത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അറബിഭാഷയിൽ എഴുതപ്പെട്ട ആദ്യത്തെ നോവൽ എന്ന് പല ചരിത്രകാരന്മാരും വാദിക്കുന്ന കൃതിയാണ് അന്തലൂസിയൻ ദാർശനികനായ ഇബ്നു ഥുഫൈലിന്റെ ഹയ്യ് ബ്നുയഖ്ളാൻ. മനുഷ്യസഹവാസമില്ലാത്ത ഒരു പ്രദേശത്ത് ജനിച്ച് വളർന്ന ഹയ്യ് ബ്നു യഖ്ളാൻ എന്ന യുവാവിനെക്കുറിച്ചുള്ള അനുരൂപ കഥാഖ്യാനമാണ് (allegory). അത് സ്വന്തം യത്നത്തിലൂടെ പഠിച്ചും അനുഭവിച്ചും വളരുന്ന ഹയ്യ് ബ്നു യഖ്ളാൻ പ്രപഞ്ചത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും ജ്ഞാനം സമ്പാദിക്കുന്നതാണ് നോവലിന്റ ഇതിവൃത്തം. ഗ്രന്ഥകാരനായ അബൂബകർ മുഹമ്മദ് ബിന് അബ്ദുൾ മാലിക് ഇബ്നു ഥുഫൈൽ (ഇബ്നുഥുഫൈൽ) പ്രശസ്ത തത്വചിന്തകനായിരുന്നു. 12-ാം നൂറ്റാണ്ടായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം. ഹയ്യ് ബ്നു യഖ്ളാൻ ഡാനിയൽ ഡിഫോ വായിച്ചിരുന്നെന്നും, അദ്ദേഹത്തിന്റെ റോബിൺസൺ ക്രൂസോവിന്റെ (ഒരു പക്ഷേ, ആദ്യത്തെ ഇംഗ്ലീഷ് നോവൽ) മാതൃക ഇബ്നു ഥുഫൈലിന്റെ കൃതിയാണെന്നും ടോം വെർഡ് സ്ഥാപിക്കുന്നുണ്ട് (വെർഡ് : 2014).

ഇബ്നു ഥുഫൈലിനെപ്പോലെ വിനോദത്തിനപ്പുറം സാഹിത്യത്തെയും രചനയെയും വളർത്തിയ ധിഷണാശാലികളായ ഗ്രന്ഥകാരന്മാർ അറബ് ലോകത്തുണ്ടായിട്ടുണ്ട്. അത്തരം കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തപ്പെടുന്നത് സാഹിത്യം, സംസ്കാരം, വിനോദം, കല, തത്വചിന്ത എന്നിവയെക്കുറിച്ചുള്ള അറബ് ലോകത്തിലും ഇതര ഭൂവിഭാഗങ്ങളിലുമുള്ള സാഹിത്യചിന്തയെയും സാഹിത്യത്തെയും അറിയാനും അപഗ്രഥിക്കാനും സഹായകമാണ്. താരതമ്യ സാഹിത്യപഠന മേഖലയിൽ അത് ചെലുത്തുന്ന സ്വാധീനവും ചെറുതായിരിക്കില്ല. ■

**Bibliography**


1. *Angelica Neuwirth, Two Faces of the quran: Quran and Mushaf, Oral Tradition Journal, 2010, 141-156.*
2. *Gayatri Spivak, Thinking about Edward said: pages from a Memoir, Crical Inquiry (2005)*
3. *Tom Verde, Hayy was There : Robinson crusoe, sandi; Aramco world, Volume 65, 3*
4. *Ibn Khaldun, Muqaddima; An Introduction to History Trnna. Franz Rosenthal, Edited and Abridged by NJ Dawood. Princeton University press.*

■ രാജേഷ് കെ. എരുമേലി

# ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ

ഭാഷയുടെയും സംസ്കാരത്തിന്റെയും കൊടുക്കൽ വാങ്ങലുകളാണ് ഒരു കൃതിയുടെ വിവർത്തനത്തിലൂടെ നടക്കുന്നത് എന്നു പറയാൻ കഴിയും. മൂല ഭാഷയിൽനിന്നും മറ്റൊരു ഭാഷയിലേക്കും കൃതി വിവർത്തനം ചെയ്യപ്പെടുമ്പോൾ അതാതു പ്രദേശത്തെ മനുഷ്യരും അവരുടെ ജീവിതവുമാണ് അടയാളപ്പെടുന്നത്. സാഹിത്യകൃതികളുടെ വിവർത്തനമാണ് ഇത്തരം അനുഭവങ്ങളെ വ്യത്യസ്തമായി അവതരിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ അത്തരം കൃതികൾക്കു നിരവധി വായനക്കാരുമുണ്ടാകും.

ട്രാൻസലേഷൻ എന്ന ഇംഗ്ളീഷ് പദത്തിനു മലയാളത്തിൽ വിവർത്തനം എന്നാണ് അർഥം. തർജമ, പരിഭാഷ, ഭാഷാന്തരണം, ഭാഷന്തരീകരണം, അനുവാദം, മൊഴിമാറ്റം എന്നിങ്ങനെയും വിവർത്തനത്തെ പറയാറുണ്ട്. ഇതിൽ ഏത് ചേർത്താലും ഇവയെല്ലാം നിർവഹിക്കുന്നത് ഒരു കാര്യം തന്നെയാണ്. വിവർത്തനം ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ പ്രധാനപങ്കു വഹിക്കുന്ന ഘടകമാണ്. വിവിധ സ്ഥലങ്ങളിലെ മനുഷ്യരെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമെല്ലാം ഒരു പരിധി വരെ മനസ്സിലാക്കാൻ കഴിയുന്നത് വിവർത്തനത്തിലൂടെയാണ്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിവിധ ഭാഷകളിൽനിന്നുള്ള വിവർത്തനങ്ങൾ നൽകിയ സംഭാവന ശ്രദ്ധേയമാണ്.

സംസ്കൃതത്തിൽ നിന്നാണ് മലയാളത്തിൽ ആദ്യ വിവർത്തനം ഉണ്ടാകുന്നത്. ചീരാമന്റെ രാമചരിതത്തിലൂടെയാണ് മലയാളത്തിൽ വിവർത്തനം ആരംഭിച്ചതെന്നു പഠനങ്ങൾ പറയുന്നു. വാല്മീകീ രാമായണം യുദ്ധകാണ്ഡത്തിന്റെ സ്വതന്ത്ര വിവർത്തനമായാണ് രാമചരിതം വായനക്കാരിൽ എത്തുന്നത്. ചാണക്യനെഴുതിയ അർഥശാസ്ത്രത്തിന്റെ വിവർത്തനമാണ് ഭാഷാ കൗടിലീയം. രാമകഥപ്പാട്ടും നിരണം കൃതികളും മലയാള വിവർത്തന സാഹിത്യത്തിൽ പരിവർത്തനങ്ങൾക്കു കാരണമാകുന്നുണ്ട്. എഴുത്തച്ഛൻ കൃതികളും വിവർത്തനത്തിന്റെ സവിശേഷത ഊന്നിപ്പറയുന്നവയാണ്. സ്വതന്ത്രവിവർത്തമെന്നും പുനഃസൃഷ്ടിയെന്നുമൊക്കെ എഴുത്തച്ഛൻ കൃതികളെ വിശേഷിപ്പിക്കാൻ കഴിയും.

കോട്ടയം കേരളവർമ്മയുടെ വാൽമീകി രാമായണം വിവർത്തനവും നമ്പ്യാരുടെ പഞ്ചതന്ത്രം കിളിപ്പാട്ടും പ്രധാനപ്പെട്ട വിവർത്തനങ്ങളാണ്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന് കേരളവർമ്മ വിവർത്തനം നിർവഹിച്ചതോടെയാണ് മലയാള നാടകപ്രസ്ഥാനത്തിന്റെ തന്നെ ചരിത്രം ആരംഭിക്കുന്നത്. ഇതേ കാലഘട്ടത്തിൽ മിഷനറിമാർ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനവും പാഠ്യപുസ്തകങ്ങൾ ആവശ്യമായി വന്നതും വിവർത്തനത്തെ സമ്പുഷ്ടമാക്കി. ഇതേതുടർന്നാണു ഭാസന്റെ നാടകങ്ങളും ശൂദ്രകന്റെ മൃച്ഛഘടികവും വ്യാസന്റെ മഹാഭാരതത്തിന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തയാറാക്കിയ വിവർത്തനവും വാല്മീകി രാമായണത്തിനു വള്ളത്തോളും തയാറാക്കിയ വിവർത്തനങ്ങൾ വരുന്നത്. നേരത്തേ വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പുതുതലമുറയിലുള്ളവർ ഇന്നും സംസ്കൃത കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത് തുടരുകയാണ്.

ഇംഗ്ലീഷ് സാഹിത്യവുമായി മലയാളിക്ക് ഏറ്റവുമടുത്ത ബന്ധമുണ്ടാകുന്നത് ആ ഭാഷയിലെ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതോടെയാണ്. ഷേക്സ്പിയർ, ചാൾസ് ഡിക്കൻസ്, ഇബ്സൻ എന്നിവരുടെ കൃതികൾ മലയാളി വായനക്കാർ പരിചയപ്പെട്ടത് ഇത്തരത്തിലാണ്. വിവർത്തനത്തിൽ വിപ്ളവം സൃഷ്ടിച്ച സംഭവമായിരുന്നു നാലപ്പാട്ട് നാരായണമേനോൻ വിവർത്തനം ചെയ്ത വിക്തർ യൂഗോയുടെ പാവങ്ങൾ. ആ കൃതിയുടെ ആത്മാവറിഞ്ഞായിരുന്നു അദ്ദേഹത്തിന്റെ വിവർത്തനം.

ഗ്രീക്കു സാഹിത്യത്തിലെ മഹത്തായ കൃതികളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനം റാവു ബഹാദൂർ എ. ഗോവിന്ദപ്പിള്ളയുടെ ഈഡിപ്പസിന്റെ വിവർത്തനമാണ്. പ്ളേറ്റോയുടെ റിപ്പബ്ളിക്കും അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. റഷ്യൻ സാഹിത്യത്തിനെക്കുറിച്ച് മലയാളി



> വിവിധ സ്ഥലങ്ങളിലെ മനുഷ്യരെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമെല്ലാം ഒരു പരിധി വരെ മനസിലാക്കാൻ കഴിയുന്നത് വിവർത്തനത്തിലൂടെയാണ്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിവിധ ഭാഷകളിൽനിന്നുള്ള വിവർത്തനങ്ങൾ നൽകിയ സംഭാവന ശ്രദ്ധേയമാണ്.

കെ.പി. വിൽഫ്രഡിന്റെ ഡ്രായിങ് റൂം വിത്ത് എ വ്യൂ സീരീസിൽ നിന്ന്



വായിച്ചറിഞ്ഞതും വിവർത്തനത്തിലൂടെയാണ്. അലക്സാണ്ടർ പുഷ്കിൻ, ദസ്തയെവ്സ്കി, ആന്റൺ ചെഖോവ്, മാക്സിം ഗോർക്കി, ടോൾസ്റ്റോയി എന്നിവരുടെ കൃതികളുടെ വിവർത്തനം ആവേശപൂർവമാണ് സ്വീകരിക്കപ്പെട്ടത്. പഴയ ഗ്രന്ഥങ്ങൾക്ക് പുതിയ കാലത്തും നിരവധി വിവർത്തനങ്ങൾ ഉണ്ടാകുന്നുണ്ട്. ലാറ്റിനമേരിക്കൻ സാഹിത്യവുമായി മലയാളിയെ അടുപ്പിച്ചതും പരിഭാഷകളാണ്. ഗബ്രിയൽ ഗാർസ്യ മാർകേസിന്റെ 'വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡി'നും മറ്റും പലഭാഷകളിലും ഉണ്ടാവുന്നതിനും മുൻപ് മലയാളത്തിൽ പരിഭാഷകളിറങ്ങി. നമ്മുടെ പ്രമുഖ എഴുത്തുകാരനും പരിഭാഷകളിലൂടെ മികച്ച ലോകസാഹിത്യം നമുക്ക് പകരുന്നതിന് തുനിഞ്ഞവരാണ്. അയ്യപ്പപ്പണിക്കർ, ടി.എസ്. എലിയറ്റിന്റെ 'വേസ്റ്റ് ലാൻഡ്' പരിഭാഷപ്പെടുത്തിയതും സച്ചിദാനന്ദൻ, കടമ്മനിട്ട, ചുള്ളിക്കാട് തുടങ്ങിയവരുടെ കാവ്യ പരിഭാഷകളും ഉജ്ജ്വലമായ പുതുവായനാലോകങ്ങളാണ് മലയാളിക്ക് സമ്മാനിച്ചത്യ

സാഹിത്യ പുസ്തകങ്ങളെപ്പോലെ മതഗ്രന്ഥങ്ങളും ധാരാളമായി മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1811-ലാണ് മലയാള ഭാഷയിൽ ബൈബിൾ ആദ്യമായി പുറത്തിറങ്ങിയത്. ബെഞ്ചമിൻ ബെയ്ലിയുടെയും ഗുണ്ടർട്ടിന്റെയും ബൈബിൾ വിവർത്തനങ്ങൾ ചരിത്രപരമായ മുന്നേറ്റമായിരുന്നു. 1989-ലെ ഓശാന ബൈബിൾ വരെയാണ് ബൈബിൾ വിവർത്തനം ഇപ്പോൾ മലയാളത്തിൽ എത്തി നിൽക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിനുശേഷമാണ് മലയാളത്തിലേക്ക് ഖുർ ആൻ വിവർത്തനമുണ്ടാകുന്നത്. ഖുർ ആന്റെ ഏറ്റവും പഴയ വിവർത്തനം നിർവഹിച്ചത് അറയ്ക്കൽ രാജ കുടുംബത്തിലെ ജനാബ് മായൻകുട്ടി ഇളയയാണ്. സി.എൻ അഹമ്മദ് മൗലവിയുടെ

വിവർത്തനം വരുന്നത് 1973-ലാണ്. ഇപ്പോഴും നിരവധി വിവർത്തനങ്ങൾ ഖുർആന് ഉണ്ടാകുന്നുണ്ട്.

ഇന്ത്യയിലെ തന്നെ മറ്റു ഭാഷകളിലെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടതോടെ മലയാള വായനാസമൂഹം അതൊക്കെ സ്വീകരിക്കാൻ തയാറായി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലാണ് വൈജ്ഞാനിക സാഹിത്യകൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു തുടങ്ങിയത്. അടുത്തകാലത്താണ് സാഹിത്യകൃതികളെക്കൂടാതെ ആത്മകഥകളും പഠനങ്ങളുമെല്ലാം പുറത്തു വന്നു തുടങ്ങിയത്. ഇതു വിവർത്തനങ്ങൾ വായിക്കുന്നവരുടെ എണ്ണം വർധിപ്പിച്ചു. ■

# പരിഭാഷയ്ക്കായി സമർപ്പിച്ച ജീവിതം

മലയാളിക്ക് ലോകസാഹിത്യത്തിന്റെ നിരവധി ക്ലാസിക്കുകളിലൂടെയുള്ള അനായാസ വായനാ സഞ്ചാരം സാധ്യമാക്കിയവരിൽ പ്രമുഖനാണ് എം.പി. സദാശിവൻ. ക്ലാസിക്കൽ കൃതികൾ മുതൽ സമകാലിക സാഹിത്യം വരെ അദ്ദേഹത്തിന്റെ വിവർത്തനത്തിലുണ്ട്. അക്ഷരാർഥത്തിൽ വിവർത്തനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച എഴുത്തുകാരനാണ് സദാശിവൻ. 113 കൃതികളാണ് ഇതുവരെ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. രാത്രിയെന്നോ പകലെന്നോ ഇല്ലാതെ എത്രയും വേഗത്തിൽ വിവർത്തനം നിർവഹിക്കാൻ കഴിയുന്നു എന്നതാണ് ഈ വിവർത്തകന്റെ പ്രത്യേകത. ഇരുനൂറും മുന്നൂറും പേജുള്ള പുസ്തകങ്ങൾ ഒരാഴ്ചകൊണ്ടാണ് സദാശിവൻ വിവർത്തനം ചെയ്യുന്നത്. വിവർത്തനത്തെ കൂടാതെ കഥകളും മറ്റു കൃതികളും ഉൾപ്പെടെ പത്തോളം കൃതികളും രചിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമി അവാർഡ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ സദാശിവനെ തേടിയെത്തിയിട്ടുണ്ട്.



എം.പി സദാശിവൻ

സദാശിവൻ വിവർത്തനം നിർവഹിച്ച ടി.എൻ ശേഷൻെറ ഇന്ത്യയുടെ പതനം എന്ന പുസ്തകം ഇരുപതിനായിരം കോപ്പിയാണ് വിറ്റഴിഞ്ഞത്. വിവർത്തനം മറ്റേതൊരു എഴുത്തിനെയും പോലെ ഒരു സർഗാത്മക പ്രക്രീയയാണ് ഇദ്ദേഹത്തിന്. തന്റെ എഴുത്തിനെക്കുറിച്ച് എം. പി. സദാശിവൻ പറയുന്നു: സർഗാത്മകതയുണ്ടെങ്കിൽ മാത്രമേ ഒരു എഴുത്തുകാരന് വിവർത്തകനാകാൻ കഴിയൂ. മനസ്സും ബുദ്ധിയുമെല്ലാം ഒരുപോലെ ചേർന്ന പ്രവൃത്തിയാണിത്. ഏകാഗ്രത ഏറ്റവും ആവശ്യമുള്ള ജോലി. വിവർത്തകൻ പുതുതായി ഒന്നും സൃഷ്ടിക്കുന്നില്ലെങ്കിലും മൂലകൃതിയിലെ ആശയം ചോർന്നു പോകാതെ മലയാള ഭാഷയുമായി ചേർത്തു വെച്ച് ആൾക്കാരെ വായിക്കാൻ പ്രേരിപ്പിക്കുക എന്നത് ഏറെ അധ്വാനമുള്ള ജോലി തന്നെയാണ്. വിവർത്തനം നന്നായില്ലെങ്കിൽ ആദ്യ വായനയിൽ തന്നെ പുസ്തകം എല്ലാവരും ഉപേക്ഷിക്കും. അദ്യകാലത്തു കവിത ആയിരുന്നു കൂടുതലായി എഴുതിയിരുന്നത്. തുടർന്നു കഥകളും. എന്നാൽ വിവർത്തനമാണ് തന്റെ മേഖലയെന്നു തിരിച്ചറിഞ്ഞതോടെയാണ് ആ മേഖലയിലേക്ക് കടന്നത്. എന്നാൽ കഥയെഴുത്ത് ഇന്നും ഉപേക്ഷിച്ചിട്ടില്ല.

ഇംഗ്ലീഷ് ഭാഷയിൽ എഴുതിയാലേ ശ്രദ്ധിക്കപ്പെടൂ എന്നാണ് എല്ലാവരും പറയുന്നത്. അത് ശരിയല്ല. മലയാളത്തിൽ എഴുതിയാലും വായിക്കപ്പെടും. മലയാള ഭാഷ അത്ര മോശമല്ല. എല്ലാ കൃതികളെയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിയും. എന്നാൽ അതിന് മലയാളം നന്നായി കൈകാര്യം ചെയ്യാൻ പഠിക്കണം. പലർക്കും ഇംഗ്ലീഷ് അറിയാം. മലയാള ഭാഷ അറിയില്ല. അതുകൊണ്ടാണ് വികലമായ വിവർത്തനങ്ങൾ ഉണ്ടാകുന്നതും കൃതികൾ കാര്യമായി വായിക്കപ്പെടാതെ പോകുന്നതും. ഞാൻ നേരത്തേ കഥയും കവിതയും എഴുതിയതാണ് വിവർത്തനത്തിന് എളുപ്പമായിരിക്കുന്നത്.

കവിത വിവർത്തനം ചെയ്യണമെങ്കിൽ കവിത്വമുണ്ടായിരിക്കണം. വിവർത്തനത്തിനു നല്ല വായന അനിവാര്യമാണ്. ക്ലാസിക്കൽ കൃതികൾ മുതൽ ആധുനിക സാങ്കേതികവിദ്യയെക്കുറിച്ചു വരെ നല്ല അറിവ് ഉണ്ടായിരിക്കണം. പത്രവും പുസ്തകവുമെല്ലാം വായനയുടെ ഭാഗമാക്കേണ്ടതാണ്. ഇരുപതു വർഷമായി ആകാശവാണിയിൽ റിപ്പബ്ളിക്ക് ദിനത്തിലും സ്വാതന്ത്ര്യദിനത്തിലും രാഷ്ട്രപതിയുടെ പ്രസംഗം വിവർത്തനം ചെയ്യുന്നുണ്ട്. വിവർത്തനം ചെയ്ത കൃതികൾ വായിക്കുന്ന നിരവധി പേരുടെ കത്തുകൾ കിട്ടാറുണ്ട്. ജയിലിൽനിന്നു പോലും കത്തുകൾ വരാറുണ്ട്. സത്യത്തിൽ ഇത്തരം കത്തുകളാണ് പുതിയ പുസ്തകങ്ങൾ വിവർത്തനം ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

## വിവർത്തനം ചെയ്ത പ്രധാന കൃതികൾ

ആയിരത്തൊന്നു രാത്രികൾ (റിച്ചാർഡ് ബർട്ടൻ), ഡെക്കാമറൻ കഥകൾ (ബൊക്കാച്ചിയോ), ചെമ്പൻ മുടിക്കാർ (ആർതർ കോനൻ ഡോയൽ), മരണത്തിന്റെ താഴ്വരയിൽ (അഗതാ ക്രിസ്റ്റി), പ്രേതഭൂമി (മോപ്പസാങ്), ഡ്രാക്കുള (ബ്രാം സ്റ്റോക്കർ), ലേഡി ചാറ്റർജിയുടെ കാമുകൻ (ഡി. എച്ച് ലോറൻസ്), ഇന്ത്യയുടെ പതനം (ടി.എൻ ശേഷൻ), സഖിമാരും ഞാനും (ഖുഷ്വന്ത് സിംഗ്), ചോരചിന്തിയ ദ്വീപ് (അനിതാ പ്രതാപ്), ബുദ്ധനും ബുദ്ധധർമ്മവും (അംബേദ്കർ), മഹാത്മാഗാന്ധി (കൃഷ്ണാ കൃപലാനി), കൂടുതൽ ജനനന്മക്കുവേണ്ടി (അരുന്ധതിറോയി), മദർ തെരേസ (നവീൻ ചൗള, കെ. ജയകുമാറിനൊപ്പം), സഹീർ (പൗലോ കൊയ്ലോ), ഉൾക്കാഴ്ചകൾ (കെ. ആർ. നാരായണൻ), ഗ്യാനി സെയിൽസിംഗിന്റെ ഓർമ്മക്കുറിപ്പുകൾ (ഗ്യാനി സെയിൽസിംഗ്), ജ്വലിക്കുന്ന മനസുകൾ (എ.പി.ജെ അബ്ദുൾ കലാം), അന്ന കരേനീന (ലിയോ ടോൾസ്റ്റോയ്), നോത്രദാമിലെ കൂനൻ (വിക്ടർ യൂഗോ). ■

■ ഡോ. കെ.എസ്. രവികുമാർ

**വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ ചരമശതാബ്ദി വർഷമാണ് 2014**

# സർഗാത്മകഗദ്യത്തിന്റെ പിതാവ്



> മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി അംഗീകാരം നേടിയിട്ടുള്ള 'വാസനാവികൃതി'യുടെ കർത്താവ് വേങ്ങയിൽ കുഞ്ഞിരാമൻനായരാണ് എന്ന് കരുതപ്പെടുന്നു. മലയാളത്തിൽ 19 –ാം നൂറ്റാണ്ടിന്റെ അവസാനത്തെ കാൽനൂറ്റാണ്ട്, സാഹിത്യസംസ്കാരിക രംഗങ്ങളിലൊക്കെ ചടുലമായ പരിവർത്തനമുണ്ടായ ഘട്ടമാണ്. ഗദ്യം സർഗാത്മക രചനകൾക്ക് സജീവമായി ഉപയോഗിച്ചു തുടങ്ങിയത് അക്കാലത്താണ്. ആ മുന്നേറ്റത്തിന്റെ മുൻപന്തിയിൽ നിന്ന എഴുത്തുകാരനാണ് വേങ്ങയിൽ കുഞ്ഞിരാമൻനായർ. മലയാളത്തിൽ ചെറുകഥ, ഉപന്യാസം തുടങ്ങിയ ജനുസ്സുകളുടെ ആദ്യകാല രചയിതാക്കളിൽ പ്രമുഖനാണ് അദ്ദേഹം

ഒരു നൂറ്റാണ്ടുമുമ്പ് 1914 നവംബർ 14ന് മദിരാശി നിയമസഭയിൽ പ്രസംഗിക്കുമ്പോഴാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ കുഴഞ്ഞു വീണു മരിച്ചത്. ആ മഹച്ചരമത്തെക്കുറിച്ച് ഉത്തരകേരളത്തിലെ അന്നത്തെ പ്രമുഖകവിയായിരുന്ന കെ.സി.നാരായണൻ നമ്പ്യാർ ഇങ്ങനെ എഴുതി:

"വിസ്താരം ചേർന്നഹാളിൽ പ്രബല സഖികളോ-
ടൊത്തഹോ രാജഭക്തി-
പ്രാസ്താവം ചെയ്തിരിക്കെ, ഗവർണരുമുപചാ-
രത്തിനുണ്ടായിരിക്കേ
സ്വസ്ഥാനത്തിൽ വെച്ചിട്ടരഞൊടിയിലനാ-
യാസമായ് സ്വർഗലോക
പ്രസ്ഥാനം ചെയ്ത സാക്ഷാൽ സുകൃതിയുടെ മഹാ-
ഭാഗ്യമേ ഭാഗ്യമോർത്താൽ"

അന്നത്തെ മലബാർ പ്രദേശത്തിന്റെ പൊതുരംഗത്തും മലയാളസാഹിത്യരംഗത്തും അത്യുന്നതമായ സ്ഥാനമായിരുന്നു വേങ്ങയിൽ കുഞ്ഞിരാമൻ നായനാർക്ക് ഉണ്ടായിരുന്നത്. അക്കാലമായപ്പോഴേക്കും മലയാളത്തിൽ പത്രങ്ങളും മാസികകളും ഉണ്ടായിത്തുടങ്ങിയിരുന്നു. അവയിൽ മിക്കതിലും സ്വന്തം പേരിലും അതിലേറെ വ്യത്യസ്തമായ തൂലികാനാമങ്ങളിലും ലളിതവും നിശിതവും സരസവുമായ ശൈലിയിൽ സാമൂഹികവും ഭരണപരവും സാഹിത്യപരവുമായ വിഷയങ്ങളെക്കുറിച്ച് നിരന്തരം എഴുതിക്കൊണ്ടിരുന്ന ഗദ്യകാരനായിരുന്നു വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ. ചെറുകഥ, രമ്യോപന്യാസം തുടങ്ങിയ സാഹിത്യജനുസുകളെ സംബന്ധിച്ചിടത്തോളം മലയാളത്തിലെ ആദ്യപഥികരിലൊരാളായിരുന്നു അദ്ദേഹം. മാത്രമല്ല ആ വിഭാഗങ്ങളിൽ രചിച്ച വിരലിലെണ്ണാവുന്ന കൃതികൾ കൊണ്ടുതന്നെ അദ്ദേഹം മലയാളസാഹിത്യരംഗത്ത് സുപ്രതിഷ്ഠിതനായി. കേസരി എന്ന തൂലികാനാമത്തിലായിരുന്നു അദ്ദേഹം സാഹിത്യരംഗത്ത് ഏറെയും അറിയപ്പെട്ടിരുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തെ രണ്ടു മൂന്നു പതിറ്റാണ്ടുകൾ മലയാളസാഹിത്യ രംഗത്ത് ഏറെ ഉണർവ്വുണ്ടായ കാലമാണ്. സമാന്തരമായി സാമൂഹികരാഷ്ട്രീയ രംഗങ്ങളിലും സജീവ ചലനങ്ങളുണ്ടായി. പത്രപ്രവർത്തനം, വിദ്യഭ്യാസം, സമുദായപരിഷ്കരണം തുടങ്ങിയ രംഗങ്ങളിൽ പില്ക്കാലത്തുണ്ടായ കുതിച്ചു കയറ്റത്തിന്റെ ആദ്യചലനങ്ങൾക്ക് ആക്കം കൂട്ടുന്നവയായിരുന്നു കുഞ്ഞിരാമൻ നായനാർ എഴുതിയ നർമ്മോപന്യാസങ്ങളും ലേഖനങ്ങളും. സാമൂഹികരംഗത്ത് നിലനിന്നിരുന്ന അനഭിലക്ഷണീയ പ്രവണതകളെ കിഴുക്കിയിരുത്താനും അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യരചനകൾക്കു കഴിഞ്ഞു. അതുവഴി ഏറെ

പൊതുജനപ്രീതി നേടി എഴുത്തുകാരനായി അദ്ദേഹം മാറി.

പയ്യന്നൂരിനടുത്തുള്ള കുറ്റൂരിലാണ് 1861-ൽ കുഞ്ഞിരാമൻനായനാർ ജനിച്ചത്. അച്ഛൻ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ പുളിയപ്പടമ്പ് ഹരിദാസൻ സോമയാജിപ്പാടും അമ്മ വേങ്ങയിൽ കുഞ്ഞാക്കം അമ്മയുമായിരുന്നു. ഉത്തരമലബാറിലെ അതിപ്രസിദ്ധവും സമ്പന്നവുമായ ജന്മികുടുംബമായിരുന്നു വേങ്ങയിൽ തറവാട്. അദ്ദേഹം ചെറുപ്പത്തിൽ പരമ്പരാഗത രീതിയിൽ സംസ്കൃതം പഠിച്ചു. പിന്നീട് തളിപ്പറമ്പ് ഇംഗ്ലീഷ് സ്കൂളിൽ ചേർന്ന് ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചു. കോഴിക്കോട്ടെ കേരളവിദ്യാശാലയിലും മദിരാശി പ്രസിഡൻസി കോളേജിലും ഉപരിവിദ്യഭ്യാസം നടത്തി. അക്കാലത്ത് മലബാർ കളക്ടർ ആയിരുന്ന ലോഗൻ സായ്പിന്റെ നിർദ്ദേശപ്രകാരം സെയ്താപേട്ടിലെ അഗ്രികൾച്ചർ കോളേജിൽ ചേർന്ന് നായനാർ കൃഷിശാസ്ത്രം പഠിച്ചു. അതുസംബന്ധിച്ച് നേടിയ അറിവ് കൃഷികാര്യങ്ങളിൽ പ്രാവർത്തികമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

മലബാറിലെ പൊതുരംഗത്ത് ചെറുപ്പത്തിൽ തന്നെ അദ്ദേഹം സജീവമായി പങ്കെടുത്തുതുടങ്ങി. 1888ൽ ബോംബെയിൽ വച്ചു നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. 1892 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് മെമ്പറായി. ഒരുവ്യാഴവട്ടക്കാലം തുടർച്ചയായി ആ ചുമതല വഹിച്ചു. ചെറിയ ഒരു ഇടവേളയ്ക്ക് ശേഷം 1907ൽ വീണ്ടും അദ്ദേഹം ബോർഡംഗമായി. മലബാർ, തെക്കൻ കർണ്ണാടകം എന്നീ ജില്ലകളിലെ ജന്മികളുടെ പ്രതിനിധിയായി 1912ൽ മദിരാശി നിയമസഭയിലേക്ക് വേങ്ങയിൽ കുഞ്ഞിരാമൻനായനാർ തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാഗംമെന്ന നിലയിൽ സഭാ നടപടികളിൽ പങ്കെടുത്ത് പ്രസംഗിച്ചുകൊണ്ടിരിക്കെയാണ് അദ്ദേഹം അന്തരിച്ചത് എന്ന് പറഞ്ഞുവല്ലോ.

നന്നെ ചെറുപ്പത്തിൽത്തന്നെ നായനാർ പത്രങ്ങളിൽ ലേഖനങ്ങളെഴുതിത്തുടങ്ങി 1879 ൽ, പതിനെട്ടാം വയസ്സിലാണ് അദ്ദേഹം ആദ്യമായി ലേഖ



വര: വി.എസ്. പ്രകാശ്

നങ്ങൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയത്. 'കേരള ചന്ദ്രിക' എന്ന പത്രത്തിലാണ് ആ ലേഖനങ്ങൾ പ്രകാശിതമായത്. പിന്നീട് ചെങ്കുളത്ത് കുഞ്ഞിരാമമേനോന്റെ പത്രാധിപത്യത്തിൽ 1884 ൽ കോഴിക്കോട്ടു നിന്നാരംഭിച്ച 'കേരളപത്രിക'യിൽ സ്ഥിരമായി എഴുതിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നിശിതവും നർമ്മം നിറഞ്ഞതുമായ ആക്ഷേപഹാസ്യ ലേഖനങ്ങൾ പൊതുജനങ്ങളിലും ഭരണാധികാരികളിലും ഏറെ പ്രതികരണങ്ങൾ ഉളവാക്കി.

നായനാർ സ്വന്തം പേരിലെഴുതിയതിനെക്കാൾ അധികം ലേഖനങ്ങൾ തൂലികാനാമങ്ങളുപയോഗിച്ചാണ് എഴുതിയത്. ഏറ്റവും പ്രസിദ്ധവും അദ്ദേഹത്തിന്റെ പേരിനോടൊപ്പം ഉറച്ചതും കേസരി എന്ന തൂലികാനാമമാണ്. അതോടൊപ്പം വജ്രസൂചി, വജ്രബാഹു, ദേശാഭിമാനി, സ്വദേശമിത്രൻ, വിദൂഷകൻ, വികടദൂഷകൻ തുടങ്ങിയ പേനപ്പേരുകളും അദ്ദേഹം ഉപയോഗിച്ചിരുന്നു. ഏറെ അടുപ്പവും പങ്കാളിത്തവും ഉണ്ടായിരുന്ന ചില പത്രമാസികകളിൽ ഒരു പേരും വെയ്ക്കാതെയും നായനാർ പലതും എഴുതിയിരുന്നു. 'മലബാർ സ്പെക്റ്റേറ്റർ' എന്ന ഇംഗ്ലീഷ് പത്രത്തിന്റെ ഉടമയായിരുന്നു പൂവാടൻ രാമൻ മലയാളത്തിൽ ഒരുപത്രം ആരംഭിച്ചപ്പോൾ കേസരി എന്ന വാക്ക് ഉള്ളടങ്ങത്തക്കവിധം 'കേരള സഞ്ചാരി' എന്ന പേരാണ് നല്കിയത്. തുടക്കത്തിൽ കുറേക്കാലം നായനാർ അതിന്റെ പത്രാധിപത്യം വഹിക്കുകയും ചെയ്തു.

മലയാളത്തിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തെ കാൽനൂറ്റാണ്ട്, സാഹിത്യസംസ്കാരിക രംഗങ്ങളിലൊക്കെ ചടുലമായ പരിവർത്തനമുണ്ടായ ഘട്ടമാണ്. ഗദ്യം സർഗാത്മക രചനകൾക്ക് സജീവമായി ഉപയോഗിച്ചു തുടങ്ങിയത് അക്കാലത്താണ്. ആ മുന്നേറ്റത്തിന്റെ മുൻപന്തിയിൽ നിന്ന എഴുത്തുകാരനാണ് വേങ്ങയിൽ കുഞ്ഞിരാമൻനായർ. മലയാളത്തിൽ ചെറുകഥ, ഉപന്യാസം തുടങ്ങിയ ജനുസ്സുകളുടെ ആദ്യകാല രചയിതാക്കളിൽ പ്രമുഖനാണ് അദ്ദേഹം.

മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി അംഗീകാരം നേടിയിട്ടുള്ള 'വാസനാവികൃതി'യുടെ കർത്താവ് വേങ്ങയിൽ കുഞ്ഞിരാമൻനായരാണ് എന്ന് കരുതപ്പെടുന്നു. 1891 ൽ വിദ്യാവിനോദിനി മാസികയിൽ ആ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത് രചയിതാവിന്റെ പേരില്ലാതെയായിരുന്നു. അത് ചെറുകഥയാണ് എന്നു സൂചനയില്ലായിരുന്നു. എന്നാൽ വിദ്യാവിനോദിനിയുടെ സഹപത്രാധിപരായി കുറെക്കാലം പ്രവർത്തിച്ചിരുന്ന നായനാരാണ് അതെഴുതിയത് എന്നാണ് വിശ്വസിക്കപ്പെടുന്നത്. എന്തായാലും പില്ക്കാലത്ത് വാസനാവികൃതിയുടെ കർതൃത്വം വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ പേരിൽ ഉറച്ചുപോയി. ഇന്നും പുതുമ നഷ്ടപ്പെടാത്ത, വായനക്കാരെ ആകർഷിക്കുന്ന ചെറുകഥയാണത്. 'മദിരാശി പിത്തലാട്ടം' 'എന്റെ അനുഭവം',

> **പഴഞ്ചൊല്ലുകളും നാട്ടറിവുകളും ഒക്കെ പരാമർശിച്ചുകൊണ്ടുള്ള ലേഖനങ്ങളും സാഹിത്യ വിമർശനത്തിന്റെ ഗണത്തിൽ പെടുത്താവുന്ന ചില രചനകളും നായനാരുടേതായിട്ടുണ്ട്. അദ്ദേഹം ഏതു വിഷയത്തെക്കുറിച്ചെഴുതിയാലും അത് തന്റെ ആത്മാംശം തുടിക്കുന്ന ലളിതവും നർമ്മസ്ഫൂരിതവുമായ രചനയായിത്തീരുമായിരുന്നു**

'കഥയൊന്നുമല്ല', 'ഒരു പൊട്ടബ്ഭാഗ്യം', തുടങ്ങി ചെറുകഥകളും ശ്രദ്ധേയമാണ്. 'ദ്വാരക' എന്ന ചെറുകഥയാകട്ടെ പ്രമേയത്തിന്റെയും ആവിഷ്കാരത്തിന്റെയും സവിശേഷതകൊണ്ട് മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ സാമാന്യസ്വഭാവത്തിൽ നിന്ന് ഏറെ ഉയർന്നു നില്ക്കുന്നു. മലയാള ചെറുകഥയിലെ ഒരുക്ലാസ്സിക് രചനയായി ആദരിക്കപ്പെടുന്നു അത്.

## രചനാസൗഭഗമുള്ള നർമോപന്യാസങ്ങൾ

ഉപന്യാസകാരൻ എന്ന നിലയിലും അനന്യമായ സ്ഥാനമാണ് നായനാർക്ക് മലയാള സാഹിത്യരംഗത്ത് ഉള്ളത്. സാമൂഹികരംഗത്ത് നിലനിന്നിരുന്ന പല പ്രവണതകളെയും വൈരുദ്ധ്യങ്ങളെയും അദ്ദേഹം ഉപന്യാസങ്ങളിൽ ഹാസ്യാത്മകമായി വിമർശിച്ചു. 'നാട്ടെഴുത്തച്ഛൻമാർ', 'സ്വഭാഷ', 'ഭ്രമം', 'കപടവേദാന്തികൾ', 'മരിച്ചാലത്തെ സുഖം' തുടങ്ങിയവ അദ്ദേഹത്തിന്റെ സ്വത്വമുദ്രപതിഞ്ഞ രചനാസൗഭഗമുള്ള നർമ്മം കലർന്ന ഉപന്യാസങ്ങളാണ്.

ഇന്ദുലേഖ പുറത്തുവന്ന് സഹൃദയാംഗീകാരം നേടിയതോടെ അക്ഷരം പഠിച്ചവരെല്ലാം നോവലെഴുതാൻ പുറപ്പെടുന്ന ഒരു സ്ഥിതി മലയാളത്തിലുണ്ടായി. 'ആഖ്യായിക അല്ലെങ്കിൽ നോവൽ' എന്ന ഉപന്യാസത്തിൽ സാന്ദർഭികമായിരുന്ന ആ പ്രവണതയെ അദ്ദേഹം കണക്കിനു പരിഹസിക്കുന്നുണ്ട്. അക്കൂട്ടത്തിൽ അത്തരം നോവലെഴുത്തുകാരെ കളിയാക്കാനായി 'പറങ്ങോടീപരിണയം' എന്നൊരു സാങ്കല്പിക നോവലിന്റെ രൂപക്രമവും അധ്യായശീർഷകങ്ങളും അദ്ദേഹം ഹാസ്യാത്മകമായി നല്കുന്നുണ്ട്. ആ ലേഖനത്തിന്റെ ലക്ഷ്യം മനസ്സിലാക്കിക്കൊണ്ടുതന്നെ കിഴക്കേപ്പാട്ട് രാമൻ കുട്ടിമേനോൻ ആ അധ്യായ ശീർഷകങ്ങളും ഇതിവൃത്തസൂചനകളും കൃത്യമായി പാലിച്ചു കൊണ്ട് 'പറങ്ങോടീപരിണയം' എന്നൊരു ഹാസ്യവിഡംബന നോവൽ എഴുതി.

പഴഞ്ചൊല്ലുകളും നാട്ടറിവുകളും ഒക്കെ പരാമർശിച്ചുകൊണ്ടുള്ള ലേഖനങ്ങളും സാഹിത്യ വിമർശനത്തിന്റെ ഗണത്തിൽ പെടുത്താവുന്ന ചില രചനകളും നായനാരുടേതായിട്ടുണ്ട്. അദ്ദേഹം ഏതു വിഷയത്തെക്കുറിച്ചെഴുതിയാലും അത് തന്റെ ആത്മാംശം തുടിക്കുന്ന ലളിതവും നർമ്മസ്ഫൂരിതവുമായ രചനയായിത്തീരുമായിരുന്നു.

ഇന്നും പഴക്കത്തിന്റെ അടയാളങ്ങൾ വീണിട്ടില്ലാത്തതാണ് നായനാരുടെ ഗദ്യം. അവയുടെ പ്രാണസാരം മലയാളത്തനിമയാണ്. അക്കാലത്തെ ചില നോവലിസ്റ്റുകളും മറ്റും പിൻതുടർന്നിരുന്ന അതിസംസ്കൃതപ്രചുരവും പ്രാസബഹുലമായ വിവരണങ്ങളെയും വർണ്ണനാ രീതിയെയും 'ആഖ്യായിക അല്ലെങ്കിൽ നോവൽ' എന്ന ലേഖനത്തിൽ അദ്ദേഹം കളിയാക്കുന്നുണ്ട്. തുടർന്ന് അദ്ദേഹം എഴുതുന്നു: "ഒരു വാക്യത്തിന് സ്പഷ്ടത ഉണ്ടെന്ന് പറയണമെങ്കിൽ ആ വാക്യം ഒരു പ്രാവശ്യം വായിക്കുമ്പോൾത്തന്നെ അതിന്റെ താല്പര്യം വായനക്കാരനു മനസ്സിലാവണം. താല്പര്യം മനസ്സിലാവാൻ രണ്ടാമതൊന്നുകൂടി വായിപ്പാൻ ഏടവരുത്തരുത്. വാക്യത്തിന്റെ കൗതുകം നിമിത്തം രണ്ടുപ്രാവശ്യമോ നൂറുപ്രാവശ്യമോ വായിച്ചോട്ടെ. അർത്ഥം ഗ്രഹിക്കുന്നത് ഒരു പ്രാവശ്യം വായിക്കുന്നതു കൊണ്ടു തന്നെ ആവണം." ഇതു വെറും തത്വം പറച്ചിലല്ല. രചനയിൽ നായനാർ സ്വാഭാവികമായി പുലർത്തിയിരുന്ന ഒരു രീതിയാണ്.

ജീവിച്ചിരുന്ന കാലത്ത് 'കേസരി' എന്ന പേരിൽ നായനാരുടെ പലതരം രചനകളുടെ ഒരു സമാഹാരം സി.ഡി. ഡേവിഡ് സമ്പാദനം ചെയ്ത് പുറത്തിറക്കിയതൊഴിച്ചാൽ പുസ്തകമായി യാതൊന്നും അദ്ദേഹം എഴുതിയിട്ടില്ല. എന്നാൽ അക്കാലത്ത് ഏറെ പുസ്തകങ്ങൾ രചിച്ച ഗദ്യകാരന്മാരെക്കാളും കവികളെക്കാളും മലയാളത്തിൽ ചിരംജീവിയായിരിക്കുന്നു അദ്ദേഹം. അത് സർഗാത്മക ഗദ്യത്തിന്റെ മേഖലയിലെ സ്വത്വശക്തിയുള്ള എഴുത്തുകാരൻ എന്ന നിലയിലാണ്.

ബ്രിട്ടീഷ് ഭരണത്തിന്റെ ആരാധകനും പലകാര്യങ്ങളിലും ഇംഗ്ലീഷ് സമ്പ്രദായങ്ങളോട് ആഭിമുഖ്യമുള്ള ആളുമായിരുന്നു നായനാർ. കൊളോണിയൽ ആധുനികതയുടെ അന്തരീക്ഷത്തിൽ ഉയർന്നുവന്ന മനവികതാബോധത്തിന്റെ ചില അംശങ്ങൾ അദ്ദേഹത്തിലുണ്ടായിരുന്നു. എന്നാൽ അതിനും മുകളിലായിരുന്നു മലയാളിയുടെ ഭാഷാബോധവും ആത്മബോധവും എന്ന് അദ്ദേഹത്തിന്റെ രചനകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ ആന്തരചൈതന്യം മൂലമാണ്, അന്തരിച്ച് ഒരു നൂറ്റാണ്ടായിട്ടും കേസരി നായനാരുടെ വാങ്മയങ്ങൾ തനിമയോടെ നിലനിൽക്കുന്നത് ■

■ അരവിന്ദ്



റോഡപകടങ്ങൾക്ക് ഇരയാകുന്നവർക്കായുള്ള അന്താരാഷ്ട്ര ദിനമാണ് നവംബർ 16

# വേണ്ടത് വേഗമോ സുരക്ഷയോ ?

വേഗതയാണോ ജീവനാണോ നമുക്ക് വേണ്ടത്? അതിവേഗത്തിൽ കാറോടിക്കാൻ എക്സ്പ്രസ് ഹൈവേകളേക്കാൾ വേണ്ടത് അപകടരഹിതമായ നിരത്തുകളാണ്. അടുത്തിടെ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് സംഘടിപ്പിച്ച വർക്ക്ഷോപ്പിന്റെ പ്രധാന വിഷയം ഇതായിരുന്നു. ചീറിപ്പായാൻ വലിയ പാതകളും ഫ്ളൈഓവറുകളുമുണ്ടായിട്ടും അപകടങ്ങൾ കുറയുന്നില്ല. എന്തുകൊണ്ട്? ലോകത്ത് ആകെയുണ്ടാകുന്ന അപകട മരണങ്ങളിൽ പതിനൊന്നു ശതമാനവും ഇന്ത്യയിലാണെന്ന് അവർ അവതരിപ്പിച്ച കണക്കുകളിൽ നിന്ന് വ്യക്തമായിരുന്നു.

ഇന്ത്യൻ റോഡുകളിൽ ഓരോ മണിക്കൂറും കൊല്ലപ്പെടുന്നത് പതിനാറുപേർ. ജീവിതം തിരിച്ചുപിടിക്കാനാവാത്ത വിധം പരുക്കേൽക്കുന്നവരുടെ എണ്ണം 58 വരും. നമ്മുടെ നിരത്തുകളിൽ പൊലിയുന്നവർ മാലിദ്വീപിലെ ജനസംഖ്യയുടെ നാൽപ്പതു ശതമാനം വരുമെന്നു പറയുമ്പോൾ അവിശ്വസനീയമായി തോന്നും. എന്നാൽ അതാണു സത്യം. റോഡപകടങ്ങളുടെ എണ്ണത്തിലും അവയുണ്ടാക്കുന്ന ആഘാതത്തിലും ലോകരാജ്യങ്ങളൽ മുന്നിലാണ് നമ്മുടെ രാജ്യം. ലോകാരോഗ്യസംഘടനയുടെ (ഡബ്ല്യൂ.എച്ച്.ഒ.) റിപ്പോർട്ടിൽ പറയുന്നത് പ്രകാരം ലോകത്തേറ്റവും അച്ചടക്കരഹിതമായ റോഡുകളുള്ള രാജ്യം നമ്മുടേതാണ്.

കേന്ദ്രമന്ത്രി ഗോപിനാഥ് മുണ്ടേ കൊല്ലപ്പെട്ട തലസ്ഥാന നഗരിയിലെ നിരത്തുകളിൽ ദിവസവും അഞ്ചുപേർ കൊല്ലപ്പെടുന്നുണ്ട്. ഇവരിൽ നാലുപേരും കാൽനടയാത്രക്കാരും ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവരുമാണ്. മിക്ക അപകടങ്ങളും നടക്കുന്നതാകട്ടെ ഫ്ളൈഓവറുകളിലും ജംഗ്ഷനുകളിലുമാണ്. മാരകമായ അപകടങ്ങളുടെ എണ്ണം 2003-ൽ 18% മാത്രമായിരുന്നു. എന്നാൽ 2012-ൽ അതു 25 ശതമാനമായി. മരണനിരക്കുകളുടെ വർധനയിൽ മെട്രോ നഗരങ്ങളും ഗ്രാമങ്ങളും വേറിട്ട് നിൽക്കുന്നില്ല. തിരക്കേറിയ മുംബെയും ചെന്നൈയും ബംഗളൂരുവുമൊക്കെ റോഡ് വികസനമന്ത്രാലയം തയ്യാറാക്കിയ അപകടനഗരങ്ങളുടെ പട്ടികയിൽ ആദ്യം തന്നെയുണ്ട്.

ലഖ്നൗ, വഡോദര, ആഗ്രപോലുള്ള താരതമ്യേന ചെറുനഗരങ്ങളിൽ നിർമ്മിച്ച ഹൈവേകളിലും വൻ റോഡുകളിലുമൊക്കെ അപകടങ്ങൾ വൻതോതിൽ കൂടിയിട്ടുണ്ടെന്നു കണക്കുകൾ പറയുന്നു. വാഹനങ്ങളുടെ വേഗത കൂട്ടാൻ വേണ്ടി മാത്രമാണു ഹൈവേകൾ നിർമ്മിക്കുമ്പോൾ പരിഗണനയെന്ന് സി.എസ്.ഇ. പറയുന്നു. അതേസമയം കാൽനട-സൈക്കിൾ യാത്രക്കാരേയും പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നവരെയും അവഗണിക്കുന്നു. സമഗ്രമായ റോഡ് സുരക്ഷ നയത്തിന്റെ അഭാവം ആരോഗ്യത്തെയും ബാധിക്കുമെന്ന മുന്നറിയിപ്പ് കൂടി നൽകുന്നു സി.എസ്.ഇ. സുസ്ഥിരമായ റോഡ് നയത്തിന്റെ അഭാവം അന്തരീക്ഷമലിനീകരണത്തിനാണ് വഴിതെളിക്കുന്നത്. അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതുമാണ്. ഒരു പക്ഷേ കണക്കുകൂട്ടലുകൾക്കുമപ്പുറം. ജി.ബി.ഡി. റിപ്പോർട്ട് അനുസരിച്ച് (ഗ്ലോബൽ ബർഡൺ ഓഫ് ഡിസീസ്) മരണകാരണങ്ങളിൽ എട്ടാം സ്ഥാനമാണ് റോഡപകടങ്ങൾക്കു നൽകിയിരിക്കുന്നത്. അന്തരീക്ഷ മലിനീകരണം അടക്കമുള്ളവ കണക്കിലെടുക്കുമ്പോൾ അത് എയ്ഡ്സും ക്ഷയവും മലേറിയയും വന്നു ബാധിക്കുന്നവരുടെ എണ്ണത്തേക്കാൾ കൂടുമത്രെ.



# പരിസ്ഥിതിക്ക് ഇ-റിക്ഷകൾ



തിരക്കേറിയ ഗുഡ്ഗാവിലെ റോഡുകളിൽ ഇപ്പോൾ ചീറിപ്പായുന്നത് ഇ-റിക്ഷകളാണ്. റിക്ഷകൾ മനുഷ്യന്റെ ചുമലിൽ നിന്നു ബാറ്ററിയിലേക്കു വഴിമാറി. അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതാണു പ്രധാനനേട്ടം. ഓട്ടോകളും ബൈക്കുമൊക്കെ പരമാവധി ഒഴിവാക്കാം. ഓട്ടോറിക്ഷയെ അപേക്ഷിച്ചു നോക്കുമ്പോൾ ചെലവും കുറവാണ്. ഗുഡ്ഗാവിലെ എ.ജി. റോഡിൽ ഇപ്പോൾ നൂറോളം ഇ-റിക്ഷകളുണ്ട്. വൈദ്യുതി ഉപയോഗിച്ച് ചാർജ് ചെയ്യുന്ന ഇവയ്ക്ക് മണിക്കൂറിൽ 20 കിലോമീറ്റർ വേഗതയുണ്ട്. ഇ-റിക്ഷയുടെ നിർമാതാക്കൾ പറയുന്നു. വേഗത കുറവായതിനാൽ അപകടങ്ങളും കുറവാണ്. പത്തു മുതൽ പന്ത്രണ്ട് മണിക്കൂർവരെ തുടർച്ചയായി ചാർജ് ചെയ്താൽ 80 മുതൽ 90 കിലോമീറ്റർ വരെ ഇവ ശബ്ദരഹിതമായി ഓടും. 80,000 മുതൽ ഒരു ലക്ഷം രൂപ വരെയാണ് ഇ-റിക്ഷകളുടെ വില.

# ഇ-കൊമേഴ്സിൽ നിന്ന് എം. കൊമേഴ്സിലേക്ക്

രണ്ടു സെക്കൻഡുകളുടെ വ്യത്യാസത്തിനാണ് നൂറുകണക്കിന് കോടികളുടെ ലാഭം ചില ബിസിനസുകൾക്കുണ്ടാകുന്നത്. ഒരു പ്രമുഖ ബ്രോക്കിങ് കമ്പനി മൊബൈൽഫോൺ ആപ്ലിക്കേഷൻ പരിഷ്കരിച്ച് പുറത്തിറക്കിയതു തന്നെ ഈ സമയലാഭത്തിനായാണ്. അതായത് പഴയ ആപ്ലിക്കേഷൻ വഴി ഇടപാടുകൾ നടത്തുമ്പോൾ ഒന്നരമുതൽ രണ്ടര സെക്കൻഡുകൾ വരെ ലാഗിങ്ങുണ്ടായിരുന്നു. പുതിയ ആപ്ലിക്കേഷൻ അതു പരിഹരിച്ചു. ഇടപാടുകാർക്കും ഗുണം. ഇന്ത്യൻ ഓഹരി വിപണി




യിൽ 30 മുതൽ 45 ശതമാനം വരെ ഇടപാടുകൾ നടത്തുന്നത് സ്മാർട്ട്ഫോണിലൂടെയാണെന്നു പറയുന്നു ആ രംഗത്തെ പ്രമുഖർ. മൊബൈൽ വഴിയുള്ള സാമ്പത്തിക ഇടപാടുകൾ വളരെ വേഗത്തിൽ വർധിക്കുന്നുവെന്നു ഫോറസ്റ്റർ റിസേർച്ച് പറയുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇടപാടുകൾ 7,800 കോടിയിൽ നിന്ന് 36,000 കോടിയിലെത്തി. എം. വാലറ്റ്, മൊബൈൽ ബാങ്കിങ്, ഇന്റർബാങ്ക് പേയ്മെന്റ് സേവനങ്ങൾ വഴിയാണ് ഇത്. ഓരോ മാസവും അമ്പതുലക്ഷംപേർ ഇന്റർനെറ്റ് വരിക്കാരാകുന്നു. 23 കോടി വരിക്കാരിൽ 13 കോടിയും മൊബൈൽ വഴി ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. മൂന്നു വർഷത്തിനുള്ളിൽ സ്മാർട്ട്ഫോൺ വഴിയാകും 80% ഇടപാടുകളെന്നു ഗൂഗിളിന്റെ ഇന്ത്യൻ തലവൻ രഞ്ജൻ ആനന്ദൻ പറയുന്നു.

# ഹിന്ദിസിനിമയിലെ രോഗങ്ങൾ

ദീപ്തകൃതി ചൗധരിയുടെ 'ബോളിബുക്ക്' എന്ന പുസ്തകം രസകരമായ ചില വസ്തുതകൾക്ക് ഊന്നൽ നൽകുന്നു. ചരിത്രം പറയാതെ അതിന്റെ വ്യത്യസ്ത തലങ്ങൾ അന്വേഷിക്കുകയാണ് ലേഖകൻ. ഉദാഹരണത്തിന് ബോളിവുഡ് ചലച്ചിത്രങ്ങളിലെ രോഗങ്ങളുടെ പട്ടിക നോക്കൂ. നായകന്മാർക്കും നായികമാർക്കും വരുന്ന രോഗങ്ങളിൽ കാൻസറാണ് മുന്നിൽ. രാജേഷ് ഖന്നയാണ് ഈ രോഗത്തിന്റെ ബ്രാൻഡ് അംബാസിഡർ. *വക്ത്* എന്ന സിനിമയിൽ സാക്ഷാൽ അമിതാഭ് ബച്ചനുപോലും കാൻസറായിരുന്നു. ബ്രയിൻ ട്യൂമറാണ് പ്രചാരത്തിലുള്ള രണ്ടാമത്തെ രോഗം. *മജ്ബൂറിൽ* ബിഗ്ബിക്കും ഈ രോഗം വന്നിട്ടുണ്ട്. കാലത്തിന് അനുസരിച്ച് രോഗങ്ങളും മാറിയിട്ടുണ്ട്. *കൽ ഹോ നാ ഹോയിലെ* ഷാരൂഖിനെ ഓർമയില്ലേ? ആ സിനിമയുടെ ക്ലൈമാക്സിന്റെ ഗതി നിശ്ചയിച്ചത് ഹൃദയാഘാതമാണ്. *സലാം ഇഷ്കിലു*ൾപ്പെടെ ഹിറ്റായ രോഗം മറവിരോഗമാണ്. അന്ധതയും (*ബ്ലാക്ക്, ആങ്കേൻ*) എയ്ഡ്സുമാണ് (*ഫിർ മിലേംഗ്*) പ്രചാരത്തിലുള്ള മറ്റു രോഗങ്ങൾ.



ദീപ്തകൃതി ചൗധരി

ജില്ലകളിലൂടെ



# സുതാര്യ കേരളം തുണയായി
# അർജുന പുരസ്കാരജേതാവിന് നീതി ലഭിച്ചു

ദക്ഷിണേന്ത്യയിൽ നിന്നും ആദ്യമായി അർജുന അവാർഡ് ലഭിച്ചത് ആർക്കെന്ന് ഓർമ്മയുണ്ടോ. തൃശൂർ കൂർക്കഞ്ചേരി ചിറ്റേത്ത് കണക്കപ്പറമ്പിൽ ബാലകൃഷ്ണന് ആദ്യമായി എവറസ്റ്റ് കൊടുമുടി കീഴടക്കിയ ഇന്ത്യൻ സംഘാംഗമെന്ന നിലയിൽ 1965 ലാണ് അർജ്ജുന അവാർഡ് ലഭിക്കുന്നത്. പ്രതിരോധമന്ത്രിയായിരുന്ന വി.കെ. കൃഷ്ണമേനോന്റെ പോലും ശ്രദ്ധയും സ്നേഹവും പിടിച്ചുപറ്റിയ കരസേനയിലെ സമർത്ഥനായ സൈനികനായിരുന്നു ബാലകൃഷ്ണൻ. എവറസ്റ്റ് ജേതാവെന്ന നിലയിൽ പത്മശ്രീയും ലഭിച്ച ബാലകൃഷ്ണൻ 1951 ൽ ഡൽഹിയിൽ നടന്ന പ്രഥമ ഏഷ്യൻ ഗെയിംസിൽ തലനാരിഴയ്ക്കാണ് 400 മീറ്റർ ഓട്ടത്തിൽ വെങ്കലം നഷ്ടമായി നാലാമതെത്തിയത്. 1950 ലെ ദേശീയ മീറ്റിൽ 100 മീറ്റർ ഹർഡിൽസിൽ വെള്ളി മെഡലും നേടിയിരുന്നു. സ്വന്തം നാട്ടിൽ ഒരുതുണ്ട് ഭൂമി യെന്ന മോഹം ബാക്കി നിർത്തിയാണ് ഏഴുവർഷം മുമ്പ് ബാലകൃഷ്ണൻ അരങ്ങൊഴിഞ്ഞത്. കേരള സ്പോർട്സ് കൗൺസിലിന്റെ ആദ്യസ്വർണ്ണ മെഡൽ ജേതാവ് ബാലകൃഷ്ണനായിരുന്നു. അർജ്ജുന അവാർഡ് നേടിയതിന്റെ സുവർണ്ണജൂബിലി വർഷത്തിൽ, പക്ഷെ വിധവയായ രത്നവല്ലിയുടെ മനസ്സു നിറയെ നീറിപ്പുകഞ്ഞിരുന്നത് ജീവിതപങ്കാളിയുടെ വേർപാടിന്റെ വേദനയോടൊപ്പം ദശകങ്ങളായി നേരിടേണ്ടിവന്ന അവഗണനയുടെയും അനീതിയുടെയും കനലുകൾ കൂടിയായിരുന്നു.

പർവതാരോഹണവും ഓട്ടവും മാത്രമല്ല ക്രിക്കറ്റും തനിക്കിണങ്ങുന്ന കായിക ഇനമാണെന്ന് ബാലകൃഷ്ണനെന്ന സൈനികൻ തെളിയിച്ചതാണ്. സർവീസസിനുവേണ്ടി രഞ്ജി ട്രോഫിയിലും രണ്ടു തവണ പാഡണിഞ്ഞിരുന്നു. 1958 ൽ ടിബറ്റിലേക്ക് പറന്ന ഇന്ത്യൻ വിമാനം ഹിമാലയൻ സാനുക്കളിൽ തകർന്നടിഞ്ഞ് എട്ട് സൈനികർ മരിച്ചപ്പോൾ തെളിവ് ശേഖരിക്കാൻ പ്രതിരോധമന്ത്രി നിയോഗിച്ച രണ്ടംഗസംഘത്തിൽ ക്യാപ്റ്റൻ എ.എസ്. ചീമയോടൊപ്പം ബാലകൃഷ്ണനുമുണ്ടായിരുന്നു. 21,000 അടി മലമുകളിൽ മരണത്തെ കീഴടക്കി തെളിവുമായി അവർ തിരിച്ചു വന്നു. 1959 ൽ നേപ്പാൾ തിരഞ്ഞെടുപ്പിൽ സഹായം നൽകാൻ ഇന്ത്യ അയച്ച സൈനിക സംഘത്തിലും ബാലകൃഷ്ണൻ അംഗമായിരുന്നു. നേപ്പാൾ സർക്കാരിന്റെ ഓർഡർ ഓഫ് മെറിറ്റും ഇന്ത്യൻ സേനാമെഡലുമൊക്കെ ഇതിനിടയിൽ അദ്ദേഹത്തെ തേടിയെത്തിയിരുന്നു.

ബാലകൃഷ്ണന്റെ സേവനങ്ങളെ മാനിച്ച് അന്ന് ഡൽഹിയിൽ 10 സെന്റ് സ്ഥലം അനുവദിച്ചിരുന്നെങ്കിലും അദ്ദേഹം ഭൂമി കേരളത്തിൽ മതിയെന്ന് അറിയിക്കുകയായിരുന്നു. 1966 ൽ തൃശൂരിനടുത്ത് വിലങ്ങൻകുന്നിൽ സർക്കാർ ഭൂമി അനുവദിച്ചെങ്കിലും വിജനപ്രദേശത്തിന് പകരം മറ്റെവിടെയെങ്കിലും സ്ഥലം നൽകിയാൽ മതിയെന്ന് അദ്ദേഹം അഭ്യർഥിച്ചു. പിന്നീട് കോയമ്പത്തൂരിൽ സ്ഥലം അനുവദിച്ചെങ്കിലും നടപടിക്രമങ്ങൾ അവിടെയും തടസ്സമായി. ഗിരിനിരകൾക്കും അഗാധഗർത്തങ്ങൾക്കും മുന്നിൽ അടിപതറാതെ അജയ്യനായി എന്നും നിലകൊണ്ട ബാലകൃഷ്ണന്റെ ജീവിതം ചുവപ്പുനാട തീർത്ത കുരുക്കിൽ കാലിടറുകയായിരുന്നു.



രത്നവല്ലി



ബാലകൃഷ്ണൻ മുൻ രാഷ്ട്രപതി ശങ്കർദയാൽശർമയിൽ നിന്ന് പുരസ്കാരം സ്വീകരിക്കുന്നു

അവസാനകാലം നാട്ടിൽ ചെലവിടാൻ ആഗ്രഹിച്ച ബലകൃഷ്ണനേയും ഭാര്യയേയും പൂനെയിൽ എഞ്ചിനീയറായ മകൻ ശിവശങ്കരൻ അങ്ങോട്ടു കൊണ്ടുപോയി. മകന്റെ വിവാഹത്തിന് ബന്ധുക്കളെ ക്ഷണിക്കാൻ കേരളത്തിലേക്ക് വന്നപ്പോഴാണ് ആദ്യദുരന്തം അവരെ തേടിയെത്തിയത്. പൂനെയിലെ വീട്ടിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് മകൻ മരണപ്പെട്ടു. തുടർന്നാണ് 1990ൽ കോയമ്പത്തൂരിൽ സ്ഥിരതാമസമാക്കിയ മകൾ ഗിരിജ തലച്ചോറിലെ അണുബാധയെ തുടർന്ന് മരണമടഞ്ഞത്. ഈ രണ്ടു ആഘാതങ്ങളും ബാലകൃഷ്ണനും കുടുംബത്തിനും താങ്ങാവുന്നതിലേറെയായിരുന്നു. ഭൂമി ലഭിക്കാതെ തന്നെ 2007 സെപ്റ്റംബർ ഒമ്പതിന് പൂനെയിലെ മിലിട്ടറി ആശുപത്രിയിൽ വെച്ച് ബാലകൃഷ്ണനും മക്കൾ പോയ ലോകത്തേക്ക്തന്നെ യാത്രയായി. എവറസ്റ്റ് ജേതാവായപ്പോഴും അർജുന അവാർഡ് ലഭിച്ചപ്പോഴും പത്രങ്ങളുടെ മുൻപേജുകളിൽ വാർത്തയായ ബാലകൃഷ്ണന്റെ വിടവാങ്ങൽ പക്ഷെ പൂനെയിലെ പൊതുശ്മശാനത്തിലെ തീനാളങ്ങളിലും ഉൾപേജുകളിലെ ചരമക്കോളങ്ങളിലുമൊതുങ്ങി. ഗുരുവായൂർ തെക്കേനടയിൽ വാടകയ്ക്ക് താമസിക്കുന്ന ഇളയമകൾ ഗോപികക്കൊപ്പമാണ് ഇപ്പോൾ രത്നവല്ലിയുടെ താമസം. സ്വന്തമായി ഒരു തുണ്ട് ഭൂമിയെന്ന ഭർത്താവിന്റെ ആഗ്രഹസാഫല്യത്തിനായി ഇവർ കയറിയിറങ്ങാത്ത ഓഫീസുകളില്ല.

സ്വന്തമായി ഒരിടത്തിനായി 1965 ൽ തുടങ്ങിയ ബാലകൃഷ്ണന്റെ പരിശ്രമങ്ങൾക്ക് ഒടുവിൽ മുഖ്യമന്ത്രിയുടെ സുതാര്യകേരളമാണ് സാഫല്യം നൽകിയത്. രത്നവല്ലി

നൽകിയ പരാതിക്ക് കഴിഞ്ഞ ദിവസം വീഡിയോകോൺഫറൻസിങ്ങിലൂടെ തൃശൂർ ജില്ലാ ഭരണകൂടവുമായി നടത്തിയ മുഖാമുഖത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പരിഹാരം കണ്ടു. മുകുന്ദപുരം താലൂക്കിൽപ്പെട്ട പടിയൂരിൽ 10 സെന്റ് ഭൂമി നൽകാനും അഞ്ചുലക്ഷം രൂപ വീട് നിർമാണത്തിന് അനുവദിക്കാനും മുഖ്യമന്ത്രി ഉത്തരവിട്ടു. മാധ്യമങ്ങൾ ഇതു സംബന്ധിച്ച് മുമ്പ് പ്രസിദ്ധീകരിച്ച വാർത്തകളും തൃശൂർ സുതാര്യ കേരളം ജില്ലാ ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ജില്ലാ കളക്ടർ എം.എസ്. ജയയുടെ നേതൃത്വത്തിൽ രത്നവല്ലിക്കായി മുഖ്യമന്ത്രി അനുവദിച്ച സ്ഥലവും പണവും വേഗത്തിൽ നൽകാനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുകയാണ് ജില്ലാ ഭരണകൂടം.

കവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഭാര്യ ഭാനുമതി ടീച്ചർ വൃദ്ധസദനം പണിയാൻ ദാനമായി നൽകിയ 57 സെന്റ് സ്ഥലത്ത് ഉദ്ദേശിച്ച സ്ഥാപനം പണിയാതെ ഒരു സംഘടന കേന്ദ്രഓഫീസ് സ്വരൂപിച്ചതായുള്ള ആരോപണത്തിന്റെ നിജസ്ഥിതി മുഖ്യമന്ത്രി സുതാര്യകേരളത്തിലൂടെ ആരാഞ്ഞു. പ്രശ്നപരിഹാരത്തിന്റെ ആദ്യപടിയെന്ന നിലയ്ക്ക് ഇതു സംബന്ധിച്ച വിഷയങ്ങൾ സമഗ്രമായി അവലോകനം ചെയ്യാൻ ജില്ലാ ഭരണകൂടത്തെ മുഖ്യമന്ത്രി ചുമതലപ്പെടുത്തി.

മണ്ണുത്തിയിൽ നാഷണൽ ഹൈവേയോട് ചേർന്നു കിടക്കുന്ന ഈ സ്ഥലം കോടികൾ വിലമതിക്കുന്നതാണ്. വൈലോപ്പിള്ളിയുടെ ഭാര്യ ഭാനുമതി ടീച്ചർ സുതാര്യ കേരളത്തിലൂടെ നൽകിയ പരാതിയിലാണ് മുഖ്യമന്ത്രിയുടെ ഈ നിർദേശം.



സനോജ്

ചേലക്കര വെങ്ങാനെല്ലൂർ പറമ്പിൽ വീട്ടിൽ കോമളത്തിന്റെ മകൻ പി.ആർ. സനോജിന്റെ ചികിത്സാ സഹായത്തിനും മുഖ്യമന്ത്രിയുടെ സഹായഹസ്തമെത്തി. അർബുദ രോഗത്തെ തുടർന്ന് ഇടതുകൈ തോളിന് മുകളിൽവെച്ച് മുറിച്ചു മാറ്റിയ സനോജിന് കൃത്രിമകൈ വയ്ക്കാൻ ഒരു ലക്ഷം രൂപയും മരുന്നിന്റെ ചെലവും വേണ്ടിവരും. അച്ഛൻ അഞ്ചു വർഷം മുമ്പ് ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതാണ്. അമ്മ ഒരു വശം തളർന്ന് കിടപ്പിലുമാണ്. തൃശൂർ കേരളവർമ കോളേജിലെ ബിരുദ വിദ്യാർഥിയായ സനോജിന്റെ ദുരന്തകഥ സുതാര്യകേരളത്തിന്റെ ജില്ലാ ഓഫീസ് മുഖാന്തിരമാണ് മുഖ്യമന്ത്രി അറിഞ്ഞത്. ചികിത്സക്ക് 1.25 ലക്ഷം രൂപ അനുവദിച്ച മുഖ്യമന്ത്രി സനോജിന്റെ കുടുംബം വീട് പണിയാൻ പിന്നാക്ക വിഭാഗ വികസന കോർപറേഷനിൽ നിന്ന് വായ്പയെടുത്ത 80,000 രൂപയുടെ അടവ് ബാക്കിയിൽ ഇളവു വരുത്താൻ കഴിയുമോയെന്നത് പരിശോധിക്കാനും അധികൃതരോട് നിർദേശിച്ചു.

കളക്ടറേറ്റിൽ നടന്ന വീഡിയോ കോൺഫറൻസിംഗിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് പി.വി. അബ്ബാസ്, ഡെപ്യൂട്ടി കളക്ടർ സി.വി. സജൻ, ഡെപ്യൂട്ടി കളക്ടർ കെ. ഇന്ദിര, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.എസ്. അലിക്കുഞ്ഞ്, സുതാര്യകേരളം കോ-ഓർഡിനേറ്റർ എം.ടി. സനിത തുടങ്ങിയവർ പങ്കെടുത്തു.

***പി. വിനോദ്***
*മേഖല ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ*

# തളിക്കുളം സ്നേഹതീരത്ത് രുചിക്കൂട്ടുകളുടെ മഹാമേള

ഭക്ഷണപ്രിയർക്ക് കൊതിയൂറുന്ന വൈവിധ്യമാർന്ന ഭക്ഷ്യ വിഭവങ്ങളുമായി തളിക്കുളം സ്നേഹതീരത്ത് സംഘടിപ്പിച്ച ഭക്ഷ്യമേള ശ്രദ്ധേയമായി. കേരളത്തിലെ 14 ജില്ലകളിലെ തനതായ ഭക്ഷ്യവിഭവങ്ങളും അറേബ്യൻ വിഭവങ്ങളും മേളയിൽ ഒരുക്കിയിട്ടുണ്ട്. രാമശ്ശേരി ഇഡ്ഡലിയും കുട്ടനാടൻ താറാവുകറിയും തലശ്ശേരി ദം ബിരിയാണിയും സ്റ്റാളുകളിൽ ലഭിച്ചു. മുളയരി പായസവും മേളയിൽ പ്രധാന ഇനമാണ്. കഫേ കുടുംബശ്രീയും ടി.എൻ. പ്രതാപൻ എം.എൽ.എയുടെ നേതൃത്വത്തിലുള്ള ഒരുമ സാംസ്കാരിക കൂട്ടായ്മയും ചേർന്നാണ് തളിക്കുളം കായലോരത്ത് വിവിധ രുചിക്കൂട്ടുകളുടെ കലവറ ഒരുക്കിയത്. ഇതോടൊപ്പം വൈകുന്നേരങ്ങളെ സജീവമാക്കാൻ മാപ്പിളകലാമേളയും സംഘടിപ്പിച്ചു. ഭക്ഷ്യമേള യുവജനക്ഷേമ മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു.



ഭക്ഷ്യമേളയിൽ മന്ത്രി പി.കെ. ജയലക്ഷ്മി

പുതിയ രുചിക്കൂട്ടുകൾ തേടിപ്പോകുമ്പോഴും പുറംലോകത്തിന്റെ ആഹാരരീതികൾ പരീക്ഷിക്കുമ്പോഴും നമ്മുടെ തനതായ രീതികളും ശീലങ്ങളും മറന്നുപോകാതിരിക്കാൻ കഫേ കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളിലൂടെ വീട്ടിലുണ്ടാക്കുന്ന അതേ രുചിയോടെയുള്ള ഭക്ഷണ വൈവിധ്യങ്ങൾ ആസ്വദിക്കാനും താരതമ്യം ചെയ്യാനും വിലയിരുത്താനും ഇത്തരം ഭക്ഷ്യമേളകൾക്ക് കഴിയുമെന്നും മന്ത്രി ജയലക്ഷ്മി പറഞ്ഞു. ടി.എൻ. പ്രതാപൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എം.എസ്. ജയ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ദിലീപ് കുമാർ, സി.എൻ. നൗഷാദ്, മുഹമ്മദ് റഷീദ്, ഷൗക്കത്ത് അലി, ഗിൾഷ തിലകൻ, പി. അബ്ദുൾ മജീദ് എന്നിവർ സംബന്ധിച്ചു.

***എം.എസ്. അലിക്കുഞ്ഞ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*



# വിഭിന്നശേഷിയുള്ളവരുടെ പുനരധിവാസത്തിന് പ്രത്യേക സംവിധാനം തുടങ്ങും: മുഖ്യമന്ത്രി



കണ്ണൂർ പ്രതീക്ഷാഭവനിൽ മുഖ്യമന്ത്രി

പതിനെട്ടുവയസ്സു കഴിഞ്ഞ വിഭിന്നശേഷിയുള്ളവരുടെ പുധരധിവാസത്തിനും് ആരോഗ്യ സംരക്ഷണത്തിനാവശ്യമായ കാര്യങ്ങൾക്കുമായി പ്രത്യേക സംവിധാനം ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. വിഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള കണ്ണൂർ പള്ളിക്കുന്ന് പ്രതീക്ഷ ഭവനിൽ സ്വീകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്ത വർഷം മുതൽ 50 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്കും എയിഡഡ് പദവി നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. നൂറിൽ കൂടുതൽ കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ഈ വർഷം മുതൽ എയ്ഡഡ് പദവി നൽകാനുള്ള തീരുമാനം എന്തൊക്കെ ആക്ഷേപങ്ങളും അഴിമതി ആരോപണങ്ങളും ഉയർത്തിയാലും സർക്കാർ നടപ്പിലാക്കും. കേരളത്തിൽ 267 സ്ഥാപനങ്ങക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നിയമപരമായ അവകാശമാണ്. എന്നാൽ പ്രത്യേക പരിഗണന വേണ്ട വിദ്യാർഥികൾക്ക് ഇത് നിഷേധിക്കപ്പെടുകയായിരുന്നു. ഇവരോട് കാട്ടുന്ന അനീതിയാണിത്. കുറ്റബോധത്തോടെ ഇപ്പോൾ അത് തിരുത്തുകയാണ്. ഇതിനെ ചിലർ വിമർശിക്കുന്നത് നിർഭാഗ്യകരമാണ്.

മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകളിൽ ഒന്ന് മാത്രമാണ് സർക്കാർ ഉടമസ്ഥതയിലുള്ളത്. പണം മാത്രമല്ല,

# സംസ്ഥാനത്തെ ആദ്യ ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ ആലപ്പുഴയിൽ

സംസ്ഥാനത്തെ ആദ്യ ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ ആലപ്പുഴ കളക്ട്രേറ്റിൽ പ്രവർത്തനം തുടങ്ങി. റവന്യൂ മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം നിർവഹിച്ചു. ഏഴു വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തനിവാരണപ്രവർത്തനങ്ങൾ നടത്തുന്നതിന് പതിനഞ്ചുകോടി രൂപ ചെലവിൽ അത്യാധുനിക സംവിധാനങ്ങളോടെ തിരുവനന്തപുരത്ത് സംസ്ഥാന എമർജൻസി സെന്റർ ആരംഭിക്കുമെന്നും ഉപകരണങ്ങൾ വാങ്ങിത്തുടങ്ങിയെന്നും മന്ത്രി പറഞ്ഞു.

24 മണിക്കൂറും പ്രവർത്തിക്കുന്ന സെന്ററിൽ പൊലീസ്-ഫയർഫോഴ്സ് -റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം



എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ഉദ്ഘാടനം മന്ത്രി അടൂർ പ്രകാശ് നിർവഹിക്കുന്നു

ഇത്തരം കുട്ടികളെ സ്നേഹം കൊടുത്ത് കരുതൽ പകർന്ന് പ്രത്യേകമായി സംരക്ഷിക്കാൻ വലിയ ക്ഷമയും ഉണ്ടാവണം. ഈ വലിയ ദൗത്യമാണ് സാമൂഹ്യ, സന്നദ്ധ സംഘടനകൾ ഏറ്റെടുത്തിട്ടുള്ളത്. പ്രതീക്ഷാഭവന് കളിസ്ഥലം ഉണ്ടാക്കാനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കലക്ടറോട് നിർദേശിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. റിപ്പോർട്ട് കിട്ടിയാൽ സർക്കാർ തലത്തിൽ ആലോചിച്ച് നടപടി സ്വീകരിക്കും. സ്കൂളിനായി ബസ്സ് അനുവദിക്കാൻ എംഎൽഎ ഫണ്ടിൽ നിന്ന് പണം ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബസ് വാങ്ങാൻ ആവശ്യമായ തുക അനുവദിക്കാമെന്ന് കെ എം ഷാജി എംഎൽഎ ചടങ്ങിൽ പ്രഖ്യാപിച്ചതിനെ തുടർന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

സ്പെഷ്യൽ സ്കൂൾ വിദ്യാർഥികളുടെ തന്നെ ബാന്റ് സംഘത്തിന്റെ അകമ്പടിയോടെയാണ് മുഖ്യമന്ത്രിയെ സ്കൂളിലേക്ക് സ്വീകരിച്ച് ആനയിച്ചത്. കെ എം ഷാജി എം എൽ എ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം ഷൈജ, കെ സുരേന്ദ്രൻ, എം പി മുരളി തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ സജിത സ്വാഗതം ആശംസിച്ചു. പത്താം ക്ലാസ് വിദ്യാർഥിനി റിമപ്രമോദ് വരച്ച പെയിന്റിങ്ങ് മുഖ്യമന്ത്രിക്ക് സമ്മാനിച്ചു. ഈ സമ്മാനം അമൂല്യ നിധിയായി കരുതുന്നുവെന്നും തന്റെ ഓഫീസിൽ തന്നെ ഇത് സൂക്ഷിക്കുമെന്നും അദ്ദേഹം അറിയിച്ചു.

***ഇ.വി. സുഗതൻ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*കണ്ണൂർ.*

ലഭിക്കും. ഫോണിലൂടെ ഡോക്ടറുടെ സേവനവും ലഭ്യമാണ്.

കെ.സി. വേണുഗോപാൽ എം.പി. ആധ്യക്ഷനായി. ദുരന്തനിവാരണപ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലയ്ക്കുള്ള പുരസ്കാരം മന്ത്രിയിൽനിന്ന് ജില്ലാ കളക്ടർ എൻ. പത്മകുമാർ ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാഹരി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗം ഡോ. ശേഖർ എൽ. കുര്യാക്കോസ്, ജില്ലാ പൊലീസ് മേധാവി കെ.കെ. ബാലചന്ദ്രൻ, ഐ.എൽ.ഡി.എം. ഡയറക്ടർ ഡോ. കേശവ് മോഹൻ, സബ്കളക്ടർ ബാലമുരളി, എ.ഡി.എം. ആന്റണി ഡൊമനിക്, ഡെപ്യൂട്ടി കളക്ടർ കെ.ആർ. ചിത്രാധരൻ, ശിരസ്തദാർ പി.ടി. ഉമ്മൻ എന്നിവർ പങ്കെടുത്തു.

***എ. അരുൺ കുമാർ***
*അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ*

# കല്ലാറിന്റെ ജലസമൃദ്ധിയിൽ കുട്ടവഞ്ചിയാത്ര



**അടവിയിൽ കുട്ടവഞ്ചിയാത്ര ചെയ്യുന്ന മന്ത്രി അടൂർപ്രകാശ്**

വനദൃശ്യങ്ങൾ ആസ്വദിച്ച് കുട്ടവഞ്ചിയിൽ കല്ലാറിന്റെ ഓളപ്പരപ്പിലൂടെ സുരക്ഷിതമായ സാഹസിക യാത്രയ്ക്ക് അവസരമൊരുക്കുന്ന പത്തനംതിട്ട ജില്ലയിലെ കോന്നി അടവി ഇക്കോ ടൂറിസം പദ്ധതി ശ്രദ്ധേയമാകുന്നു. കേരളത്തിൽ വിനോദ സഞ്ചാര രംഗത്ത് കുട്ടവഞ്ചി യാത്ര സൗകര്യമുള്ള ഏക സ്ഥലമാണിത്.

കല്ലാറിന്റെ ജലസമൃദ്ധിയിലൂടെ കുട്ടവഞ്ചി തുഴഞ്ഞ് പ്രകൃതിയെ കണ്ടറിയാൻ സ്വദേശികളും വിദേശികളുമായ നിരവധി പേരാണ് ദിവസവും അടവിയിലെത്തുന്നത്. സ്ഥലം എംഎൽഎ ആയ റവന്യൂ മന്ത്രി അടൂർ പ്രകാശിന്റെ ആശയപ്രകാരം വനം വകുപ്പാണ് അടവി ഇക്കോ ടൂറിസം പദ്ധതി നടത്തുന്നത്.

കോന്നി-തണ്ണിത്തോട് റോഡിൽ മുണ്ടൻമൂഴിക്ക് സമീപം ബംഗ്ലാവ് കടവിൽ നിന്നാണ് കുട്ടവഞ്ചി യാത്രയുടെ തുടക്കം. ആദ്യഘട്ടമായി ബംഗ്ലാവു കടവിൽ നിന്നും പാണ്ടിയൻ കയത്തിലേക്കും തിരികെയും കുട്ടവഞ്ചിയിൽ ഹ്രസ്വദൂര യാത്രയാണ് സജ്ജമാക്കിയിരിക്കുന്നത്. നാലു പേർ ഉൾപ്പെടുന്ന സംഘത്തിന് 400 രൂപയാണ് അരമണിക്കൂർ വരുന്ന യാത്രയ്ക്കുള്ള ഫീസ്. രാവിലെ 8.30 മുതൽ വൈകിട്ട് 4.30 വരെയാണ് കുട്ടവഞ്ചി യാത്രാ സമയം. ഇവിടെ യാത്രാഫീസ് അടയ്ക്കുന്നതിനും വാഹനം പാർക്ക് ചെയ്യുന്നതിനും സൗകര്യമുണ്ട്. സുരക്ഷയ്ക്കായി വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് നൽകും. അടുത്ത ഘട്ടമായി നാലുകിലോമീറ്റർ ദൂരം വരുന്ന ദീർഘദൂര യാത്രയും ആരംഭിക്കും. ഒരു മണിക്കൂറാണ് ദീർഘദൂര യാത്രയുടെ സമയദൈർഘ്യം. ഇതിന്റെ ടിക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

ജില്ലയിലെ ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും വിധം അടവി ഇക്കോടൂറിസം-കോന്നി ആനക്കൂട്-ഗവി ടൂറിസം സർക്യൂട്ട് വികസനത്തിനായി സംസ്ഥാന ടൂറിസം വകുപ്പ് എട്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒഴിവു ദിവസം ആസ്വാദ്യകരമാക്കാൻ അടവിയിൽ കുട്ടവഞ്ചി യാത്രയ്ക്ക് എത്തുന്നവർക്ക് 11 കിലോമീറ്റർ സഞ്ചരിച്ചാൽ കോന്നി ആനക്കൂടും സന്ദർശിക്കാം. ആനയെ അടുത്തറിയാൻ ആനക്കൂട് വഴിയൊരുക്കും. ആനകളുടെ ഷവർബാത്ത്, ആന സവാരി, ആനകളുടെ അസ്ഥിയുടെ പൂർണരൂപം, ആന മ്യൂസിയം, ആന പിടുത്തത്തിന്റെ അപൂർവ ചിത്രങ്ങൾ, ആനപ്പിണ്ഡം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഫയൽ നിർമാണ യൂണിറ്റ് എന്നിവ സന്ദർശകർക്ക് നവ്യാനുഭവമാകും. ആനക്കൂട്ടിൽ ഏഴ് ആനകളുണ്ട്. 73 വയസുള്ള സോമൻ ആണ് ഏറ്റവും പ്രായമുള്ള ആന. ലക്ഷ്മി എന്ന കുട്ടിയാനയുടെ കുസൃതികൾ പ്രായഭേദമെന്യേ ഏവരേയും ആകർഷിക്കും. ഓണത്തോടനുബന്ധിച്ച് കോന്നി ആനക്കൂട്ടിൽ സെപ്റ്റംബർ അഞ്ചു മുതൽ ഒൻപതുവരെ ഗജവിജ്ഞാനോത്സവം സംഘടിപ്പിച്ചിരുന്നു. പ്രകൃതി സൗഹൃദ വിനോദസഞ്ചാരം ഇഷ്ടപ്പെടുന്നവർക്ക് കുടുംബസമ്മേതം ഒരു ദിവസം ആസ്വാദ്യകരമായി ചെലവഴിക്കാൻ കഴിയുന്ന ആകർഷക വിനോദ സഞ്ചാര കേന്ദ്രങ്ങളാണ് അടവി ഇക്കോ ടൂറിസം പദ്ധതിയും കോന്നി ആനക്കൂടും.

***എൻ.രാധാകൃഷ്ണപിള്ള***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ*

# വികസനപദ്ധതികൾക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ ഉദാരസമീപനം: മുഖ്യമന്ത്രി



വികസനപദ്ധതികൾക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിൽ സർക്കാർ ഉദാരമായ സമീപനം സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. എന്നാൽ റോഡ് വികസനത്തിനും വൈദ്യുതിലൈൻ വലിക്കുന്നതിനും വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ഭൂമി വിട്ടുതരില്ലെന്ന സമീപനം സംസ്ഥാനത്തിന്റെ വികസനം ആഗ്രഹിക്കുന്ന സർക്കാരിന് അംഗീകരിക്കാനാകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.



കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ആശയരൂപീകരണം മുതൽ നിക്ഷേപകരുമായി ബന്ധം സ്ഥാപിക്കൽ വരെ എല്ലാ ഘട്ടങ്ങളിലും സംരംഭകർക്ക് പിന്തുണ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ടെക്നോളജി ഇന്നൊവേഷൻ സോൺ (ടിസ്).

വികസനപദ്ധതികൾക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന് വിപണിവില ലഭിക്കണമെന്ന ആഗ്രഹം ന്യായമാണ്. സ്ഥലം നൽകുന്നവർ ശിക്ഷിക്കപ്പെടരുത്. വികസനത്തിന്റെ പ്രയോജനം അവർക്കു കൂടി ലഭിക്കുന്ന

# വിങ്ങുന്ന മനസ്സുകൾക്ക് ഒരു സ്നേഹസ്പർശനം

മനസ്സിൽ വേദനകളുടെ കടലിരമ്പം അടക്കിപ്പിടിച്ച് അവർ ഇരുന്നു, കരയാനും ചിരിക്കാനുമാവാതെ. ജീവിത സായന്തനത്തിൽ ആശ്രയമറ്റ് ഒറ്റപ്പെട്ടുപോയവർ. പരാതിയോ പരിഭവമോ ഇല്ലാതെ വിങ്ങുന്ന ഹൃദയവുമായി വാർധക്യം ജീവിച്ചുതീർക്കുന്നവരിലേക്ക് കരുണയാർന്ന മനസ്സുമായി മുഖ്യമന്ത്രി എത്തി. നിറമുള്ള ജീവിതത്തിന്റെ ഓർമകളിൽ വിതുമ്പുന്ന മനുഷ്യർക്ക് സാന്ത്വനവും സ്നേഹസ്പർശവുമേകാനാണ് അഴീക്കോട് സർക്കാർ വൃദ്ധമന്ദിരത്തിൽ ഒക്ടോബർ 3 ന് ഉച്ചയോടെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എത്തിയത്. മക്കളുണ്ടായിട്ടും അനാഥരായി മാറിയവർ. സമ്പത്തും സ്വത്തും കൈക്കലാക്കി മക്കൾ നടതള്ളിയവർ. വാർധക്യത്തിൽ താങ്ങാവാൻ ആരോരുമില്ലാത്ത 65 പേരാണ് ഈ വൃദ്ധസദനത്തിലുള്ളത്. 35 സ്ത്രീകളും 30 പുരുഷൻമാരും.

മക്കളും ബന്ധുക്കളും കൈയൊഴിഞ്ഞവർക്ക് താങ്ങും തണലുമാകുക നാടിന്റെ ബാധ്യതയാണെന്ന് തിരിച്ചറിഞ്ഞ് അവരുടെ പ്രശ്നങ്ങൾ നേരിട്ടറിയാനാണ് മുഖ്യമന്ത്രി എത്തിയത്. മുഖ്യമന്ത്രിയുടെ കരങ്ങൾ പിടിച്ച് പലരും ഒന്നും പറയാനാവാതെ നിന്നു. ഓരോരുത്തരുമായി അദ്ദേഹം സംസാരിച്ചു. ഒരു രക്ഷിതാവിനെപ്പോലെ അവരുടെ വേദനകൾ കേട്ടും ആശ്വസിപ്പിച്ചും രണ്ടര വരെ അദ്ദേഹം അവർക്കൊപ്പം കഴിഞ്ഞു. അവർക്കൊപ്പം ഉച്ചഭക്ഷണവും കഴിച്ചാണ് മുഖ്യമന്ത്രി മടങ്ങിയത്. ഗാന്ധി ജയന്തി വാരാഘോഷത്തിന്റെ ഭാഗമായി വിവിധ ജില്ലകളിലെ ഇതുപോലുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കി പൊതുവായ പരിഹാരമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയോജനങ്ങളെ സംരക്ഷിക്കുകയെന്നത് മക്കളുടെ ഔദാര്യമല്ലെന്നും നിയമപരമായ ബാധ്യതയാണെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ വയോജനങ്ങളുടെ സംരക്ഷണത്തിന് ആരംഭിക്കുന്ന സസ്നേഹം പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നത് ആലോചിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഗാന്ധിജയന്തി വാരമായ ഒക്ടോബർ 2 മുതൽ 8 വരെയുള്ള ദാനോത്സവത്തിന്റെ ഭാഗമായിരുന്നു സന്ദ

തരത്തിലുള്ള പാക്കേജുകളെ കുറിച്ച് സർക്കാർ ആലോചിക്കും. എന്നാൽ സ്ഥലം കിട്ടാത്തതിന്റെ പേരിൽ വികസനപദ്ധതികൾ അനന്തമായി നീണ്ടുപോകുന്നത് സംസ്ഥാനതാൽപര്യത്തിന് ഗുണകരമല്ലെന്ന് എല്ലാവരും മനസിലാക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സ്റ്റാർട്ടപ്പ് കമ്പനികൾക്കായി 1.25 ലക്ഷം ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുകയെന്ന എമർജിങ് കേരളയിലെ പ്രഖ്യാപനം അടുത്ത പത്തു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. നിലവിൽ പതിനായിരം ചതുരശ്ര അടി സ്ഥലമാണ് ഒരുക്കിയിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജിക്ക് പുറമെ എട്ട് മേഖലകളിൽ കൂടി സ്റ്റാർട്ടപ്പ് കമ്പനികൾക്കായുള്ള ഇൻകുബേഷൻ സെന്ററുകൾ വ്യാപിപ്പിക്കും. കളമശ്ശേരിയിൽ കിൻഫ്രയുടെ കൈവശമുള്ള 13.2 ഏക്കർ സ്ഥലത്ത് സ്റ്റാർട്ടപ്പ് കമ്പനികൾക്കായി കൂടുതൽ സൗകര്യമൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

യുവസംരംഭകരുടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി സംഘടിപ്പിച്ച യുവ സംരംഭക സംഗമത്തിന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്. സംസ്ഥാന ബജറ്റിന്റെ ഒരു ശതമാനം തുകയാണ് ഈ മേഖലയ്ക്കായി മാറ്റിവയ്ക്കുക. അഞ്ഞൂറ് കോടി രൂപയോളം വരുമിത്. കേവലം ഐ.ടി വകുപ്പിൽ മാത്രമല്ല മറ്റ് വകുപ്പുകളും അവരുടെ ബജറ്റിൽ നിന്നും ഒരു ശതമാനം യുവസംരംഭക പദ്ധതികൾക്കായി വകയിരുത്താൻ നിർദേശം നൽകിയിട്ടുണ്ട്. കൃഷിയിൽ നിന്നും കർഷകർ പിൻമാറുന്ന ഘട്ടത്തിൽ യുവാക്കൾ മുന്നേറ്റം നടത്തുന്നത് നല്ല തുടക്കമാണെന്നും സംസ്ഥാന സർക്കാരിന്റെ സ്റ്റാർട്ടപ്പ് നയം ഉടനെ പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേരളത്തിൽ നിക്ഷേപം നടത്താൻ നിരവധി പേർ തയാറാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള ശ്രമം നടത്തിവരികയാണ്. റോഡ്, ഊർജം തുടങ്ങിയ മേഖലകളിലെ വികസനത്തിനുള്ള തടസങ്ങൾ നീക്കും. പുതുവൈപ്പ് എൽ.എൻ.ജി ടെർമിനലിൽ നിന്നുള്ള വാതക വിതരണം പ്രയോജനപ്പെടുത്തുന്ന സിറ്റി ഗ്യാസ് പദ്ധതി ഉടനെ യാഥാർത്ഥ്യമാകും. കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ അനുമതിയാണ് ഇതിന് ലഭിക്കേണ്ടത്. വ്യവസായ - ഗാർഹിക മേഖലകൾക്ക് ഊർജം പകരുന്നതിൽ ഈ പദ്ധതി വൻ കുതിച്ചുചാട്ടമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ സ്റ്റാർട്ടപ്പ് വില്ലേജ് മന്ദിരത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. സംരംഭകർ മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തി. ഉദ്ഘാടനച്ചടങ്ങിൽ പൊതുമരാമത്തു വകുപ്പു മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് അധ്യക്ഷത വഹിച്ചു. വ്യവസായ ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, കളമശ്ശേരി മുനിസിപ്പൽ ചെയർമാൻ ജമാൽ മണക്കാടൻ, മുനിസിപ്പൽ കൗൺസിലർ നസീമ മജീദ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ഡോ. ജി.സി. ഗോപാലപിള്ള, സ്റ്റാർട്ടപ്പ് വില്ലേജ് ചെയർമാൻ സഞ്ജയ് വിജയകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രണവ് കുമാർ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഋഷികേശ് നായർ എന്നിവർ പ്രസംഗിച്ചു.

പതിനായിരം ചതുരശ്ര അടി സ്ഥലത്ത് നാൽപതോളം സ്റ്റാർട്ടപ്പുകൾക്കാണ് കിൻഫ്ര ഹൈടെക് പാർക്കിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ സൗകര്യമൊരുക്കുന്നത്. തിരുവനന്തപുരത്തെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിനു കീഴിലുള്ള 150 കോടിയുടെ ഈ പദ്ധതി കൊച്ചി സ്റ്റാർട്ടപ്പ് വില്ലേജിന്റെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തിക്കുക. ടെലികോം ഐടി മേഖലക്കു പുറമെ കൃഷി, വിനോദസഞ്ചാരം, ഇലക്ട്രോണിക്സ്, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്കും ഇൻകുബേഷൻ സൗകര്യം ലഭ്യമാക്കുകയാണ് ടിസിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

അവശേഷിക്കുന്ന കെട്ടിടങ്ങളുടെ നിർമാണം 2016 അവസാനത്തോടെ പൂർത്തിയാക്കും. കിൻഫ്ര പാർക്കിലെ 13.2 ഏക്കർ സ്ഥലത്തെ മുഴുവൻ പണികളും പൂർത്തിയാകുന്നതോടെ മൂന്നു ലക്ഷം ചതുരശ്രഅടി സ്ഥലത്തായി 3000 സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തനസൗകര്യം ഒരുക്കാൻ ടിസിന് സാധിക്കും. കൺവെൻഷൻ സെന്റർ, ഫുഡ് കോർട്ടുകൾ, പ്രദർശനഹാൾ കൂടാതെ ഫാബ്രിക്കേഷൻ ലാബ് (ഫാബ് ലാബ്), ഡേറ്റ സെന്റർ തുടങ്ങി ഭാവിയിൽ ബിസിനസ് ഇൻകുബേറ്ററുകൾക്ക് ആവശ്യമായി വരാവുന്ന എല്ലാ സൗകര്യങ്ങളും ടിസിന്റെ നിർമാണം പൂർത്തിയാകുന്നതോടെ ലഭ്യമാകും.

***നിജാസ് ജ്യുവൽ***
*അസിസ്റ്റന്റ് എഡിറ്റർ, ജില്ല ഇൻഫർമേഷൻ ഓഫീസ്, എറണാകുളം*



**അഴീക്കോട് സർക്കാർ വൃദ്ധമന്ദിരത്തിലെത്തിയ മുഖ്യമന്ത്രി**

ർശനം. ദാനം ചെയ്തും മററുള്ളവരെ അതിന് പ്രേരിപ്പിച്ചും സന്തോഷം പങ്കിടുന്ന ഈ പരിപാടി ആദ്യമായാണ് കേരളത്തിൽ നടത്തുന്നത്. ഏഴു സ്ഥലങ്ങളിലെ ദാനോത്സവ പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പങ്കെടുത്തു. പരിപാടിയിൽ കെ എം ഷാജി എംഎൽഎ അധ്യക്ഷത വഹിച്ചു. ഗ്രാമ വികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് സംസാരിച്ചു. സസ്നേഹം പദ്ധതിയുടെ ലോഗോ പ്രകാശനവും മുഖ്യമന്ത്രി ചടങ്ങിൽ നിർവഹിച്ചു.

വയോജനങ്ങളുടെ സംരക്ഷണവും വൃദ്ധസദനങ്ങളുടെ പ്രവർത്തനവും സംബന്ധിച്ചുള്ള റിപ്പോർട്ട് ജില്ലാ കലക്ടർ പി ബാലകിരൺ മുഖ്യമന്ത്രിക്ക് കൈമാറി. സണ്ണിജോസഫ് എംഎൽഎ, സബ് കലക്ടർ നവജ്യോത് ഖോസ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം ഷൈജ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കെ പവിത്രൻ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ എസ് ജലജ തുടങ്ങിയവർ സംബന്ധിച്ചു. ജില്ലാ കലക്ടർ പി ബാലകിരൺ സ്വാഗതം ആശംസിച്ചു.

***ഇ.കെ.പത്മനാഭൻ,*** *അസി.എഡിറ്റർ,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കണ്ണൂർ.*

■ എം. ശ്രീനാഥൻ

# അടിയറവില്ലാതെ പതറാതെ

അടി' മലയാളി ജീവിതവുമായി ഇഴുകി ഇണങ്ങിനിൽക്കുന്ന ഒരു വാക്കാണ്. നാമവും ക്രിയാധാതുവുമാണത്. കൂടാതെ ശൈലികളും 'അടി' കേന്ദ്രീകരിച്ചുണ്ട്. അർഥവൈവിധ്യം കൊണ്ടും പ്രയോഗവൈവിധ്യം കൊണ്ടും സമ്പന്നമാണീപദം. അടി ചേർന്ന വാക്കുകളനവധിയുണ്ട് മലായളത്തിൽ. പാദം, ചുവട്, കാൽച്ചുവടുകൊണ്ടുള്ള ഒരു അളവ്, 12 ഇഞ്ചുള്ള ഒരു ദൈർഘ്യമാനം, ഛന്ദസ്സിലെ ഒരു പാദം, വംശക്രമം, പരമ്പര ആരംഭം, തുടക്കം, കാഴ്ചദ്രവ്യം എന്നിങ്ങനെയുള്ള അർഥങ്ങളോടൊപ്പം തല്ല്, ലഹള, മുഴക്കം, കിലുക്കം, പൂശൽ നടത്തൽ, തെളിക്കൽ, പതിക്കൽ എന്നിങ്ങനെയുള്ള അർഥങ്ങളും 'അടി' പങ്കിടുന്നുണ്ട്.

അടിക്കോല് ഒരു അളവുകോലാണ്. ചുവടുകൊണ്ടുള്ള അളക്കലാണ് അടിയളവ്. സമയം അറിയാൻ ചുവട്ടടികൊണ്ടു നിഴൽ അളക്കുന്ന സമ്പ്രദായമാണിത്. ചുവട്ടടിയളവ് അഥവാ കാല്പാടാണ് അടിപ്പാട്. നിഴലളന്ന് സമയം അറിയാനുള്ള വാക്യമാണ് അടിയളവുവാക്യം/അടിവാക്യം. നിഴലിന് ഇത്ര അടി നീളമുള്ളപ്പോൾ ഇത്ര നാഴിക പുലർന്നു എന്ന് ഈ വാക്യങ്ങൾ കൊണ്ടറിയാം. ഈ വാക്യങ്ങളെ ഛായാവാക്യം എന്നും പറയും. പ്രാചീനകാലത്ത് ഛായാവാക്യങ്ങൾ കൊണ്ടും നക്ഷത്രവാക്യങ്ങൾകൊണ്ടുമാണ് സമയനിർണയം ചെയ്തിരുന്നത്. തളിരുപോലെ മൃദുവായ പാദമാണ് അടിത്തളിർ. പുഷ്പം പോലെ മൃദുവായ പാദമാണ് അടിമലർ. മെതിയടിയാണ് അടിനില.

അടിയും തടയുമാണ് അടിതട. മേൽക്കുമേൽ അടി, അടിക്കടിയും തെരുതെരെ അടി അടിമേലടിയുമാണ്. അടിമേലടി മേല്ക്കുമേൽ ദുരിതവുമാണ്. അടിക്കുകയും പിടിക്കുകയും മാത്രമല്ല കാലുപിടിക്കലും അടിപിടി തന്നെ. അടിക്കുകയും ശബ്ദിക്കുകയും മറ്റും ചെയ്യുന്ന അടിപിടിയാണ് അടികലശൽ; തമ്മിൽ തല്ലെന്നർഥം. അടിപിടിക്കുന്നവൻ അടിക്കാരനാണ്. പുലയരുടെ ഒരു ദേവതയും അടിക്കാരനാണ്. സ്ത്രീധനമായി കൊടുത്ത ദ്രവ്യമാണ് അടിദ്രവ്യം. ഇത് കാണിക്കയുമാണ്. അടിക്കട്ട ഒരു നെയ്ത്തുപകരണവും അടിക്കലം കറ്റയടിക്കാനുള്ള കളവുമാണ്. ആദ്യത്തെ കിടാവും വേലക്കാരനും അടിക്കിടാവാണ്. നെൽച്ചെടിക്കു ചുവട്ടിൽ കണവയ്ക്കുന്ന പ്രായമാണ് അടിക്കണയും അടിപ്പൊതിയും. തായ്മരമാണ് അടിമരം. അടിമുണ്ടൽ ഒരു വൃക്ഷമാണ്. മണ്ണാത്തിപ്പുള്ളാണ് അടിമ്പക്ഷി. അടിയൻ ഒരു ഗിരിവർഗമാണ്. അടിയന്റെ തുകിലാണ് അടിത്തുകിൽ. അടിത്തോലെന്നും പറയും.

അടിയുകയിലെയും അടിക്കുകയിലെയും ധാതുവാണ് അടി. താഴെ തങ്ങുക, കീഴിൽ താഴുക, കീഴ്പ്പെടുക, നശിക്കുക, കുമിഞ്ഞുകൂടുക, അധഃപതിക്കുക എന്നീ അർഥങ്ങളാണ് അടിയുകയിലെങ്കിൽ തല്ലുക, അറയുക, വീശുക, മുട്ടുക, അച്ചടിക്കുക, അലക്കുക, ഇളക്കുക എന്നിങ്ങനെയുള്ള അർഥങ്ങളാണ് അടിക്കുകയിലുള്ളത്. അടികാണുക (അവസാനം കാണുക), അടിതെറ്റുക (അടിസ്ഥാനം പിഴയ്ക്കുക), അടിനിരത്തുക (നടക്കുക, എഴുന്നെള്ളുക), അടിനോക്കി നടക്കുക (പിന്തുടരുക), അടിപണിയുക (കാലുപിടിക്കുക, വണങ്ങുക, കീഴടങ്ങുക), അടിപതറുക (അടിപ്പോവുക, ഭ്രമിക്കുക), അടിപരത്തുക (നടക്കുക), അടിപറ്റുക



(തോൽവി ഭവിക്കുക), അടിപിഴക്കുക (അടിതെറ്റുക), അടിപെടുക (തോൽക്കുക), അടിപ്പെടുക (തോൽക്കുക, അധീനമാവുക, വീഴുക), അടിയറ്റുപോവുക (ഇല്ലാതാവുക, നിലതെറ്റുക), അടിയിരുത്തുക (എഴുന്നെള്ളുക, നടക്കുക, വാഴുക, അടിയിളക്കുക, ക്ഷോഭിക്കുക), അടിച്ചുകയറുക (മുന്നോട്ടുകേറുക, ഇരച്ചുകേറുക), അടിച്ചുവാരുക (തൂത്തുവാരുക, കൂടുതൽ സമ്പാദിക്കുക), അടിച്ചുടച്ചുടച്ച് വാർക്കുക (ആകപ്പാടെ മാറുക), അടിച്ചുവിടുക (അച്ചടിച്ചു പുറത്തുവിടുക) എന്നിങ്ങനെ വൈവിധ്യപൂർണമായ അടിക്കൂട്ടുകൾ ക്രിയാരംഗത്തുണ്ട്.

തൂക്കുകയുമായി ബന്ധപ്പെട്ട അടിചേർന്ന പദങ്ങൾ പലതാണ്. തെരുവും മറ്റും തൂക്കാനുള്ള നീണ്ട പിടിയുള്ള ചൂലാണ് അടിമാച്ചിൽ. അടിച്ചുവാരാനുള്ള ചൂലുണ്ടാക്കുന്നതിനുള്ള ഈർക്കിലാണ് അടിച്ചിപ്പാര/അടിച്ചാര. എണ്ണ മുതലായത് അരിക്കാനുള്ള കോച്ചാട്ട, ചൂട്ട്, ഓല മുതലായതാണ് അടിച്ചോല. തൂത്ത് വൃത്തിയാക്കി വെള്ളം തളിക്കലാണ് അടിച്ചുതളി. അടിച്ചുതളിക്കുന്ന വസ്തു അല്ലെങ്കിൽ ആളാണ് അടിതളി. ചൂലുകൊണ്ട് അടിച്ചുകൂട്ടിയ ചപ്പും ചവറുമാണ് അടിക്കൂട്ട്.

ഭൂമിക്കടിയിൽ നിന്നുള്ള ഊറ്റാണ് അടിയുറവ്. അടിയിലൂടെയുള്ള ഒഴുക്ക് അടിയൊഴുക്കും, അടിവലിവുമാണ്. പൊക്കിളിന്റെ കീഴ്‌വശമാണ് അടിവയറ്. വാക്കിനടിയിൽ ശ്രദ്ധയാകർഷിക്കാനായി ഇടുന്ന വരയാണ് അടിവര. താഴ്‌വരയാണ് അടിവാരം. മുന്നാധാരമാണ് അടിയാധാരം. പദവി, അവകാശം നേടുന്നതിനും മറ്റും സർക്കാരിലേക്കൊടുക്കുന്ന ഫീസാണ് അടിയറവ്, മഹാന്മാരുടെ കാൽക്കൽ സമർപ്പിക്കുന്ന കാഴ്ചദ്രവ്യം അടിയറവും.

അടിയുമായി ബന്ധപ്പെട്ട പല ശൈലികളുമുണ്ട്. അടി ചെയ്യും ഉപകാരം അണ്ണൻ തമ്പി ചെയ്യില്ലാ, അടികൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാർ ഇത്യാദി പ്രയോഗങ്ങളിൽ അടിക്ക് തല്ലെന്ന അർഥമാണ് പ്രകടമാതുന്നത്. അടിമേലടിച്ചാൽ അമ്മിയും തേയും എന്നതിൽ തുടരെ തുടരെ ആപത്തുകൾ നേരിട്ടാൽ എത്ര പ്രബലനും കുഴങ്ങുമെന്നാണ് പൊരുൾ. അടിച്ചുതളിയും അന്തിത്തിരിയും ഉണ്ടായിരിക്കുക എന്നാൽ യഥാകാലം ഓരോന്നുചെയ്യുകയാണ്.

അടിമ ദാസവൃത്തിചെയ്യുന്നവൻ(ൾ) ആണ്. ഇതൊരു പഴയ ഭൂവുടമ സമ്പ്രദായവുമാണ്. പുണ്യാളന്റെ ആത്മീയസംരക്ഷണത്തിൽ കുട്ടിയെ അർപ്പിക്കലാണ് അടിമയിരുത്തൽ. അടിമക്കച്ചവടം കേരളത്തിൽ നിലനിന്നിരുന്നു. അമ്പലത്തിലെ ഊഴിയക്കാർ കൊടുക്കേണ്ട പണമാണ് അടിമക്കാശ്. അടിയാന്മാർക്ക് കരമൊഴികൊടുക്കുന്ന വസ്തുവാണ് അടിജന്മം. അടിമത്തം, അടിയായ്മ ഇതൊക്കെ ദാസ്യമാണ്. കീഴടങ്ങുന്നവൻ ചെയ്യാനുള്ളവേല, വിടുപണിയാണ് അടിമപ്പണി. അടിമയെ വീണ്ടെടുക്കാൻ കൊടുക്കുന്ന പണമാണ് അടിമപ്പണം. അടിമയാചന അടിമകൾക്ക് കരമൊഴികൊടുക്കുന്ന വസ്തുവാണ്. കാണിക്കയും തിരുമുൽക്കാഴ്ചയും അടിമപ്പാടാണ്.

അടിയുടെ വിശേഷങ്ങളിനിയുമുണ്ടെന്നറിയുക. ■



## പുസ്തക പരിചയം

# ജനപക്ഷചുവടുകൾ




പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ സർക്കാർ ഉത്തരവുകളുടെ സമാഹാരമാണ് ജനപക്ഷചുവടുകൾ എന്ന പുസ്തകം. പല സർക്കാർ ഓഫീസുകളിലും സർക്കാരിന്റെ കൃത്യമായ ഉത്തരവോ ഉത്തരവിന്റെ നമ്പരോ ഇല്ലാതെ സർക്കാരിന്റെ ആനുകൂല്യങ്ങൾ സാധാരണക്കാരന് നിഷേധിക്കപ്പെടുന്ന സാഹചര്യത്തിലാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കേണ്ടിവന്നത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹത്തിന് ജനങ്ങളിൽ നിന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് പ്രധാനപ്പെട്ട കുറേ ഉത്തരുവകൾ അടങ്ങിയ ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്.

ആൺമക്കൾ ഉണ്ടെങ്കിലും വാർധക്യകാല പെൻഷൻ, കാർഷിക വായ്പയ്ക്ക് പലിശയിളവ്, കാൻസർ രോഗികൾക്ക് യാത്രാ സൗജന്യം, മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ, പ്രവേശ രജിസ്റ്റർ ഹെഡ്മാസ്റ്റർക്കും തിരുത്താം, കെ.എസ്.ആർ.ടി.സിയിൽ വികലാംഗർക്ക് സ്ഥിരം പാസ് തുടങ്ങി ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ഉത്തരവുകളുടെ സമാഹാരമാണ് ഈ പുസ്തകം.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ ഈ പുസ്തകം സൗജന്യമായാണ് വിതരണം ചെയ്യുന്നത്.

# ഉറൂബ് ഉപന്യാസ മത്സരം

### സ്ത്രീസ്വത്വനിർമിതി ഉറൂബിന്റെ രചനകളിൽ

കേരള സാഹിത്യ അക്കാദമി നവംബർ 14, 15 തീയതികളിൽ വിപുലമായ പരിപാടികളോടെ തൃശൂരിൽവെച്ച് ഉറൂബ് ജന്മശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാർഥികൾക്കായി 'സ്ത്രീസ്വത്വനിർമിതി ഉറൂബിന്റെ രചനകളിൽ' എന്ന വിഷയത്തിൽ ഉപന്യാസമത്സരം നടത്തും. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10,000, 7,000, 5,000 രൂപയുടെ കാഷ് അവാർഡ് നൽകും. കോളേജ് വിദ്യാർഥികൾക്കും ഗവേഷകവിദ്യാർഥികൾക്കും (30 വയസ്സിനു താഴെ) പങ്കെടുക്കാം.

ഫുൾസ്കാപ്പ് പേപ്പറിൽ കയ്യെഴുത്തായോ (10 പേജ്) ഡി.ടി.പി. (ആറ് പേജ്) ചെയ്തോ ഉപന്യാസങ്ങൾ അയയ്ക്കാം. ഉപന്യാസത്തോടൊപ്പം പേരോ തിരിച്ചറിയൽ രേഖകളോ പാടില്ല. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തോടൂകൂടി പൂർണവിലാസവും ഫോൺ നമ്പറും ജീവചരിത്രക്കുറുപ്പും സഹിതം അപേക്ഷിക്കണം.

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680 020 എന്ന വിലാസത്തിൽ നവംബർ അഞ്ചിന് മുമ്പായി ഉപന്യാസങ്ങൾ ലഭിച്ചിരിക്കണം. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: അക്കാദമി ഓഫീസ് 0487 2331069, 9496897692.

ഇ-മെയിൽ keralasahityaakademi@gmail.com

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# കേരളപ്പിറവി ആഘോഷിക്കുമ്പോൾ

**1956** നവംബർ ഒന്നിന് പിറവിയെടുത്ത കേരളത്തിന് 58 വയസ്സായി. നവംബർ ഒന്ന് കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നതിനോടൊപ്പം ഭാഷാദിനമായും ആചരിക്കുന്നുണ്ട്. ലോകമെമ്പാടുമുള്ള മലയാളികൾക്കു മുഴുവൻ അഭിമാനകരമാംവിധം മലയാളഭാഷ ശ്രേഷ്ഠഭാഷാപദവി നേടി. സ്കൂളുകളിൽ മലയാളം നിർബന്ധമാക്കി. സർക്കാരിന്റെ നടപടിക്രമങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദേശം നൽകി. മാതൃഭാഷയെന്ന നിലയിൽ മലയാളത്തിന് ലഭിക്കേണ്ട എല്ലാ പരിഗണനയും സർക്കാർ നൽകുന്നുണ്ട്. ഇതിനായി നിയമനിർമാണത്തിനുവരെ സർക്കാർ തയാറായിരിക്കുകയാണ്.

ഭാഷ നിരന്തരം പരിവർത്തനത്തിന് വിധേയമാകുന്നുണ്ട്. നമ്മുടെ പൂർവികർ ഉപയോഗിച്ച മലയാളമല്ല നാമിന്ന് ഉപയോഗിക്കുന്ന മലയാളം. നവീകരണത്തിലൂടെ സാംസ്കാരികവും സാമൂഹികവുമായ പരിവർത്തനങ്ങൾ ഉൾക്കൊണ്ടാണ് ഭാഷ മുന്നേറുന്നത്. കൊടുക്കൽ വാങ്ങലുകൾക്കും ഭാഷ വിധേയമാകുന്നുണ്ട്. നിരന്തര സമ്പർക്കത്തിലൂടെ ഭാഷയ്ക്ക് കൈവരുന്ന നവീനത, ചൈതന്യവത്തായി നിലനിൽക്കുന്ന എല്ലാ ഭാഷകൾക്കും ബാധകമാണ്.

ലോകത്തിനൊപ്പം സഞ്ചരിക്കാൻ നാമെന്നും ശ്രദ്ധിച്ചിരുന്നു. അച്ചടിയുടെ കണ്ടുപിടുത്തം ഭാഷയ്ക്ക് വലിയ ഊർജമാണ് നൽകിയത്. വ്യത്യസ്ത സാംസ്കാരിക സാമൂഹിക ജീവിതങ്ങളുമായി പരിചയപ്പെടുന്നതിനും ഭാഷയെത്തന്നെ നവീകരിക്കുന്നതിനും അച്ചടി സഹായകമായി. സ്വാതന്ത്ര്യത്തിന് മുമ്പ് ഇവിടെയെത്തിയ വിദേശികൾ നമ്മുടെ ഭാഷയുടെ അടിത്തറ ഒരുക്കുന്നതിന് നിർണായക പങ്കുവഹിച്ചു. ഹെർമൻ ഗുണ്ടർട്ട് സമ്മാനിച്ച നിഘണ്ടു ഭാഷയിലെ വലിയൊരു ഈടുവെപ്പാണ്. അർണോസ് പാതിരിയെയും നമുക്ക് ഈ അവസരത്തിൽ മറക്കാൻ കഴിയില്ല. കേരളത്തിൽ ആദ്യത്തെ പ്രസ് സ്ഥാപിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ നവംബർ 23 ന് വിശുദ്ധനായി പ്രഖ്യാപിക്കുകയാണ് എഴുത്തച്ഛൻ മുതൽ ആധുനിക കാലത്ത് ഭാഷയുടെ വളർച്ചയ്ക്ക് നിരന്തരം പരിശ്രമിക്കുന്ന പുതുതലമുറയുടെ വരെ സംഭാവനകൾ മലയാളം സമ്പന്നമാകുന്നതിൽ നിർണായകമാണ്.

ഇന്റർനെറ്റിന്റെ, പരിധികളില്ലാത്ത ഇന്നത്തെ കാലത്ത് നമ്മുടെ ഭാഷ കൈവരിക്കുന്ന നേട്ടം കണ്ടില്ലെന്നു നടിക്കാനാവില്ല. ലോകമെമ്പാടുമുള്ള മലയാളികൾ മലയാള ഭാഷയ്ക്കുവേണ്ടി നടത്തുന്ന നിരന്തരമായ പരിശ്രമങ്ങൾ ഭാഷയെ  നവീകരിക്കുന്നതോടൊപ്പം പുതിയ സാങ്കേതികതക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഭാഷ അതിന്റെ തനതായ ഊർജം നിലനിർത്തണമെങ്കിൽ നവീനമായ പ്രയോഗരൂപങ്ങളിൽ സജീവത നിലനിർത്തേണ്ടതുണ്ട്. ■